കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2016 ജൂൺ
വില ₹15



# ഇരട്ടി പുണ്യം



## കാരുണ്യയും കാരുണ്യ പ്ലസും

### കാരുണ്യ പ്ലസ്

എല്ലാ വ്യാഴാഴ്ചയും

ഒന്നാം സമ്മാനം **₹1 കോടി**

രണ്ടാം സമ്മാനം **₹15 ലക്ഷം**

മൂന്നാം സമ്മാനം **₹5 ലക്ഷം**

1 ലക്ഷം വീതം 5 പേർക്ക്

ടിക്കറ്റ് വില ₹50

10000, 5000, 1000, 500,100
രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

### കാരുണ്യ

ചികിത്സാ ധനസഹായ പദ്ധതി

കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽ
നിന്നുള്ള ലാഭം വിനിയോഗിക്കുന്നു
ഇതുവരെ ചികിത്സാ സഹായമായി 92458
രോഗികൾക്ക് നൽകിയത് 746.76 കോടി രൂപ

**കാരുണ്യ, കാരുണ്യ പ്ലസ്**
ഭാഗ്യക്കുറികൾ വാങ്ങൂ..
ഭാഗ്യം പരീക്ഷിക്കൂ...

ഇതു നമ്മുടെ
കടമ കൂടിയാണ്

### കാരുണ്യ

എല്ലാ ശനിയാഴ്ചയും

ഒന്നാം സമ്മാനം **1 കോടി**

ടിക്കറ്റ് വില ₹50

രണ്ടാം സമ്മാനം **₹10 ലക്ഷം**

മൂന്നാം സമ്മാനം **₹5 ലക്ഷം**

1 ലക്ഷം വീതം 5 പേർക്ക്

10000, 5000, 1000, 500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

**കേരള സംസ്ഥാന ഭാഗ്യക്കുറി** വിശ്വസ്തം സുതാര്യം ജനകീയം

# തളിര്

പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്കായുള്ള പ്രസിദ്ധീകരണം

**ജൂൺ 2016**
**വില ₹15**
**വാർഷികവരിസംഖ്യ ₹160**

ഉള്ളടക്കം

## കുറുമ്പും കുസൃതിയുമായി നേരിന്റെ വഴിയിൽ

**ജസ്റ്റീസ് കെ ടി തോമസ്**

16



എന്റെ കുട്ടിക്കാലം എന്ന പംക്തിയിൽ ജസ്റ്റീസ് കെ ടി തോമസ് അദ്ദേഹത്തിന്റെ ബാല്യകാലാനുഭവങ്ങൾ ഓർത്തെടുക്കുന്നു.

12

## വേനലവധി

**പി കെ ഗോപി**

കവി പി കെ ഗോപിയുടെ ബാല്യത്തിലെ ഒരു വേനലവധിക്കാലം. അന്നത്തെ വിശേഷങ്ങൾ ഒരു കഥപോലെ വായിക്കാം ഈ ഓർമ്മക്കുറിപ്പിൽ.




## പഠിക്കാൻ പഠിക്കാം

**ബി എസ് വാരിയർ**

6

എത്ര പഠിച്ചിട്ടും തലയിൽ കയറുന്നില്ല. പലരുടെയും പരാതിയാണ്. ഈ ലേഖനം വായിക്കൂ. പഠിക്കാൻ പഠിക്കേണ്ടത് എങ്ങനെ എന്ന് പ്രമുഖ കരിയറിസ്റ്റ് ബി എസ് വാരിയർ പറഞ്ഞുതരും.




**മുൻമൊഴി** ............................4
സുഗതകുമാരി

**മഴക്കാഴ്ചകൾ**.......................15
അരുൺകുമാർ അന്നൂർ

**പത്തിൽ പുതിയ പരീക്ഷാക്രമം**.........................20
എം എസ് ജയ ഐ. എ. എസ്.

**ഇംഗ്ലീഷ് മരുന്ന്**.......................21
മണ്ണടി ഹരി

**കഥയമ്മ**.................................22
അഷിത

**അമ്മ**.................................23
മുഹമ്മ ശശിധരപ്പണിക്കർ

**വാനരന്റെ വാലും കഴുത്തും**...24
എം എൻ കാരശ്ശേരി

**സൈരന്ധ്രിയെ തേടി**..............26
മനോജ് ബാലകൃഷ്ണൻ

**അക്ഷരചിത്രം**.........................29
ഭരണിക്കാവ് കൃഷ്ണൻ

**രാജശാസനങ്ങളിലെ തിരുവിതാംകൂർ**...................30
ഡോ. എം ജി ശശിഭൂഷൺ

**കവിതാപരിചയം**...................33
അക്കിത്തം അച്യുതൻ നമ്പൂതിരി

**ആരോഗ്യം**.............................36
ഡോ. ബി പത്മകുമാർ

**അപ്പൂപ്പൻ**...............................38
കിളിരൂർ രാധാകൃഷ്ണൻ

**കുട്ടികൾക്കുവേണ്ടത് ഗെയിം കളിയല്ല, വായനയാണ്**............40
ഡോ. എം വി തോമസ്

**മഹാഭാരതം**..........................42
സുഗതകുമാരി

**തുലാസും തുലാധരനും**..........47
പായിപ്ര രാധാകൃഷ്ണൻ

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ & ഡയറക്ടർ
**ഡോ. പോൾ മണലിൽ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

കവർ ഫോട്ടോ
**മനോജ് കെ**

ആർട്ട്, ലേ ഔട്ട്
**അരുണ ആലഞ്ചേരി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**

മുൻമൊഴി



ആനയെക്കണ്ട് നോക്കിനിന്നിട്ടില്ലാത്ത കുട്ടികളില്ല. ഏറ്റവും മനോഹരവും ഗംഭീരവുമായ കാഴ്ചയാണത്. പെരുത്ത ഉടലും കനത്ത കാലുകളും വിശറിപോലെ ഇരുവശത്തും വിടർന്നു ചലിച്ചുകൊണ്ടേ ഇരിക്കുന്ന വൻചെവികളും ഏറ്റവും അത്യുത്തമമെന്നു തോന്നത്തക്കവിധത്തിൽ മുമ്പിൽ നീണ്ടുതടിച്ച് അറ്റത്തു രണ്ടു ദ്വാരങ്ങളുമായി എപ്പോഴും എന്തിനെയൊക്കെയോ തൊട്ടു നോക്കാനെന്നവിധത്തിൽ ഇളക്കിക്കൊണ്ടിരിക്കുന്ന സുന്ദരമായ തുമ്പിക്കൈയും സൂക്ഷ്മതയോടെ എല്ലാം നോക്കിക്കാണുന്ന കണ്ണുകളും അറ്റത്തൊരു പിടി കറുത്തരോമവുമായി നീണ്ടുകിടക്കുന്ന വാലും താളത്തിലുള്ള നടത്തയും എല്ലാം ചേർന്ന് ഒരു കൊമ്പനാന ഒരുങ്ങിവന്ന് ദീപമാലകളുടെ നടുവിൽ വാദ്യമേളങ്ങൾക്ക് തലയാട്ടുംപോലെ മെയ്യാകെ ഇരുഭാഗത്തേക്കും ചലിപ്പിച്ച് അങ്ങനെ നിൽക്കുന്ന നിൽപ്പ് എന്തു രസമാണല്ലേ!

പക്ഷേ ഇനി നിങ്ങൾ ഉത്സവം കാണാൻ പോകുമ്പോൾ അച്ഛനോടു പറയണം ആനയുടെ പുറകുവശത്ത് ഒന്നു കൊണ്ടുചെന്നു നിർത്തി കാണിച്ചു തരണമെന്ന്. കൂറ്റൻ ചങ്ങലകളാൽ കെട്ടപ്പെട്ട കാലുകൾ നിങ്ങൾ കാണും. അവയിൽ മിക്കവാറും ഒരു പൂമാലയും ചുറ്റിയിട്ടുണ്ടാവും. പക്ഷേ ഒന്നുകൂടി സൂക്ഷിച്ചു നോക്കുക. വ്രണങ്ങൾ കരിഞ്ഞതിന്റെ വലിയ പാടുകൾ കാണാം. പലപ്പോഴും പഴുത്തു പൊട്ടിയൊലിക്കുന്ന വ്രണങ്ങൾ കാണാം. അവയ്ക്കു മുകളിലൂടെയാണ് ഈ ചങ്ങലക്കെട്ടെന്നു കാണാം. ചങ്ങലക്കെട്ടു മുറുകിയിരിക്കുന്നതെന്നും കാണാം. പിൻകാലുകൾ രണ്ടും ചേർത്താണു കെട്ടിയിരിക്കുന്നത്. അതുപോലെതന്നെ മുൻകാലുകളും.

മെയ്യലങ്കാരങ്ങളിൽ മൂടപ്പെട്ടതിനാൽ ശരീരത്തിലെ മുറിവുകളും വ്രണങ്ങളും അടിപ്പാടുകളും ഒന്നും അങ്ങനെ കാണുകയില്ല. കാണാത്തവിധത്തിൽ അവയ്ക്കു മേൽ കറുത്തചായം തേയ്ക്കാനോ ചെളിവാരിപ്പൂശാനോ കറുത്ത പ്ലാസ്റ്റിക് കഷണങ്ങൾ ഒട്ടിക്കാനോ 'മിടുക്ക'രായ ആനക്കാർക്കറിയാം.

ഒരു ഉത്സവസ്ഥലത്തുനിന്നും മറ്റൊരിടത്തേക്ക് എത്രയോ കിലോമീറ്റർ ആനയെ കൊടുവെയിലിൽ ചുട്ടുപഴുത്ത ടാർ റോഡിലൂടെ നടത്തുകയാണ് പതിവ്. ദൂരം അധികമാണെങ്കിൽ ലോറിയിൽ കയറ്റിക്കൊണ്ടു പോകണമെന്ന് ഇപ്പോൾ ഒരു നിയമമുണ്ട്. പരിചയം പോരാത്ത ആനകൾ ലോറിയിൽ കയറാൻ വിസമ്മതിക്കും. പിന്നെ അടിയാണ്. അടിച്ചും കുത്തിയും വിരട്ടിയും അലറിയും അതിനെ പാപ്പാൻമാർ തള്ളിയുന്തി അകത്തേക്കു കയറ്റും. കനത്ത കയറുകൾ കൊണ്ടുവന്ന് നാലുകാലും ലോറി അഴികളിലേക്ക് മുറുക്കിവരിഞ്ഞു കെട്ടുന്നു. ആനയ്ക്ക് അനങ്ങാനാകില്ല. പുറത്തുവേറെ കെട്ടുകളുണ്ട്. അങ്ങനെ പേടിച്ചരണ്ട് വേദനതിന്ന് കൈകാലുകൾ അനക്കാതെ ഇടയ്ക്കിടയ്ക്ക് നിലവിളിച്ചു നിൽക്കുന്ന ആനയെ പത്തും നൂറും കിലോമീറ്റർ ദൂരം പൊരിവെയിലത്തു തന്നെ യാത്രചെയ്യിച്ച് അടുത്ത ഉത്സവസ്ഥലത്തെത്തിക്കുന്നു. ഒരു ബക്കറ്റ് വെള്ളമോ മറ്റോ കൊടുത്താലായി. പിന്നീട് അടിച്ചിറക്കി ഒറ്റത്തു കൊണ്ടുപോയി തളച്ച് അതിനെ ചമയിച്ചൊരുക്കുന്നു. നാലുകാലുകളിലും ചങ്ങലകൾ, പുറത്ത് ഇടച്ചങ്ങല, വിശാലമായ നെറ്റിയിൽ പൊന്നിൻകുമിളകൾ തിളങ്ങുന്ന കനത്ത നെറ്റിപ്പട്ടം, ദേഹം നിറയെ കുറികൾ, പൂമാലകൾ, കാലിൽ ചങ്ങലക്കെട്ടിനു മുകളിലൂടെ ചിലങ്കകൾ, അപ്പുറവും ഇപ്പുറവും പാപ്പാൻമാർ നിന്ന് അമ്പലത്തിരുനടയിൽ നിർത്തി ദേവ



ഫോട്ടോ: എൻ എ നസീർ

തയുടെ കനത്ത തിടമ്പ് ആനപ്പുറത്തു കയറ്റുന്നു. കൂടെ മൂന്നാലാളുകളും കയറുന്നു. തിടമ്പ് പിടിച്ചിരിക്കാൻ ഒരാൾ, മുത്തുക്കുട പിടിക്കാൻ ഒരാൾ, ആലവട്ടം വീശാൻ രണ്ടു പേർ. ഈ ഭാരമെല്ലാം കൂടി നിങ്ങളൊന്നു കൂട്ടിനോക്കൂ.

ഈ ഭാരമെല്ലാം ചുമന്ന് ഉത്സവം കാണാൻ വന്നുനിൽക്കുന്ന ജനങ്ങൾക്കു നടുവിൽ ആ പാവം ചെന്ന് തലയുയർത്തി നിൽക്കുന്നു. എത്ര ഭാരമാണെങ്കിലും തലതാഴ്ത്താൻ പാടില്ല. നിവർന്നുതന്നെ നിൽക്കണം. ഇല്ലെങ്കിൽ താടിക്ക് കൂർത്ത കോലുകൊണ്ട് കുത്തു കിട്ടും. അങ്ങനെ ഭഗവാനെയും ചുമന്ന് പൊന്നിൻനെറ്റിപ്പട്ടത്തിനു പുറകിലൂടെ കണ്ണുനീരുമൊലിപ്പിച്ചുകൊണ്ട് ദാഹിച്ചും വിശന്നും തളർന്നും പേടിച്ചുപേടിച്ച് സഹ്യന്റെ മകൻ എത്രയോ മണിക്കൂറുകൾ അനങ്ങാതെ നിൽക്കുന്നു. അനങ്ങിപ്പോയാൽ അടിയാണ്. അല്ലെങ്കിൽ കൂർത്ത തോട്ടികൊണ്ടുള്ള കുത്താണ്. കനത്ത കോലുകൊണ്ട് നഖത്തിൽ ആഞ്ഞിടിക്കലാണ്. മനുഷ്യന്റെ കൈയിലുള്ള അതിക്രൂരമായ ദണ്ഡനായുധങ്ങളെപ്പറ്റി ആനയ്ക്കറിയാം. പേടി പേടി പേടി... എന്നു മാത്രമാണ് അതിന്റെ മനസ്സിലുള്ള ഒരേയൊരു വികാരം. അത്രയധികം ദണ്ഡനം അതു സഹിച്ചു കഴിഞ്ഞിരിക്കുന്നു.

ആന വെറും ഒരു കാട്ടുമൃഗമാണ്. അതിനേറ്റവും ഭയം ശബ്ദവും വെളിച്ചവുമാണ്. ഉത്സവസ്ഥലത്തെ കണ്ണഞ്ചിപ്പിക്കുന്ന വെളിച്ചപ്രളയവും തൊട്ടുമുന്നിൽത്തന്നെ ഉയർത്തിപ്പിടിച്ചിരിക്കുന്ന നിരവധി തീവെട്ടികളും ചെകിടടപ്പിക്കുന്ന വെടിക്കെട്ടുകളും വാദ്യഘോഷങ്ങളും ജനക്കൂട്ടത്തിന്റെ ആർപ്പുവിളികളും എല്ലാം അനങ്ങാതെ മിണ്ടാതെ സഹിച്ചുസഹിച്ച് അത് ഒരേ നില നിൽക്കുന്നു. ചിലപ്പോൾ വേദനയും ദാഹവും പേടിയും തീരെ പൊറുക്കാതാവുമ്പോൾ അതിനു ഭ്രാന്തുപിടിക്കും. സ്വപ്നത്തിലെന്നപോലെ ഓർമിക്കുന്ന ദൂരെയുള്ള കാട്ടിലേക്ക് ഓടിരക്ഷപ്പെടണമെന്ന് തോന്നിപ്പോകും. പിന്നെ ഒരു ഞെരിക്കലാണ്. പൊട്ടിക്കലാണ്. അടിയും കുത്തും ഒന്നും ശ്രദ്ധിക്കാതെ തിടമ്പും നെറ്റിപ്പട്ടവും എല്ലാം ചുമന്നുകൊണ്ട് അവൻ ഓടിമറയാൻ ശ്രമിക്കുന്നു. ആ ഓട്ടത്തിൽ ആരുടെയൊക്കെയോ ശരീരങ്ങൾ പിളർന്നുവീഴുന്നു. തലകൾ ചതഞ്ഞുടയുന്നു. ചുറ്റും നിലവിളികൾ ഉയരുന്നു. മനുഷ്യരെ കൊല്ലുന്നത് കുറ്റമാണെന്ന് ആനയ്ക്കറിഞ്ഞുകൂടല്ലോ. അത് ആരെയും കൊല്ലാനല്ല, ഓടി രക്ഷപ്പെടാനാണു ശ്രമിക്കുന്നത്. പക്ഷേ, വീണ്ടും വടമിട്ടു മുറുക്കി വൻ മരത്തിലെങ്ങാനും ചേർത്തുകെട്ടൽ, അതിഭീകരമായ ദണ്ഡനം, കണ്ണ് അടിച്ചുപൊട്ടിക്കൽ, വീണ്ടും മഹാനരകത്തിലേക്ക്. നമ്മൾ മാറിനിന്നു പറയുന്നു. 'ദുഷ്ടൻ, കൊലയാളി ആനയെ വല്ല വിധേനയും തളച്ചു.' പക്ഷേ ആനഭാഷയിൽ ആ പാവം എന്തായിരിക്കും നമ്മെപ്പറ്റി വിചാരിക്കുക.

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, കഴിഞ്ഞലക്കത്തിൽ നാം പൂരത്തെപ്പറ്റിയെഴുതി. ഇത്തവണ നാട്ടാനകളുടെ നീറുന്ന ദൃശ്യങ്ങൾ നിങ്ങളുടെ ഇളംകണ്ണുകൾക്കു മുന്നിൽ ഞാൻ വിടർത്തി വയ്ക്കുകയാണ്. തളിരുവായനക്കാരോട് എനിക്ക് ഒരപേക്ഷയുണ്ട്. നിങ്ങളോരോരുത്തരും നാരായണഗുരുദേവൻ പറഞ്ഞതുപോലെ 'ഇനിമേലിൽ ഉത്സവങ്ങൾക്ക് കരിയും കരിമരുന്നും വേണ്ട എന്ന് ഞങ്ങൾ കേരളത്തിലെ കുട്ടികൾ ആവശ്യപ്പെടുന്നു' എന്നെഴുതി സ്കൂളിൽനിന്ന് അധ്യാപകരുടെ അനുമതിയോടെ കിട്ടാവുന്നിടത്തോളം ഒപ്പുകൾ ശേഖരിച്ച് കേരളത്തിലെ പുതിയ മുഖ്യമന്ത്രിക്ക് ഓരോ സ്കൂളിൽ നിന്നും നൂറു കത്തുകളെങ്കിലും അയച്ചു കൊടുക്കുക. നാടുവാഴുന്നവർ മക്കൾ വിളിച്ചു പറയുമ്പോഴെങ്കിലും കണ്ണുതുറക്കട്ടെ...

സ്നേഹപൂർവം,
**സുഗതകുമാരി**

# പഠിക്കാൻ പഠിക്കാം

ബി എസ് വാരിയർ

*ഒന്ന്*

## വേഗം തുടങ്ങുക

ഏതു കാര്യമായാലും തുടങ്ങാൻ തീരുമാനിച്ചാൽ കഴിവതും വേഗം തുടങ്ങുന്നതാണു സൗകര്യം. പക്ഷേ നമ്മിൽ മിക്കവരും 'പിന്നെയാകട്ടെ' എന്നു വിചാരിക്കുന്നു. 'പിന്നെയാകട്ടെ' എന്ന തെരുവിലൂടെ പോയാൽ 'ഒരിക്കലുമില്ല' എന്ന ഗ്രാമത്തിലാണ് എത്തുകയെന്നാണ് ഇംഗ്ലീഷ്മൊഴി.

പലപ്പോഴും മടി കാരണമാകാം നാം തുടക്കം മാറ്റിവയ്ക്കുന്നത്. നമ്മുടെ വൻ ശത്രു നമ്മിൽത്തന്നെയാണ്. അതു മടിയാണു താനും. ഈ ശത്രുവിനു കീഴടങ്ങാതെ ഉന്മേഷവും ഉത്സാഹവും നിലനിർത്തി പ്രയത്നിക്കുന്നവർ ജീവിതത്തിൽ വിജയിക്കുന്നു. ഇപ്പറഞ്ഞതു പഠനത്തിന്റെ കാര്യത്തിലും ശരിയാണ്.

ചിലരുടെ പ്രശ്നം 'സ്റ്റാർട്ടിങ് ട്രബിൾ' ആണ്. തുടങ്ങിക്കഴിഞ്ഞാൽ കുതിച്ചുമുന്നേറുമെന്നു പറയും. അവർക്കു പ്രയോജനകരം 'വേഗം തുടങ്ങുക' എന്ന മന്ത്രമാണ്. ഒരു കാര്യവും നാളത്തേക്ക് മാറ്റിവയ്ക്കാത്തയാൾ ഏറെക്കാര്യങ്ങൾ ചെയ്തുതീർക്കും.

എളുപ്പമുള്ളതും സുഖം പകരുന്നതുമായ കാര്യങ്ങളാണെങ്കിൽ ഒരു താമസവുമില്ലാതെ തുടങ്ങും. അതു കൊണ്ടായില്ല. ക്ലേശകരമായ ജോലികളും കഴിവതും വേഗം തുടങ്ങിയേക്കുക. ഭാരിച്ച കൃത്യങ്ങൾ കഷണങ്ങളായി നുറുക്കി, ആദ്യകഷണത്തിൽ തുടങ്ങുക എന്നു മാർക്ക് ടെയിൻ നിർദ്ദേശിച്ചിട്ടുണ്ട്. തുടങ്ങിയാൽപ്പിന്നെ ഒഴികഴിവു പറയാതെ ശ്രദ്ധയോടെ പ്രവർത്തിക്കുകയുമാകാം.

### അറിവു സുഖമാണ്

അറിവു ശക്തിയാണെന്നു നിങ്ങൾ കേട്ടിരിക്കും. പക്ഷേ അറിവു സുഖവുമാണ്. ഇത് അറിവിന്റെ യുഗമാകയാൽ കൂടുതൽ അറിവുള്ളവർക്കു ജയിക്കാൻ സൗകര്യം കൂടും. സ്വന്തം പ്രവർത്തനമേഖലയിൽ മികച്ച അറിവും മറ്റു മേഖലകളിൽ സാധാരണ അറിവും നമുക്കു തുണയായി വരും.

ചിലർ പുതിയ അറിവുകൾക്കു നേരെ മനസ്സിന്റെ വാതിൽ അടച്ചുവയ്ക്കുന്നു. പുതിയ അറിവുകളെ കഴിയുന്നതും ഒഴിവാക്കി അവയിൽ നിന്ന് ഓടി രക്ഷപ്പെടാനുള്ള പ്രവണത കാട്ടുന്നു. മറ്റു ചിലരാകട്ടെ പുതിയ അറിവുകളെപ്പറ്റിയുള്ള സൂചന കിട്ടുമ്പോൾ അവയെക്കുറിച്ച് കൂടുതലറിയാൻ ശ്രമിക്കുന്നു.



വര: ജയേഷ് ശിവൻ

**എത്ര പഠിച്ചിട്ടും തലയിൽ കയറുന്നില്ല. പലരുടെയും പരാതിയാണ്. ആദ്യം പഠിക്കാൻ പഠിക്കുക. ലക്ഷ്യബോധം, ചിട്ടയായ പഠനം, പുതിയ കാര്യങ്ങൾ അറിയാനുള്ള ഉത്സാഹം, വെല്ലുവിളികളെ അതിജീവിക്കാനുള്ള കഴിവ് ഇവയൊക്കെ വിജയത്തിന്റെ പടവുകൾ കയറാൻ സഹായിക്കും. ഇവ സ്വായത്തമാക്കിയാൽ പഠനം ആസ്വാദ്യകരമാക്കാം. ജീവിതം മധുരതരമാക്കാം.**

ഇവരെ യഥാക്രമം പുള്ളിമാനോടും കടുവയോടും ഉപമിക്കാം. കാട്ടിൽ നിൽക്കുന്ന മാൻ ഇലച്ചാർത്തിൽ ചെറിയൊരു അനക്കം കേട്ടാൽ ഹിംസ്രമൃഗമാണെങ്കിലോ യെന്നു ഭയന്ന് ഉടൻ ഓടി രക്ഷപ്പെടാൻ നോക്കും. പക്ഷേ കടുവ മറിച്ചാണ്. അനക്കം കേട്ടാൽ അങ്ങോട്ടു ചെന്ന് നന്നായി പരിശോധിക്കും, തനിക്കു ഭക്ഷണത്തിന് ഉതകുന്ന വല്ല മൃഗവും അവിടെയുണ്ടോയെന്ന്. ഇക്കാര്യത്തിൽ നമുക്കു സ്വീകരിക്കാവുന്നത് കടുവയുടെ സമീപനമാണ്.


പഴയ അറിവു മാത്രം മതിയെന്നു കരുതുന്നവർ കെട്ടിയിട്ട വഞ്ചിയിലാണ് ഇരിക്കുന്നത്. എത്ര തുഴഞ്ഞാലും ഒരടിപോലും മുന്നോട്ടു പോകുകയില്ല. ബുദ്ധിമുട്ടുള്ള ലക്ഷ്യം മുന്നിൽക്കണ്ടു തുഴയുന്നവർക്കാണ് പിൽക്കാലത്ത് വിജയത്തിന്റെ മധുരം ആസ്വദിക്കാൻ കഴിയുക.

കുറെയൊക്കെ ശ്രമിച്ചു കഴിയുമ്പോൾ വിജയം കൈവരുന്നില്ലെങ്കിൽ നമ്മിൽ പലരും ശ്രമം ഉപേക്ഷിച്ചു കളയും. പിടിവിട്ടു പോരാതിരിക്കാം. ക്ഷമയോടെ മുന്നേറുന്നവർ മികച്ച സ്ഥാനങ്ങളിലെത്തും. 'പയ്യെത്തിന്നാൽ പനയും തിന്നാം' എന്ന മൊഴിയും ഇതോടൊപ്പം ഓർക്കാം.

*രണ്ട്*

## വെല്ലുവിളികളെ ഭയപ്പെടരുത്

ഐ എ എസ് നേടാനുള്ള പരീക്ഷയ്ക്ക് കൊടിയ മത്സരമുണ്ട്. അതിനു തയ്യാറെടുക്കാനുറച്ച യുവാവിനോടു സുഹൃത്തുക്കൾ: 'താൻ എന്തിനാണ് ഇതിനുവേണ്ടി ശ്രമിച്ച് ജീവിതം തുലയ്ക്കുന്നത്? ഒരു ശതമാനത്തിന്റെ അഞ്ചിലൊന്നുപേർ പോലും വിജയിക്കാത്ത അതികഠിന



മായ പരീക്ഷയാണിത്. നിങ്ങൾ പരാജയപ്പെടുമെന്ന് തീർച്ച. ഇതിലും ഭേദം ലോട്ടറിട്ടിക്കറ്റെടുത്തു ഭാഗ്യം പരീക്ഷിക്കുന്നതാണ്.'

പക്ഷേ നമ്മുടെ യുവാവ് ആ ഉപദേശം കേട്ടില്ല. 'വിജയിക്കുന്നതും എന്നെപ്പോലെയുള്ള മനുഷ്യർ തന്നെയാണല്ലോ. അവർക്കുള്ള തലച്ചോറും ഹൃദയവും യുക്തിയും എല്ലാം എനിക്കുമുണ്ട്. വിദഗ്ധരുടെ ഉപദേശം സ്വീകരിച്ച് ചിട്ടയൊപ്പിച്ച് ഞാൻ നന്നായി പഠിക്കും. തോറ്റുപോയാലും അത് അന്തിമപരാജയമല്ല. ഈ തയ്യാറെടുപ്പുവഴി പല കഴിവുകളും ഞാൻ നേടും. മറ്റു മത്സരങ്ങളിലെങ്കിലും അവ എന്നെ സഹായിക്കും.' ഇങ്ങനെ ചിന്തിച്ചു മുന്നേറിയ യുവാവ് വിജയം വരിച്ചു.


ഇതാണ് വിജയികളുടെ സമീപനം. ഇടയ്ക്ക് തിരിച്ചടികൾ വന്നേക്കാം. കുത്തനെയുള്ള കയറ്റം കയറേണ്ടപ്പോൾ ഗിയർ താഴ്ത്തി ഗതിവേഗം കുറയ്ക്കേണ്ടതായും വരാം. പക്ഷേ പിടിവിടാതെ മുന്നോട്ടു പോകണം.

ഇടയ്ക്കു തിരിച്ചടി വന്നാൽ പതറരുത്. മഹാവിജയങ്ങൾ നേടിയവരെല്ലാം തിരിച്ചടികളെ അതിജീവിച്ചവരാണ്. കപ്പലുകൾ ഏറ്റവും സുരക്ഷിതമായിരിക്കുന്നത് തുറമുഖത്തു കിടക്കുമ്പോഴത്രേ! പക്ഷേ അവ അവിടെ കിടക്കാനുള്ളതല്ല. കോളും കൊടുങ്കാറ്റും ക്ഷോഭവും അപായസാധ്യതകളും നിറഞ്ഞ സമുദ്രങ്ങളിലൂടെ സുരക്ഷിതമായി സഞ്ചരിക്കുന്നവയാണ് ഏറ്റവും മികച്ച കപ്പലുകൾ.

നമുക്കൊരു സ്വപ്നം വേണം. നല്ലൊരു സ്വപ്നം. സ്വപ്നങ്ങളില്ലാത്തവർക്ക് ഒന്നും നേടാനാവില്ല. സ്വതന്ത്രഭാരതമെന്ന സ്വപ്നമില്ലായിരുന്നെങ്കിൽ ഇവിടെ ഐതിഹാസികമായ സ്വാതന്ത്ര്യസമരമുണ്ടാകുമായിരുന്നോ? നാം സ്വാതന്ത്ര്യം നേടുമായിരുന്നോ? രാജ്യത്തിനെന്നപോലെ വ്യക്തിക്കും വേണം സ്വപ്നം.

മൂന്നുകൊല്ലം/അഞ്ചുകൊല്ലം/പത്തുകൊല്ലം കഴിയുമ്പോൾ ഞാൻ എവിടെയായിരിക്കണമെന്ന സ്വപ്നം മനസ്സിലുണ്ടെങ്കിൽ പ്രയത്നങ്ങൾക്ക് ദിശാബോധം സ്വയം ഉണ്ടാവും. എന്താണ് ചെയ്യാൻ പോകുന്നതെന്നതിനെപ്പറ്റി എപ്പോഴും വ്യക്തമായ ധാരണ നിലനിർത്താം. പോരായ്മകൾ വന്നാൽ തിരുത്തി പരിശ്രമിക്കാം.

ഫുട്ബോൾ കളിയിലെ ഗോളി ഇങ്ങേയറ്റത്തുനിന്ന് അടുത്തുള്ള ബാക്കിന് പന്തു കൊടുക്കുമ്പോഴും ലക്ഷ്യം അങ്ങകലെ എതിരാളിയുടെ ഗോൾമുഖമായിരിക്കും. ആ വലയത്തിലൂടെ പന്ത് കടത്തിയെടുക്കുകയെന്നതാണ് പതിനൊന്നുകളിക്കാരുടെയും ലക്ഷ്യം. ഗോൾ പോസ്റ്റില്ലാതെ ഫുട്ബോൾ കളിച്ചാൽ എങ്ങനെയിരിക്കും? എത്ര ദൂരത്തിലേക്കോ ഉയരത്തിലേക്കോ പന്തടിച്ചു വിടുന്നതും അടുത്തുള്ളവർക്കു അളന്നു കുറിച്ച പാസ് നൽകുന്നതുമെല്ലാം തീർത്തും നിഷ്പ്രയോജനം. ലക്ഷ്യം ഏറെ പ്രധാനം.




## *മൂന്ന്* നന്നായി പഠിക്കാൻ ചില നല്ല ശീലങ്ങൾ

**ഏകാഗ്രത:** ഏതുകാര്യം ചെയ്യുമ്പോഴും ഏകാഗ്രത പുലർത്തി, കാര്യക്ഷമത ഉയർത്താം. ചെയ്യുന്ന കാര്യത്തിൽ പരമാവധി ശ്രദ്ധിക്കുന്നതു ശീലമാക്കാം.

ഏതെങ്കിലും വാക്കിന്റെ അർത്ഥം അറിയാതെവന്നാൽ അത് ആരോടെങ്കിലും ചോദിക്കുകയല്ല വേണ്ടത്. നിഘണ്ടുനോക്കി വാക്കിന്റെ ശരിയായ ഉച്ചാരണവും നാനാർത്ഥങ്ങളും പ്രയോഗങ്ങളും മനസ്സിലാക്കുക. പ്രയോഗം മനസ്സിലാക്കാൻ ഏതെങ്കിലും 'ലേണേഴ്സ് ഡിക്ഷ്ണറി' ഉപയോഗിക്കണം. ഇത് സാധാരണ ഡിക്ഷ്ണറികളിൽ നിന്നു വ്യത്യസ്തമാണ്. ഓരോ വാക്കും ഭിന്നാർത്ഥങ്ങളിൽ ഉപയോഗിച്ച മാതൃകാവാക്യങ്ങൾ ഇതിലുണ്ട്.

**പഠനത്തിനുള്ള കരുക്കൾ**: പഠനത്തിന്റെ ലക്ഷ്യം അറിവു വർദ്ധിപ്പിക്കുകയാണെന്നതു ശരി. പക്ഷേ പരീക്ഷയ്ക്കു കഴിയുന്നത്ര ഉയർന്ന മാർക്കു വാങ്ങുന്നതും പ്രധാനം തന്നെ. ക്ലാസിൽ പോകുന്നതിനു മുമ്പു പാഠങ്ങൾ മുൻകൂട്ടി നോക്കിയിട്ടു പോയാൽ ക്ലാസുമുറിയിലെ അധ്യാപനം കഴിയുന്നതോടെ അവ മനസ്സിലുറയ്ക്കും. ആവശ്യമെങ്കിൽ അധ്യാപകരോടു ചോദിച്ചു സംശയപരിഹാരം വരുത്തുകയുമാവാം. പരീക്ഷയെ ലക്ഷ്യമാക്കി പഠിക്കാൻ സുപ്രധാനമായ ചില കരുക്കളുണ്ട്. പാഠപുസ്തകങ്ങൾ, മുൻപരീക്ഷകളിലെ ചോദ്യക്കടലാസുകൾ ഇവ ശേഖരിക്കണം.

**ടൈംടേബിൾ**: സ്വയം പഠനത്തിന് പ്രവൃത്തിദിവസത്തിനും അവധിദിവസത്തിനും വെവ്വേറെ ടൈംടേബിൾ ഉണ്ടാക്കി നടപ്പാക്കുക.

**കാര്യക്ഷമത**: കൂടുതൽ നേരം പഠിക്കുന്നതുകൊണ്ട് പഠനം മെച്ചമാകണമെന്നില്ല. എങ്ങനെ പഠിക്കുന്നുവെന്നത് ഏറെ പ്രധാനം. നല്ല പഠനശീലങ്ങൾ പാലിച്ചാൽ കുറഞ്ഞ നേരം കൊണ്ട് കൂടുതൽ കാര്യങ്ങൾ പഠിക്കാം.

**ഡിക്ഷ്ണറി ശീലം**: ഏതെങ്കിലും വാക്കിന്റെ അർത്ഥം അറിയാതെവന്നാൽ അത് ആരോടെങ്കിലും ചോദിക്കുകയല്ല വേണ്ടത്. നിഘണ്ടുനോക്കി വാക്കിന്റെ ശരിയായ ഉച്ചാരണവും നാനാർത്ഥങ്ങളും പ്രയോഗങ്ങളും മനസ്സിലാക്കുക. പ്രയോഗം മനസ്സിലാക്കാൻ ഏതെങ്കിലും 'ലേണേഴ്സ് ഡിക്ഷ്ണറി' ഉപയോഗിക്കണം. (ഉദാ. Oxford Advanced Learner's Dictionary). ഇത് സാധാരണ ഡിക്ഷ്ണറികളിൽ നിന്നു വ്യത്യസ്തമാണ്. ഓരോ വാക്കും ഭിന്നാർത്ഥങ്ങളിൽ ഉപയോഗിച്ച മാതൃകാവാക്യങ്ങൾ ഇതിലുണ്ട്. ചില വാക്കുകൾ കേൾക്കുമ്പോൾ തോന്നും അതിന്റെ അർത്ഥം നമുക്കു നല്ലവണ്ണം അറിയാമെന്ന്. പക്ഷേ നമ്മുടെ അറിവിലുള്ളത് അതിന്റെ ഒന്നോ രണ്ടോ അർത്ഥം മാത്രമായിരിക്കാം. ഉദാഹരണത്തിന് Set എന്ന വാക്ക് വ്യത്യസ്തമായ എത്ര അർത്ഥങ്ങളിൽ പ്രയോഗിക്കാമെന്ന് എഴുതിനോക്കൂ. അതിനുശേഷം താഴെക്കാണുന്ന വാക്യങ്ങളിലൂടെ കണ്ണോടിക്കുക

Bachan was on the set till midnight.

Columbus set out on his second voyage.

Do not try to set up roadblocks.

He tries to set the Thames on fire.

Her sweet smile sets her apart from other kids.

I have to learn the set theory in Mathematics.

John set the chair in this position.

Who set this question paper?

വേറെ ധാരാളം വാക്യങ്ങൾ ഇതുപോലെ ഇനിയും എഴുതാം. ഈ രീതികളിലെല്ലാം set എന്ന വാക്ക് പ്രയോഗിക്കണമെങ്കിൽ ഓരോ പ്രയോഗരീതിയും സ്വായത്തമാക്കേണ്ടതുണ്ട്. ലേണേഴ്സ് ഡിക്ഷ്ണറിയിലെ മാതൃകാവാക്യങ്ങൾ ഇക്കാര്യത്തിൽ സഹായിക്കും.

## *നാല്*
## പഠനം രസകരമാണ്

പഠിച്ചു മിടുക്കരായി ജീവിതത്തിൽ വിജയിക്കണമെന്ന ആഗ്രഹം നമുക്കെല്ലാവർക്കുമുണ്ട്. പക്ഷേ പഠിച്ചു മിടുക്കു തെളിയിക്കാൻ കഴിയുമോയെന്ന സംശയമുള്ളവരാണ് പലരും. തീർച്ചയായും കഴിയും. പഠനം പ്രയാസമല്ല. രസകരമാണെന്നു ചിന്തിക്കുക. അങ്ങനെയായാൽ പഠനം ആഹ്ലാദകരമായ അനുഭവമായി മാറും. ഭാരമായി തോന്നുകയേയില്ല.

### കാണാതെ പഠിക്കണോ?

തീരെ താണ ക്ലാസുകളിലെ പാഠങ്ങൾ മുഴുവൻ കാണാപ്പാഠമാക്കാൻ കഴിഞ്ഞേക്കാം. പക്ഷേ ഉയർന്ന ക്ലാസുകളിലെത്തുമ്പോൾ ഇത് അസാധ്യമായിത്തീരും. സിലബസ് വിപുലവും പാഠപുസ്തകങ്ങൾ ബൃഹത്തും ആകും. ഏതെങ്കിലും പാഠഭാഗങ്ങൾ കാണാപ്പാഠം പഠിക്കാൻ

**വിഷയം ഏതായാലും പാഠത്തിന്റെ പൊരുൾ ഉൾക്കൊള്ളാൻ നമുക്കു കഴിയണം. ഇങ്ങനെ കഴിയാത്ത പഠനം പഠനമേയല്ല. ഇതൊക്കെയാണെങ്കിലും ചിലതെല്ലാം നാം കാണാതെ പഠിക്കുന്നതു നന്നായിരിക്കും. മനോഹരമായ കാവ്യഭാഗങ്ങൾ. അർത്ഥസമ്പുഷ്ടമായ മഹത്വചനങ്ങൾ (ക്വൊട്ടേഷൻസ്), പഴമൊഴികൾ, മികച്ച ആശയം കൊണ്ടോ വാക്കുകളുടെ സൗന്ദര്യം കൊണ്ടോ മനോഹരമായ ഗദ്യരചനകൾ, ശാസ്ത്രവിഷയങ്ങളിലെ നിർവചനങ്ങൾ (ഡെഫനിഷൻസ്) എന്നിവ കാണാതെ പഠിക്കുന്നത് പ്രയോജനകരമാണ്.**

വേണ്ട നേരംകൊണ്ട് കൂടുതൽ പാഠങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും പഠിച്ചുതീർക്കാൻ കഴിയും. ആ വഴിക്കാണ് നാം ചിന്തിക്കേണ്ടത്. പക്ഷേ പ്രധാനപ്പെട്ട ഒരു കാര്യം മനസ്സിൽ വേണം. ആശയങ്ങൾ സ്വന്തം വാക്യങ്ങളിൽ എഴുതി ബോധ്യപ്പെടുത്താൻ നമുക്കു കഴിയുമെന്ന കാര്യം. സംശയമുണ്ടെങ്കിൽ എഴുതി നോക്കുകയും വേണം.

വിഷയം ഏതായാലും പാഠത്തിന്റെ പൊരുൾ ഉൾക്കൊള്ളാൻ നമുക്കു കഴിയണം. ഇങ്ങനെ കഴിയാത്ത പഠനം പഠനമേയല്ല.

ഇതൊക്കെയാണെങ്കിലും ചിലതെല്ലാം നാം കാണാതെ പഠിക്കേണ്ടതുണ്ട്. മനോഹരമായ കാവ്യഭാഗങ്ങൾ. അർത്ഥസമ്പുഷ്ടമായ മഹത്വചനങ്ങൾ (ക്വൊട്ടേഷൻസ്), പഴമൊഴികൾ, മികച്ച ആശയം കൊണ്ടോ വാക്കുകളുടെ സൗന്ദര്യം കൊണ്ടോ മനോഹരമായ ഗദ്യരചനകൾ, ശാസ്ത്രവിഷയങ്ങളിലെ നിർവചനങ്ങൾ (ഡെഫനിഷൻസ്) എന്നിവ കാണാതെ പഠിക്കുന്നത് പ്രയോജനകരമാണ്. മഹാന്മാരുടെ വാക്യങ്ങൾ ഉദ്ധരിക്കുമ്പോൾ ഒരു വാക്കു പോലും മാറ്റാൻ നമുക്ക് അവകാശമില്ല. ഉദാഹരണത്തിന് Brevity is the soul of wit എന്ന ഷേക്സ്പിയർ വചനം Conciseness is the soul of wit എന്നു മാറ്റിക്കൂടാ.

ഏറ്റവും കുറഞ്ഞ വാക്കുകളിൽ ഏറ്റവും കൂടുതൽ ആശയങ്ങൾ കിറുകൃത്യമായി ആറ്റിക്കുറുക്കിയുള്ള നിർവചനങ്ങൾക്കു പകരം മറ്റൊന്നു വേഗം എഴുതിയുണ്ടാക്കുക ആർക്കും എളുപ്പമല്ല. അവയും മനഃപാഠമാക്കേണ്ടിവരും.





## *അഞ്ച്*
## പഠനം– തെറ്റും ശരിയും

നന്നായി പഠിക്കാൻ ഒരൊറ്റ രീതിയേയുള്ളു എന്നു വിചാരിക്കണ്ട. എന്നു തന്നെയുമല്ല പഠനത്തിൽ പലതരം പ്രവർത്തനങ്ങൾ അടങ്ങുന്നുമുണ്ട്. പലതും പലരും പലതര




ത്തിൽ ചെയ്തുവരുന്നു. ഏതാണ് ഏറ്റവും ശരിയായ രീതി? ഏതെല്ലാം രീതികൾ നാം ഉപേക്ഷിക്കണം?

1. എ) ഉപന്യാസം (എസ്സേ) പഠിക്കാൻ ഒരാൾ അതു പതിനഞ്ചോ ഇരുപതോ തവണ വായിച്ച് മനഃപാഠമാക്കാൻ ശ്രമിക്കുന്നു. (തെറ്റ്)

ബി) ഏകാഗ്രതയോടെ ഏറെ ശ്രദ്ധിച്ച് ഉപന്യാസം വായിച്ച്, അതിലെ പോയിന്റുകൾ കുറിച്ചുവയ്ക്കുന്നു. അവയിൽ നോക്കി ഉപന്യാസത്തിന്റെ ഉള്ളടക്കം മുഴുവൻ ഓർമിക്കാൻ ശ്രമിക്കുന്നു. ആവശ്യമെങ്കിൽ ഒരിക്കൽ കൂടി നോക്കി സംശയങ്ങൾ തീർക്കുന്നു. പോയിന്റുകൾ പെട്ടെന്ന് ഓർമയിലെത്താൻ VIBGYOR പോലുള്ള സൂത്രങ്ങൾ സ്വയം ഉണ്ടാക്കി പഠിക്കുന്നു. (ശരി)

2. എ) കട്ടിലിൽ മലർന്നുകിടന്ന് കണക്കു വായിച്ചു പഠിക്കുന്നു. (തെറ്റ്)

ബി) പഠനത്തിന്റെ ഭാഗമായി കണക്കുകൾ ഓരോന്നും തനിയെ ചെയ്തു നോക്കുന്നു. തടസ്സം വരുമ്പോൾ പുസ്തകത്തിലേക്കു മടങ്ങി സംശയനിവൃത്തി വരുത്തി തുടർന്ന് തനിയെ ഗണനക്രിയ പൂർത്തിയാക്കുന്നു. പിന്നീട് പുസ്തകത്തിൽ തീരെ നോക്കാതെ സ്വന്തമായി അതേ കണക്കു ചെയ്യുന്നു. (ശരി)

3 എ) സയൻസ് ടെക്സ്റ്റ് ബുക്കുകളിലെ ചിത്രങ്ങൾ കുറെ നേരം ശ്രദ്ധിച്ചു നോക്കിയിട്ട്, പിന്നീട് ചിത്രം ഓർമയിൽ നിന്ന് വരച്ചുകളയാമെന്നു വിചാരിക്കുന്നു. (തെറ്റ്)

ബി) ചിത്രങ്ങൾ തനിയെ വരച്ചുനോക്കുന്നു. സംശയം വരുമ്പോൾ പുസ്തകം നോക്കി, സംശയം പരിഹരിക്കുന്നു. ഇതു രണ്ടുമൂന്നു പ്രാവശ്യം ആവർത്തിക്കുന്നു. (ശരി)

ഇപ്പറഞ്ഞ മൂന്നു കാര്യങ്ങളും ഫലപ്രദമായ പഠനശൈലികളെ സൂചിപ്പിക്കുന്നു. ഇവയിലൊന്നും ശ്രദ്ധിക്കാതെ, അലസമായി ഏറെനേരം പുസ്തകത്തിൽ നോക്കി പഠിക്കുകയാണെന്ന് സങ്കൽപ്പിച്ചിരുന്നാൽ സമയം പാഴാക്കുകയാവും നാം ചെയ്യുക. പരീക്ഷയിൽ ചോദ്യങ്ങൾക്ക് ഉത്തരമെഴുതാനോ, കണക്കു തനിയെ ചെയ്യാനോ ചിത്രം തനിയെ വരയ്ക്കാനോ നമുക്കു കഴിയാതെ വരും.

നല്ല പഠനശീലങ്ങൾ സ്വായത്തമാക്കാൻ ചെലവാക്കുന്ന സമയം നഷ്ടമല്ല. എത്രയോ തവണ, നേരം ലാഭിക്കാനും സമർത്ഥമായി പഠിക്കാനും ഈ ശ്രമം നമുക്കു തുണയായിവരും. പഠനം ആഹ്ലാദകരമാണെന്നു വിചാരിക്കുക. നിവർന്നിരുന്ന് ഉത്സാഹത്തോടെ വേണം വായിക്കാൻ. മടി പിടിച്ചു കിടന്നു വായിച്ചാൽ പഠനക്ഷമത മോശമാകും.

അച്ഛനമ്മമാരും അധ്യാപകരും പഠിക്കാൻ പ്രേരണയും പ്രോത്സാഹനവും നൽകും. പക്ഷേ ഏറ്റവും പ്രധാനം നന്നായി പഠിച്ചു മുന്നേറണമെന്നു കുട്ടിക്കു തന്നെ തോന്നുന്നതാണ്. സ്വയം പ്രോത്സാഹനമില്ലെങ്കിൽ പഠനപുരോഗതി ശരിയായി വരില്ല. ടാങ്കിൽ പെട്രോളും ടയറിൽ കാറ്റും കുറ്റമറ്റ എൻജിനും എല്ലാമുണ്ടെങ്കിലും വണ്ടി ഓടിത്തുടങ്ങണമെങ്കിൽ 'ഇഗ്നീഷൻ കീ' കൂടിയേ തീരൂ. അതുപോലെയാണ് സ്വയം പ്രോത്സാഹനത്തിന്റെ കാര്യവും.

# വേനലവധി
# വെറ്റില.... ഉത്തമനാശാരി...
# പുത്തൻ കടലാസിന്റെ സുഗന്ധം...

**പി കെ ഗോപി**

വേനലവധി! ആകാശവും ഭൂമിയും ആവേശത്തോടെ വിളിക്കുന്നു:

''വരുക.... ഇഷ്ടംപോലെ കളിച്ചോളുക; ആരും തടയുകയില്ല.''

''മരത്തിൽ വലിഞ്ഞു കയറി തലയും കുത്തി വീഴരുത്.'' അച്ഛൻ ഗൗരവത്തോടെ ഓർമിപ്പിക്കും.

''കാട്ടിലെങ്ങും കയറരുത്. പാമ്പോ പഴുതാരയോ കാണും!'' അമ്മ ഇടയ്ക്കിടെ പറയും.

കളിസംഘം വേനലവധിയുടെ ആഹ്ലാദക്കുരവയുമായി തോടും കാടും മേടും മരവും പാടവുമെല്ലാം അരിച്ചുപെറുക്കും. വിശപ്പും ദാഹവും എവിടെയോ മറഞ്ഞുപോകും. അഥവാ വിശന്നാലെന്താ?

കൊരണ്ടിപ്പഴം, പറങ്കിമാമ്പഴം, മാങ്ങ, ചക്ക, വാഴപ്പഴം, ആഞ്ഞിലിപ്പഴം, ചാമ്പയ്ക്ക, പേരയ്ക്ക... എല്ലാം കൈയെത്തുംദൂരത്ത് റെഡി!

പറിച്ചെടുക്കാൻ ധൈര്യം വേണം. മരംകേറാൻ മിടുക്കു വേണം. കൈയിൽ കിട്ടിയതു തിന്നാൻ സാമർത്ഥ്യം വേണം.

ദാഹിച്ചാലോ?

ഒരിക്കലും വറ്റാത്ത തെളിനീരൊഴുക്കിൽനിന്നു നേരിട്ടു കോരിക്കുടിക്കാം. 'കണ്ണീരുപോലെ തെളിഞ്ഞത്' എന്ന് വെള്ളത്തെ വിശേഷിപ്പിക്കാം. കരയാതെ കണ്ണീരു വരുമോ? ആരാവാം കരയുന്നത്?

മണ്ണ്, അല്ലാതാരാ? എന്തിനാവാം കരയുന്നത്? ആവോ അറിയില്ല!

പ്രകൃതിയുടെ കരുതൽ എത്ര ശ്രദ്ധയോടെയാണെന്ന് ഓരോ വേനലും കുട്ടികളെ പഠിപ്പിക്കുന്നു. അകത്തു വെള്ളം നിറച്ച പഴങ്ങൾ എല്ലായിടത്തും. ചൂടേറ്റു വാടിയാലും വെള്ളുവിളിപോലെ മഞ്ഞപ്പൂങ്കുല വിടർത്തുന്ന കണിക്കൊന്ന, കുന്നിൻചരിവുകളിൽ. പാഴ്മണ്ണിൽനിന്നു സൂര്യനെ കാണാൻ ആരുമറിയാതെ എത്തിനോക്കുന്ന ലില്ലിപ്പൂക്കൾ.

കൊയ്തൊഴിഞ്ഞ പാടങ്ങളിൽ പന്തുകളിസംഘങ്ങ



വര: സുധീർ പി വൈ

ളുടെ മേളാങ്കം. കുട്ടിയും കോലും കളിക്കാരുടെ കുതിച്ചോട്ടം. കരയിൽ വട്ടുകളിക്കാരുടെ തോൽവിയും വിജയവും. പറങ്കിയണ്ടി എറിഞ്ഞും ഉരുട്ടിയും നിരവധി മത്സരക്കളികൾ. ഒന്നിലും പെടാത്ത കാഴ്ചക്കാരുടെ കൂട്ടം വരമ്പിലും തോട്ടുകരയിലും. വേനലവധിക്കാലത്തിന്റെ ചൂടേറ്റ് ആരും തളർന്നില്ല. മരക്കൊമ്പിൽ കയറി, ഉയരത്തിൽ നിന്നു കയത്തിലേക്കു ചാടി, മുങ്ങാംകുഴിയിട്ടു നീന്തിക്കയറിയാൽ ഏതു ചൂടും പമ്പ കടക്കും.

രണ്ടുമാസം ഓടിപ്പോയ തറിയുന്നില്ല. അവധിക്കാലം കഴിയരുതേ എന്ന് ആഞ്ഞിലിപ്പഴം നുണഞ്ഞിറക്കി



**ബുക്ക്റഡിമെയ്ഡില്ലാത്ത കാലത്ത് കടലാസും പുറംചട്ടയും വാങ്ങി കുത്തിക്കെട്ടി വശം അരിഞ്ഞു ഭംഗിയാക്കി ഉപയോഗിക്കാറായിരുന്നു പതിവ്. പുത്തൻകടലാസിന്റെ മണം. എത്ര തവണ ഞാൻ ആ മേനിക്കടലാസിനെ ഓമനിച്ചും മണത്തും മാറോടുചേർത്തു പിടിച്ചിട്ടുണ്ടാവും...! രാത്രി പുതിയ ബുക്കു നിർമിക്കുന്ന ഉത്സവമാണ്. എണ്ണിയടുക്കുന്ന ഓരോ കടലാസും കൃത്യമായി ചേർത്തു പിടിച്ച് വെള്ളനൂൽ കൊരുത്തു കുത്തിക്കെട്ടുന്ന വിദ്യ ഒന്നു കാണേണ്ടതാണ്.**

പ്രാർത്ഥിച്ചു. പക്ഷേ കാലം ആരെയും കാത്തുനിൽക്കില്ലല്ലോ. മേയ് മാസം അവസാനനാളുകളുടെ വിടപറയലും വിങ്ങലും തുടങ്ങുന്നു. അച്ഛന്റെ വെറ്റിലക്കൃഷിക്ക് വെള്ളം കോരാൻ ഞങ്ങൾ കുട്ടികൾക്കും ഇഷ്ടമായിരുന്നു. ചിലപ്പോൾ ഏണിവച്ച് പതുക്കെ മുകളിലേക്കു കയറാം. വെറ്റില നുള്ളാം. ഇളയവെറ്റിലയെ തിരിച്ചറിയണം. ഞെടുപ്പിന്റെ നീളം കണക്കാക്കി വേണം നുള്ളാൻ. അല്ലെങ്കിൽ അടുക്കുമ്പോൾ ഭംഗിയുണ്ടാവില്ല. കാച്ചിരിപീച്ചിരി വെറ്റിലയ്ക്കു വില കിട്ടുകയില്ല. എല്ലാം അച്ഛനിൽനിന്ന് ആരും പറയാതെ പഠിച്ച വലിയ വിജ്ഞാനം. ഒരടുക്കു വെറ്റില പതിനാറെണ്ണം. ഒരെണ്ണം ഒരണ. പതിനാറ് അണ ഒരു രൂപ. അഞ്ചെണ്ണം ചേർത്ത് വിശറിപോലെ അടുക്കി കെട്ടിവയ്ക്കണം. ഒരു വെറ്റിലക്കെട്ടിന് അഞ്ചു രൂപ. അങ്ങനെ നിരവധി വെറ്റിലക്കെട്ടുകൾ അടുക്കിയടുക്കി വെള്ളം തളിച്ച് കുട്ടയിലാക്കി പറക്കോട് ചന്തയിലേക്ക് യാത്ര. കോഴികൂവുമ്പോൾ ഉറക്കത്തിൽ നിന്നുണർന്ന് ഇരുപതുനാഴിക അകലെ വലിയ ചന്തയിലേക്കുള്ള യാത്രയിൽ ഒപ്പം നടക്കാൻ എനിക്കും കിട്ടുമായിരുന്നു അപൂർവഭാഗ്യം. അച്ഛന്റെ തലയിൽ വെറ്റിലക്കുട്ട. എന്റെ കൈയിൽ സാധനങ്ങൾ വാങ്ങാനുള്ള സഞ്ചി. നേരം പരപരാ വെളുക്കുമ്പോൾ ചന്തയിലെത്തും. അച്ഛൻ വില പറഞ്ഞും പേശിയും വെറ്റില വിൽക്കും. പിന്നെ ഒരു കാപ്പികുടി. രണ്ടു ദോശ. ഒരു താറാമുട്ട പുഴുങ്ങിയതും ചായയും. ദോശയുടെ മണവും സ്വാദും ഇപ്പോഴും ചുറ്റിയടിക്കുന്നു.

## ആനന്ദത്തിന്റെ നിമിഷങ്ങൾ

അച്ഛൻ ഞങ്ങൾക്കു കടലാസും പുസ്തകവും മഷിയും പേനയും പെൻസിലും റബ്ബറും നൂലും സൂചിയും ബയന്റുമെല്ലാം വാങ്ങുകയാണ്. എത്ര സൂക്ഷ്മമായ കണക്കുകൂട്ടലോടെയാണ് അച്ഛനെല്ലാം ചോദിച്ചു വാങ്ങുന്നത്. ബുക്ക് റഡിമെയ്ഡില്ലാത്ത കാലത്ത് കടലാസും പുറംചട്ടയും വാങ്ങി കുത്തിക്കെട്ടി വശം അരിഞ്ഞു ഭംഗിയാക്കി ഉപയോഗിക്കാറായിരുന്നു പതിവ്. പുത്തൻകടലാസിന്റെ മണം. എത്ര തവണ ഞാൻ ആ മേനിക്കടലാസിനെ ഓമനിച്ചും മണത്തും മാറോടു ചേർത്തു പിടിച്ചിട്ടുണ്ടാവും...! ഉച്ചയോടെ വീടെത്തിയാൽ വിജയഭാവത്തോടെ നടത്തം. രാത്രി വീട്ടിൽ ഉത്സവമാണ്.

പുതിയ ബുക്കു നിർമിക്കുന്ന ഉത്സവം. അമ്മയും അച്ഛനും ചേച്ചിയും ചേട്ടനുമെല്ലാം കൂടും. തറയിൽ വിരിച്ച തഴപ്പായയിൽ ചമ്രം



**വീതുളിയുമായി ഉത്തമനാശാരി വരുന്നു. ദൈവപുത്രനെ എന്ന പോലെ ഞങ്ങൾ എതിരേൽക്കുന്നു. ചായ്പ് എന്ന പണിപ്പുരയിൽ കയറി തടിപ്പീഠത്തിൽ വച്ച് ഓരോ ബുക്കിന്റെയും വൈകൃതം അരിഞ്ഞെറിയുന്നു. വൈകൃതമല്ല... വേണ്ടാത്ത കടലാസ് നീണ്ടും ചുരുണ്ടുമിരുന്നത് മുറിച്ചുമാറ്റിയപ്പോൾ ഹാ... ബുക്കേ; നീയെത്ര സുന്ദരൻ!**



പടിഞ്ഞിരുന്ന് അച്ഛൻ എണ്ണിയടുക്കുന്ന ഓരോ കടലാസും കൃത്യമായി ചേർത്തു പിടിച്ചു വെള്ളനൂൽ കൊരുത്തു കുത്തിക്കെട്ടുന്ന വിദ്യ ഒന്നു കാണേണ്ടതാണ്. പെൻസിലും പേനയും റബ്ബറുമെല്ലാം ഞങ്ങൾക്കു പകുത്തു നൽകും. ശണ്ഠയിടരുതെന്നു ശട്ടം കെട്ടും . പേനയിൽ മഷി നിറയ്ക്കാൻ ഫില്ലർ ഉണ്ട്. മഷിക്കുപ്പി പൊതുസ്വത്താണ്. അവരവർ വേണ്ടതു നിറയ്ക്കണം. മഷി നിറയ്ക്കുമ്പോൾ തൂവിപ്പോകരുത്. ശിക്ഷ കിട്ടും, അച്ഛന്റെ വക. നേരം വെളുത്താൽ എനിക്കൊരു വലിയ ഡ്യൂട്ടിയുണ്ട്. ഏറ്റവും ആനന്ദമുള്ള മഹത്തായ ജോലി. മുപ്പതിലധികം ബുക്കുകളും തോളിലേറ്റി ഉത്തമനാശാരിയുടെ വീടു ലക്ഷ്യമാക്കി നടത്തം. ചിലപ്പോൾ പുസ്തകക്കെട്ട് പകുതിയായി ഭാഗിച്ച് ചേട്ടൻ സഹായിക്കും. ആശാരിയുടെ വീട്ടിലെത്തി മുറ്റത്തു കാത്തു നിൽക്കണം. ഉത്തമനാശാരി പല്ലുതേപ്പും പഴങ്കഞ്ഞിക്കുടിയും കഴിഞ്ഞു പതുക്കെ വരും.

''നേരം വെളുത്തില്ലല്ലോ, അതിനുമുമ്പേ ബുക്കരിയാൻ വന്നോ?''

കനത്ത ശബ്ദത്തിൽ ഉത്തമനാശാരി ആരോടെന്നില്ലാതെ പറയുന്നു. ഞങ്ങളൊന്നും മിണ്ടിയില്ല. പാവത്താന്മാരെപ്പോലെ ഒതുങ്ങി നിന്നു.

''പഠിക്കുന്ന പിള്ളാരല്ലേ, നാലക്ഷരം പഠിച്ചാ അതല്ലേ വല്യകാര്യം? അരിഞ്ഞു കൊടുക്കിൻ.''

ഉത്തമനാശാരിയുടെ വീട്ടിലെ അമ്മയ്ക്ക് എന്തൊരു കാരുണ്യമാണ്. അറിവിന്റെ അമ്മേ, നമസ്കാരം. വീതുളിയുമായി ഉത്തമനാശാരി വരുന്നു. ദൈവപുത്രനെ എന്നപോലെ ഞങ്ങൾ എതിരേൽക്കുന്നു. ചായ്പ് എന്ന പണിപ്പുരയിൽ കയറി തടിപ്പീഠത്തിൽ വച്ച് ഓരോ ബുക്കിന്റെയും വൈകൃതം അരിഞ്ഞെറിയുന്നു. വൈകൃതമല്ല... വേണ്ടാത്ത കടലാസ് നീണ്ടും ചുരുണ്ടുമിരുന്നത് മുറിച്ചുമാറ്റിയപ്പോൾ ഹാ... ബുക്കേ; നീയെത്ര സുന്ദരൻ! മുറിച്ചെറിഞ്ഞ കടലാസ് ഒന്നൊഴിയാതെ അടുക്കിപ്പെറുക്കി പോക്കറ്റിലാക്കുന്നു. പട്ടത്തിന്റെ വാലു നിർമിക്കാം. എന്തു കലാപരമായ കസർത്തിനും ഉപയോഗിക്കാം.

അച്ഛൻ തന്നയച്ച നാണയം പോക്കറ്റിൽ നിന്നെടുത്തു നീട്ടിയപ്പോൾ ഉത്തമനാശാരി ഉള്ളു നിറഞ്ഞു ചിരിച്ച് ഉറക്കെപ്പറഞ്ഞു;

''കുഞ്ഞുപിള്ളച്ചേട്ടന്റെ മക്കളല്ലേ, നല്ലോണം പഠിച്ചാ മതി. ഒന്നും വേണ്ട.'' ഉത്തമനാശാരി വീതുളിയും കൊട്ടൂടിയും യഥാസ്ഥാനത്തു വച്ച് എഴുന്നേറ്റു മുണ്ടുമുറുക്കിയെടുത്ത് അകത്തേക്കു പോയി.

വെറ്റിലയടുക്കും നോട്ടുബുക്കിന്റെ മണവും ഉത്തമനാശാരിയും വേനലവധിയും പറക്കോട്ടു ചന്തയും അച്ഛനമ്മമാരും! ഹാ.... കാലമേ, നിന്റെ ഓർമപ്പുസ്തകത്തിന്റെ താളുകൾക്ക് എന്തൊരു സുഗന്ധം....!




വര: സുരേഷ് പരിയാരത്ത്

# മഴക്കാഴ്ചകൾ

അരുൺകുമാർ അന്നൂർ

മഴയത്തൊരു കഥകളിരൂപം
നിറഞ്ഞ പുഴയുടെ നടുവിൽക്കൂടി-
ത്തുഴഞ്ഞുപോകുന്നു
കൊതുമ്പുവള്ളത്തിൽ!

താഴ്‌വാരത്തിൻ ചെരുവിൽ
ചെറിയൊരു കുടിലിൻ നിറവായ്
ഇറയത്തമ്മയിരുന്നേ
ഹരിനാമം ചൊല്ലുന്നു.

വിതുമ്പിനീങ്ങും മേഘപൊയ്കയിൽ
നീലത്താമര പോലെ
നയനങ്ങൾക്കിതൊരുത്സവകാലം
നടനം ചെയ്‌വൂ പ്രകൃതി

ഇളയകിടാങ്ങൾ ഇറവെള്ളത്തിൽ
കളിവള്ളങ്ങളിറക്കി
കളിച്ചു നിൽപ്പൂ തപ്പും കൊട്ടി
തടുത്തു നിൽക്കാനാരോ?

തെളിമിന്നൽക്കൊടി പാറി
ഇടിപടഹങ്ങൾ മുഴങ്ങീ
താരകൾ പോയി മറഞ്ഞൂ
രാവു നിറഞ്ഞു വരുന്നൂ

മുത്തശ്ശിക്കഥകേട്ടു മയങ്ങി
യുറങ്ങിപ്പോയോരുണ്ണി
ഏതോ കഥതൻ കൂട്ടിൽ
ഒരു കുഞ്ഞിക്കിളിയായീ

കിഴക്കുദിക്കിൽ പുലർവെട്ടത്തിൻ
തുടുത്ത പൂവിരിയുമ്പോൾ
മിഴികൾ തുറന്നൂ; ഉണ്ണി
പുതിയ ദിനത്തിൻ നാന്ദി

മഴയിൽ നനഞ്ഞൂ കുളിരും കൊണ്ടൊരു
സ്വപ്നം തൊട്ടു വിളിച്ചു
ഉറക്കമിനിമതി, ഉണ്ണിയെണീൽക്കൂ
വെളിച്ചമാണേ എങ്ങും!

# കുറുമ്പും കുസൃതിയുമായ് നേരിന്റെ വഴിയിൽ

ജസ്റ്റീസ് കെ ടി തോമസ്





**1947** ആഗസ്റ്റ് 15, ബ്രിട്ടീഷ് ഭരണത്തിൽനിന്നു നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയ ദിനം. പത്തുവയസ്സായിരുന്നു എനിക്ക് അന്നു പ്രായം. രാജ്യമാകെ ആഘോഷത്തിമിർപ്പിലാണ്. ആദ്യസ്വാതന്ത്ര്യദിനം ആഘോഷിക്കാനുള്ള തയ്യാറെടുപ്പ്. ആഘോഷം തിരുനക്കര മൈതാനത്തായിരുന്നു. അതിന്റെ അലയടി എന്റെ കുഞ്ഞു മനസ്സിലും ഉണ്ടായിരുന്നു.

അതിരാവിലെതന്നെ എഴുന്നേറ്റ് തിരുനക്കരമൈതാനം ലക്ഷ്യമാക്കി ഞാൻ മെല്ലെ നടന്നു. അവിടെ ഒരു കവുങ്ങിൽ നമ്മുടെ ദേശീയ പതാക കെട്ടിയിരിക്കുന്നു. പക്ഷേ പതാക കുരുങ്ങിക്കിടക്കുകയാണോ എന്ന് എനിക്കൊരു സംശയം. ഞാൻ ഒട്ടും അമാന്തിച്ചില്ല. അതു ശരിയാക്കുവാനായി ചരടിൽ പിടിച്ചുവലിച്ചു. കൊടി ഉയർന്ന് അതിലുണ്ടായിരുന്ന പൂക്കൾ താഴെ വീണു.

അപ്പോഴേക്കും തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽനിന്നും ഒരു പോലീസുകാരൻ എന്റെ നേർക്ക് ഓടിവന്നു. ശരം വിട്ടപോലായിരുന്നു പിന്നെ

എന്റെ ഓട്ടം. ഞാൻ ഓടി തൊട്ടടുത്തവീട്ടിൽ ഒളിച്ചു. പോലീസ് എന്നെ ഓടിക്കുവാനായി ചെയ്ത തെറ്റെന്താണെന്നു മനസ്സിലായില്ല. കുരുങ്ങിക്കിടന്ന കൊടി ശരിയാക്കുക മാത്രമല്ലേ ഞാൻ ചെയ്തത്. എന്തായാലും എട്ടു മണിക്കു നടന്ന ചടങ്ങിൽ പതാക ഉയർന്നതായി നേതാക്കൾ പ്രഖ്യാപിച്ചു. പിന്നീട് പലപ്പോഴും തമാശ രൂപേണ ഞാൻ പറയുമായിരുന്നു ഇന്ത്യയുടെ ആദ്യ സ്വാതന്ത്ര്യദിനത്തിൽ തിരുനക്കര മൈതാനത്തു പതാക ഉയർത്തിയത് ഞാനാണെന്ന്.


കോട്ടയം സി എം എസ് ഹൈസ്കൂളിലായിരുന്നു അന്നു ഞാൻ പഠിച്ചിരുന്നത്. ഒരു ദിവസം സ്കൂൾ വിട്ടു കൂട്ടുകാരോടൊപ്പം വീട്ടിലേക്കു മടങ്ങുകയായിരുന്നു. വഴിയിൽ ഒരാൾക്കൂട്ടം. ഞങ്ങൾ അങ്ങോട്ടേക്കു ചെന്നു. അവിടെ ഒരു സൈക്കിൾയജ്ഞക്കാരൻ കാണികൾക്കു മുന്നിൽ അഭ്യാസങ്ങൾ കാണിക്കുകയാണ്. ഒടുവിലത്തെ ഇനം കാണിക്കുന്നതിനായി കാണികളിൽനിന്നും ഒരു കുട്ടി മുന്നോട്ടു വരുവാൻ അയാൾ ആവശ്യപ്പെട്ടു. ഒരു കുട്ടിയെ തറയിൽ കിടത്തിയ ശേഷം അവന്റെ ദേഹത്തുതൊടാതെ സൈക്കിൾ ചാടിക്കുക. അതായിരുന്നു അയാളുടെ ലക്ഷ്യം.

പക്ഷേ കുട്ടികളാരും അതിനു തയ്യാറായില്ല. 'ഞാനെങ്കിലും പോയില്ലെങ്കിൽ അതു സ്കൂളിനു ചീത്തപ്പേരാകില്ലേ' എന്നായിരുന്നു അപ്പോൾ എന്റെ കുഞ്ഞുമനസ്സിലുണ്ടായ ചിന്ത. അതുപാടില്ല. ഞാൻ തയ്യാറായി മുന്നോട്ടു ചെന്നു. കൂട്ടുകാർ എന്നെ തടഞ്ഞു. പക്ഷേ ഞാനതു വകവച്ചില്ല. 'മിടുക്കൻ'എന്നു പറഞ്ഞ് സൈക്കിൾയജ്ഞക്കാരൻ എന്നെ എടുത്ത് മുകളിലേക്ക് ഒരേറ്. എന്നിട്ട് എത്തിപ്പിടിച്ചു. പിന്നെ തറയിൽ കമഴ്ത്തി കിടത്തിയ ശേഷം എന്റെ മുകളിലൂടെ സൈക്കിൾ ചാടിപ്പറപ്പിച്ചു.

ചുറ്റും ആളുകളുടെ കൈയടി. എല്ലാവരും എന്നെ പ്രശംസിച്ചു. പക്ഷേ ഇതിനോടകം ആരൊക്കെയോ എന്റെ അപ്പച്ചനെ വിവരമറിയിച്ചു കഴിഞ്ഞിരുന്നു. സന്തോഷത്തോടെ വീട്ടിൽ എത്തിയ എന്നെ എതിരേറ്റത് പുളിവാറുമായി നിൽക്കുന്ന അപ്പച്ചനായിരുന്നു. അന്നു കിട്ടിയ അടിയുടെ ചൂട് ഇന്നും മാറിയിട്ടില്ല.

കോട്ടയത്തുള്ള ബേക്കർ മെമ്മോറിയൽ കിന്റർ ഗാർട്ടനിലായിരുന്നു ഞാൻ നാലാംക്ലാസുവരെ പഠിച്ചത്. അതിന്റെ നടത്തിപ്പുകാരിയാകട്ടെ മിസ്. ഈസ്റ്റ് എന്ന മദാമ്മയും. അക്കാലത്ത് തിരുവിതാംകൂറിൽ യൂണിഫോം ഉണ്ടായിരുന്ന ആദ്യത്തെ സ്കൂളായിരുന്നു ഞങ്ങളുടേത്. വെള്ളഷർട്ടും നീലപാന്റും.

ആ പ്രായത്തിലെ കുട്ടികളുടെ എല്ലാ വികൃതിത്തരങ്ങളും എനിക്കുണ്ടായിരുന്നു. കുറുമ്പ് കൂടുതലായിരുന്നോ എന്ന് സംശയവുമുണ്ട്. ക്ലാസിൽ വികൃതി കാട്ടുന്ന കുട്ടികൾക്ക് നോട്ടീസ് ബോർഡിൽ 'ബാഡ്മാർക്ക്' ഇടുന്ന പതിവ് ആ സ്കൂളിൽ ഉണ്ടായിരുന്നു. 'ഓരോ വികൃതിക്ക് ഓരോ ബാഡ്മാർക്ക്' നോട്ടീസ് ബോർഡിൽ ഏറ്റവും കൂടുതൽ 'ബാഡ്മാർക്ക്' ലഭിച്ച കുട്ടിയും ഞാനായിരുന്നു!


ജസ്റ്റീസ് കെ ടി തോമസ്

നാലാംക്ലാസിൽ പഠിച്ചുകൊണ്ടിരുന്ന സമയത്താണ് എന്റെ ജീവിതത്തിലെ വഴിത്തിരിവ് എന്നു പറയാവുന്ന ആ സംഭവമുണ്ടായത്. അക്കൊല്ലത്തെ വാർഷിക പരീക്ഷയെഴുതാൻ എനിക്കു കഴിഞ്ഞില്ല. ചിക്കൻപോക്സ് പിടിപ്പെട്ടതാണു കാരണം. പരീക്ഷ എഴുതാത്തതിനാൽ അഞ്ചാംക്ലാസിലേക്കു കയറ്റം തരില്ല എന്നു സ്കൂളധികൃതർ. പക്ഷേ നാലാംക്ലാസിൽ വീണ്ടും ആ സ്കൂളിൽ എന്നെ പഠിപ്പിക്കാൻ അച്ഛന്റെ അഭിമാനം അനുവദിച്ചില്ല. മറ്റുപോംവഴിയൊന്നും ഇല്ലാതെ വന്നപ്പോൾ തൊട്ടടുത്തുള്ള ഒരു സർക്കാർസ്കൂളിൽ നാലാംക്ലാസിൽ ചേർത്തു.

വളരെ പാവപ്പെട്ട കുടുംബത്തിലെ കുട്ടികളായിരുന്നു ആ സ്കൂളിൽ പഠിച്ചിരുന്നത്. നല്ല ഉടുപ്പിട്ടുവരുന്ന അഞ്ചാറു കുട്ടികൾ മാത്രമേ അവിടുണ്ടായിരുന്നുള്ളൂ. ഭൂരിഭാഗം കുട്ടികളും തോർത്തുടുത്തു കൊണ്ടാണ് സ്കൂളിൽ വന്നിരുന്നത്. എന്നാൽ കഴിവുറ്റ അധ്യാപകരായിരുന്നു അവിടെ പഠിപ്പിച്ചിരുന്നത്. അവരിൽ പ്രമുഖനായിരുന്നു






കാരൂർ നീലകണ്ഠപിള്ള സാർ.

എനിക്ക് ഇഷ്ടപ്പെട്ട മറ്റൊരു അധ്യാപകനായിരുന്നു ശങ്കരയ്യർ സാർ. ഒരു ക്രിസ്ത്യാനിയായിരുന്ന എനിക്ക് ഹൈന്ദവ-തത്വസംഹിതകളുടെ വാതായനങ്ങൾ തുറന്നുതന്നത് അദ്ദേഹമാണ്. രണ്ടാംലോകയുദ്ധം നടക്കുന്ന സമയമായിരുന്നു അത്. ഭക്ഷണത്തിനാകട്ടെ നന്നേ ക്ഷാമവും. പല അധ്യാപകരും ഭക്ഷണം പോലും കഴിക്കാതെയായിരുന്നു ക്ലാസ് എടുത്തിരുന്നത്. അന്ന് സ്കൂളിലെ ഡ്രിൽ ഷെഡിൽ പാവപ്പെട്ട കുട്ടികൾക്ക് കഞ്ഞിയും ചമ്മന്തിയും മോരും നൽകുമായിരുന്നു. അവരെ സ്കൂളിൽ എത്തിക്കാനുള്ള മാർഗം കൂടിയായിരുന്നു അത്. അവിടത്തെ പല അധ്യാപകരും കുട്ടികൾക്കു കിട്ടിയിരുന്ന ഈ ഭക്ഷണം കൊണ്ടാണ് ജീവിച്ചിരുന്നത് എന്ന കാര്യം ഞാനിപ്പോഴും ഓർക്കുന്നു.

ഒരു വർഷം ഞാൻ ആ സർക്കാർസ്കൂളിൽ പഠിച്ചു. ഇതിനെ ഒരു ദൈവനടത്തിപ്പായാണ് ഞാനിന്നും കാണുന്നത്. പിൽക്കാലത്ത് ജഡ്ജിയായപ്പോൾ ഞാൻ മുറുകെ പിടിച്ചിരുന്ന സാമൂഹികനീതി നടപ്പാക്കുവാൻ സർക്കാർസ്കൂളിലെ വിദ്യാഭ്യാസം ഏറെ സഹായിച്ചു.

പഠിപ്പിച്ച അധ്യാപകരെല്ലാം നമുക്ക് ശ്രേഷ്ഠരായിരിക്കും. എങ്കിലും അവരിൽ ചില അധ്യാപകർ നമ്മുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുണ്ടാകും. അതുപോലെ ഒരു അധ്യാപകൻ എനിക്കുമുണ്ടായിരുന്നു. സി എം എസ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന പി പി സാമുവൽ സാർ. ഇംഗ്ലീഷായിരുന്നു അദ്ദേഹം പഠിപ്പിച്ചിരുന്നത്. പക്ഷേ അദ്ദേഹം നേരിട്ട് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത് പത്താംക്ലാസിലെ രണ്ടു ഡിവിഷനുകളിൽ മാത്രമായിരുന്നു. ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ഇംഗ്ലീഷ് അധ്യാപകൻ എന്ന ബഹുമതി ബ്രിട്ടീഷ് കൗൺസിലിന്റെ ഒരു പഠനസംഘം അദ്ദേഹത്തിനു നൽകുകയുണ്ടായി. എന്നെ സംബന്ധിച്ചിടത്തോളം അതിനു മുമ്പും അതിനുശേഷവും വളരെ പ്രഗത്ഭരായ ഇംഗ്ലീഷ് അധ്യാപകരുടെ ക്ലാസിൽ പഠിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. പക്ഷേ സാമുവൽ സാറിന്റെ ക്ലാസുപോലെ ആസ്വാദ്യകരമായി മറ്റൊരു ക്ലാസിലും ഞാൻ ഇരുന്നിട്ടില്ല.

"The End of the Road' എന്ന പാഠത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ക്ലാസായിരുന്നു സാമുവൽ സാർ പത്താംക്ലാസിൽ ഞങ്ങൾക്ക് ഏറ്റവും ഒടുവിൽ എടുത്തത്. ഏബ്രഹാം ലിങ്കൺ വെടിയേറ്റു വീഴുമ്പോൾ അദ്ദേഹ

ത്തിന്റെ അന്ത്യനിമിഷത്തെ വിവരിക്കുന്ന ഒരു പാഠഭാഗം. ആ പാഠം സാമുവൽ സാർ പഠിപ്പിച്ചപ്പോൾ അമേരിക്കൻ പ്രസിഡന്റ് കിടന്നിരുന്ന ആ മുറിയിലെ നിശ്ശബ്ദത ഞങ്ങളുടെ ക്ലാസുമുറിയിലും പ്രതിഫലിച്ചിരുന്നു.

പഠിക്കാൻ ശരാശരിയിലും ഉയർന്ന ഒരു വ്യക്തിയായിരുന്നു ഞാൻ. എന്നോടു വളരെ താത്പര്യമുണ്ടായിരുന്ന ഒരു അധ്യാപകൻ അവിടെയുണ്ടായിരുന്നു. വി ഡബ്ല്യു ചാണ്ടിസാർ. ഒരിക്കൽ സാർ ക്ലാസ്സെടുക്കവേ ആരൊക്കെ വിമാനം കണ്ടിട്ടുണ്ട്? തീവണ്ടി, കടൽ ഇവ എത്രപേർ കണ്ടിട്ടുണ്ട്? എന്നൊക്കെ ചോദിച്ചു. ഞാനിതൊന്നും കണ്ടിട്ടേയില്ല എന്ന കാര്യം സാറിനോടു പറഞ്ഞു. അങ്ങനെ അദ്ദേഹം അപ്പന്റെ അനുവാദത്തോടെ എന്നെ ഫോർട്ടുകൊച്ചിയിൽ കൂട്ടിക്കൊണ്ടുപോയി അവയൊക്കെ കാണിച്ചു തന്നു. മുതിർന്നശേഷം എത്രയോ സ്ഥലങ്ങൾ ഞാൻ സന്ദർശിച്ചു. പക്ഷേ ചാണ്ടി സാറിനോടൊപ്പം നടത്തിയ ഈ 'വിദേശയാത്ര' യോളം ആഹ്ലാദം അവയൊന്നും എനിക്കു നൽകിയിട്ടില്ല.

പ്രസംഗമത്സരത്തിൽ സ്കൂളിലെ ഒരു സ്ഥിരം മത്സരാർത്ഥിയായിരുന്നു ഞാൻ. പലപ്പോഴും ഞാൻ തയ്യാറാക്കുന്ന പ്രസംഗങ്ങൾ ചാണ്ടിസാർ വായിച്ചു തിരുത്തിത്തരുമായിരുന്നു. വർഷങ്ങൾക്കുശേഷം കോട്ടയത്ത് ഒരു ചടങ്ങിൽ മുഖ്യാതിഥിയായി ഞാൻ പങ്കെടുക്കുകയായിരുന്നു അപ്പോഴാണ് സദസ്സിന്റെ മുൻനിരയിൽ ഊന്നുവടിയുമായി ഇരിക്കുന്ന ആളെ ഞാൻ ശ്രദ്ധിച്ചത്. ചാണ്ടിസാറായിരുന്നു അത്. പ്രാരംഭകാലത്ത് എനിക്കുണ്ടായിരുന്ന സഭാകമ്പം അന്ന് തിരിച്ചുവന്നതുപോലെ തോന്നി. എന്റെ തൊണ്ടയിടറി. വാക്കുകൾ ഇടഞ്ഞു. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത് എന്ന് എനിക്കറിയില്ല. ഞാനത് ആ വേദിയിൽ പറയുകയും ചെയ്തു. അതുകേട്ട് ചാണ്ടിസാറിന്റെ കണ്ണുകളും നിറഞ്ഞിരുന്നു. ഇതേക്കുറിച്ച് തുടർന്നു പ്രസംഗിച്ചയാൾ പറഞ്ഞത് ഞാനിന്നും ഓർക്കുന്നു.

'ഒരു ഗുരുവിനും ഇതുപോലൊരു ഗുരുദക്ഷിണ ലഭിക്കാൻ സാധിക്കുകയില്ല.'

നേരിന്റെ വഴിയിൽ എന്നെ കൈപിടിച്ചു നടത്തിയ, പുത്തനറിവിന്റെ വാതായനങ്ങൾ തുറന്നു തന്ന എല്ലാ ഗുരുശ്രേഷ്ഠർക്കും പ്രണാമം.





# പത്തിൽ പുതിയ പരീക്ഷാക്രമം



**എം എസ് ജയ ഐ. എ. എസ്.**
(പൊതുവിദ്യാഭ്യാസ ഡയറക്ടർ)

എസ് എസ് എൽ സി പരീക്ഷയുടെ മൂല്യനിർണയത്തിൽ വരും വർഷങ്ങളിൽ ചില മാറ്റങ്ങൾ വരുത്താൻ പോകുന്നു എന്ന് ഇക്കുറി എസ് എസ് എൽ സി പരീക്ഷാഫലത്തോടൊപ്പം ഒരു അറിയിപ്പുണ്ടായിരുന്നു. പത്താംക്ലാസ് പരീക്ഷയ്ക്ക് വിവിധ വിഷയങ്ങൾക്കു മാർക്കു നൽകുന്നതിൽ ചില മാറ്റങ്ങൾ വരുത്താനാണ് ആലോചന. എഴുത്തുപരീക്ഷയ്ക്ക് മിനിമം മാർക്ക് എന്ന നിബന്ധന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സർക്കാരിന്റെ അനുമതി കിട്ടിയാൽ ഇതു നടപ്പിലാക്കും.

നിലവിൽ പത്താം ക്ലാസിൽ പത്തുവിഷയങ്ങളിലാണു പരീക്ഷ. ഇതിൽ മലയാളം പേപ്പർ 1, മലയാളം പേപ്പർ 2, ഹിന്ദി, ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നീ വിഷയങ്ങൾക്ക് വർഷാവസാന എഴുത്തുപരീക്ഷയ്ക്ക് ഓരോന്നിനും 40മാർക്കും നിരന്തര മൂല്യനിർണയത്തിന് 10 മാർക്കും ആണ്. ഇംഗ്ലീഷ്, സാമൂഹ്യശാസ്ത്രം, കണക്ക് എന്നീ വിഷയങ്ങൾക്ക് വർഷാവസാന എഴുത്തുപരീക്ഷയ്ക്ക് 80മാർക്കും നിരന്തരമൂല്യനിർണയത്തിന് 20 മാർക്കുമാണ്. ഇൻഫർമേഷൻ ടെക്നോളജിക്ക് പ്രായോഗികപരീക്ഷയ്ക്ക് 30മാർക്കും എഴുത്തുപരീക്ഷയ്ക്കും നിരന്തരമൂല്യനിർണയത്തിനും 10 മാർക്ക് വീതവുമാണ്.

കുട്ടികളുടെ പഠനനിലവാരം അളക്കാനുള്ള ഏറ്റവും മികച്ച മൂല്യനിർണയോപാധിയായി നിരന്തരമൂല്യനിർണയം മാറേണ്ടതുണ്ട്. അതിന് നിരന്തരമൂല്യനിർണയത്തിന് കൂടുതൽ പ്രാധാന്യം നൽകണം. കൃത്യമായ മാനദണ്ഡങ്ങളിലൂടെ കുട്ടിയുടെ നിലവാരം അളക്കുകയും അതു നിരന്തരമായി രേഖപ്പെടുത്തുകയുമാണ് നിരന്തരമൂല്യനിർണയത്തിൽ ചെയ്യുന്നത്. എന്നാൽ സ്കൂളുകൾ തമ്മിലുള്ള അനാരോഗ്യകരമായ മത്സരം മൂലം കുട്ടികൾക്ക് നിരന്തരമൂല്യനിർണയത്തിനു പരമാവധി മാർക്ക് നൽകുന്ന രീതി വ്യാപകമായുണ്ട്. കുട്ടിയുടെ

നിലവാരം കൃത്യമായി അളക്കാതെ മുഴുവൻ സ്കോറും നൽകുന്ന പ്രവണത ഇതിന്റെ പ്രാധാന്യത്തെത്തന്നെ ഇല്ലാതാക്കുന്നു.

നിരന്തരമൂല്യനിർണയത്തിന് ഇരുപതു ശതമാനമാണ് ഇപ്പോൾ ലഭിക്കുന്ന മാർക്ക്. ഉന്നതപഠനത്തിന് അർഹരാകാൻ ഒരു വിഷയത്തിന് 30 ശതമാനം മാർക്ക് മതി (D+).

അതായത് നിരന്തരമൂല്യനിർണയത്തിന് മുഴുവൻ മാർക്കും ലഭിച്ച ഒരു കുട്ടി 10 ശതമാനം മാർക്കുകൂടി നേടിയാൽ ഉന്നതപഠനത്തിന് അർഹത നേടും. നിരന്തരമൂല്യനിർണയത്തിൽ 20 ശതമാനം മാർക്കു നേടുന്ന കുട്ടിക്ക് ഗ്രേസ് മാർക്കുകളുടെ കൂടി സഹായമുണ്ടെങ്കിൽ 30 ശതമാനം എന്ന കടമ്പ കടക്കാവുന്നതാണ്. അതിനാൽ വർഷാവസാനപ്പരീക്ഷയിൽ മാർക്കൊന്നും നേടിയില്ലെങ്കിൽപ്പോലും കുട്ടിക്ക് ആയാസരഹിതമായി ജയിക്കാൻ കഴിയുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്.

ഈ പശ്ചാത്തലത്തിലാണ് വർഷാവസാനപ്പരീക്ഷയ്ക്ക് മിനിമം മാർക്ക് വേണം എന്ന നിർദ്ദേശം സർക്കാരിനു മുന്നിൽ വയ്ക്കാൻ ഉദ്ദേശിക്കുന്നത്. നിരന്തരമൂല്യനിർണയത്തിലും വർഷാവസാനപ്പരീക്ഷയിലും വെവ്വേറെ മിനിമം മാർക്ക് നേടണമെന്ന വ്യവസ്ഥ കുട്ടികളുടെ പഠനനിലവാരം ഉയരാനിടയാക്കും. അതിലളിതമായ ചോദ്യങ്ങൾ മുതൽ ഉയർന്ന വിശകലനശേഷി വേണ്ട ചോദ്യങ്ങൾ വരെ ഉൾപ്പെടുത്തി വർഷാവസാനപ്പരീക്ഷയിലും മാറ്റങ്ങൾ വരുത്താം.

മറ്റൊരു നിർദ്ദേശം മലയാളപഠനത്തെ സംബന്ധിച്ചുള്ളതാണ്. കേരളത്തിൽ പഠിക്കുന്ന എല്ലാ കുട്ടികളും മലയാളം നിർബന്ധമായും പഠിച്ചിരിക്കണം എന്നു സർക്കാർ നിർദ്ദേശമുണ്ട്. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് മലയാളം മാതൃഭാഷയല്ല. കേരളത്തിലെ മലയാള പുസ്തകങ്ങൾ ഉന്നത നിലവാരം പുലർത്തുന്നവയാണ്. ഇതേ പുസ്തകങ്ങൾ മലയാളം മാതൃഭാഷയല്ലാത്ത കുട്ടികളെ സംബന്ധിച്ചിടത്തോളം ഏറെ ബുദ്ധിമുട്ടുണ്ടാക്കും. അവർക്കായി ലളിതമായ രീതിയിൽ മലയാളം പഠിക്കാൻ ഉതകുന്ന പാഠപുസ്തകം നിർമ്മിക്കുക എന്ന നിർദ്ദേശമാണ് സർക്കാരിനു മുന്നിൽ വയ്ക്കുന്നത്.

ഒരു വർഷം 220 പ്രവൃത്തി ദിനങ്ങളെങ്കിലും ഉണ്ടെങ്കിൽ മാത്രമേ പരിഷ്കരിച്ച പാഠ്യപദ്ധതി മെച്ചപ്പെട്ട രീതിയിൽ സ്കൂളുകളിൽ നടപ്പിലാക്കാൻ കഴിയൂ. എന്നാൽ വിവിധ അവധികളും കലോത്സവങ്ങളും കായികോത്സവങ്ങളും മൂലം 160നും 180നുംഇടയ്ക്ക് പ്രവൃത്തി ദിനങ്ങളേ കുട്ടികൾക്കു ലഭിക്കുന്നുള്ളൂ. മഴ ശക്തിപ്പെടുന്ന സമയങ്ങളിൽ വരുന്ന അപ്രതീക്ഷിത അവധികൾ കൂടി ചേരുമ്പോൾ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനദിനങ്ങൾ ഒരു വർഷവും കുട്ടികൾക്ക് ലഭിക്കാതെ വരുന്നു. അധ്യാപകപരിശീലനങ്ങളും കലോത്സവങ്ങളും മറ്റും വെക്കേഷൻ കാലയളവിലേക്കു മാറ്റണം എന്ന നിർദ്ദേശം പല കോണുകളിൽനിന്നും ഉയരുന്നുണ്ട്. കുട്ടികൾക്ക് അവശ്യമായ എല്ലാ പഠനദിനങ്ങളും അവർക്കു നൽകാൻ എന്തെല്ലാം ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ചും പൊതുവിദ്യാഭ്യാസവകുപ്പ് ആലോചിക്കുന്നുണ്ട്.

# ഇംഗ്ലീഷ് മരുന്ന്

**മണ്ണടി ഹരി**

ബസ്സ്റ്റാൻഡിൻ മുന്നിലെ മരുന്നുകടേൽ
ബോർഡുണ്ട്–
‘ഇവിടെ ഇംഗ്ലീഷ് മരുന്നു കിട്ടും.’
ഒന്നു പകച്ചു ഞാൻ നിന്നുപോയീ
‘മലയാളം മരുന്നി’നി എവിടെ കിട്ടും?



# കഥയമ്മ

അഷിത



ഒരിടത്തൊരിടത്ത് ഒരമ്മയുണ്ടായിരുന്നു. കഥപറയുന്ന അമ്മ. ആ അമ്മയെ കഥകേൾക്കാനെത്തുന്ന കുട്ടികൾ 'കഥയമ്മ' എന്നു വിളിച്ചു. കഥയമ്മയുടെ കൈയിൽ ഒരു ഭാണ്ഡമുണ്ട്. അതിന്റെ ഉള്ളിലെന്താണെന്ന് ആർക്കുമറിയില്ല. കഥയമ്മയോടു കുഞ്ഞുങ്ങൾ ചോദിച്ചാൽ പറയും അതിൽ നിറയെ കഥകളാണെന്ന്. സത്യമായിരിക്കണം. കാരണം അതിന്റെ ഉള്ളിൽ ഒരു ഓറഞ്ചിട്ടാൽ ഉടനെ വരും ഓറഞ്ചിനെക്കുറിച്ചൊരു കഥ. ഒരു പഴമിട്ടാൽ വരും വാഴയെക്കുറിച്ച് ഒരുകഥ.

ഒരുദിവസം കഥയമ്മ ഒരു മാവിന്റെ ചുവട്ടിൽ ഭാണ്ഡത്തിൽ തലയും വച്ച് മയങ്ങുമ്പോൾ 'ചിന്നു' എന്നൊരു രണ്ടുവയസ്സുകാരി അമ്മ കാണാതെ വീട്ടിൽ നിന്നിറങ്ങി കഥയമ്മയുടെ അടുത്തെത്തി.

ആരാദ് കിടന്നുറങ്ങണത്? കഥയമ്മല്ലേ? വെളുവെളാന്ന് നരച്ചമുടി; പളപളാന്നു തിളങ്ങുന്ന മൂക്കുത്തി. ഹായ്! ചിന്നു തന്നത്താനെ വരച്ച സ്വന്തം ചിത്രം കഥയമ്മയുടെ ഭാണ്ഡത്തിലേക്കിട്ടു. കഥയമ്മ ഉണർന്നെഴുന്നേറ്റ് ചിന്നുവിനെ മടിയിലിരുത്തി, ചിന്നൂനെക്കുറിച്ച് ഒരു കഥ പറഞ്ഞു.

ഒരിടത്തൊരിടത്ത് ചിന്നു എന്നുപേരായ കുസൃതിക്കുട്ടി ഉണ്ടായിരുന്നു. ചിന്നുവിന്റെ അമ്മ ഗൗരവക്കാരിയും മടിച്ചിയുമായിരുന്നു. ചിന്നു എന്തു കളിക്കാൻ ചോദിച്ചാലും അമ്മ പാടും

''അയ്യോ അതു കാക്ക കൊണ്ടോയീ, ചിന്നൂ കാക്കകൊണ്ടോയീ.'' എല്ലാ കളിപ്പാട്ടങ്ങളും കാക്കകൊണ്ടോയാൽ ഒരു കുട്ടി എന്തു വച്ചു കളിക്കും? ചിന്നൂന് ദേഷ്യം വന്നു. മൂക്കത്താണു ദേഷ്യം. അതുകൊണ്ട് അമ്മ ഉറങ്ങുന്ന നേരം ചിന്നു വീടുവിട്ടിറങ്ങിയതാണ് കാക്കയെ അന്വേഷിച്ച്. കാക്കയോടു ചോദിച്ചിട്ടു തന്നെകാര്യം. വരുന്ന വഴിക്ക് കാക്ക വാഴ കൈയിലിരിക്കുന്നതു കണ്ടു. ചിന്നു കളിപ്പാട്ടം തരാൻ പറഞ്ഞപ്പോ കാക്ക പറഞ്ഞു.

“അയ്യോ പൂച്ച കൊണ്ടോയീ, ചിന്നൂ പൂച്ച കൊണ്ടോയീ..”

പിന്നെയും നടന്നുനടന്ന് പൂച്ചയെ കണ്ട് ഭീഷണിപ്പെടുത്തിയപ്പോ പൂച്ചയെന്തു പറഞ്ഞെന്നോ?

“അയ്യോ! പപ്പികൊണ്ടോയീ ചിന്നൂ പപ്പികൊണ്ടോയീ..” ചിന്നു പപ്പിയെ തപ്പി പിടിച്ചു ചോദിച്ചപ്പോഴോ?

“അയ്യോ തത്തകൊണ്ടോയേ ചിന്നൂ.. തത്തകൊണ്ടോയേ...”

ചിന്നൂന് സങ്കടംവന്നു. എന്തൊരു ലോകം! ഒരു ചെറിയ കുട്ടിയെ കളിക്കാനും സമ്മതിക്കില്ലേ? വീട്ടിലേക്കുള്ള വഴിയും മറന്നു. അങ്ങനെ നടക്കുമ്പോഴാണ് കഥയമ്മ ഉറങ്ങുന്നതു കണ്ടത്. അപ്പോഴെന്തു സംഭവിച്ചു. മുടിയൊക്കെ പാറിപ്പറന്ന് ചിന്നൂന്റെ അമ്മ കരഞ്ഞുകരഞ്ഞ് ഓടി വരുന്നു. ചിന്നു ഒരു ചാട്ടത്തിന് കഥയമ്മേടെ പിന്നിലൊളിച്ചു. ചിന്നൂന്റെ അമ്മ ഓടിവന്നു കരച്ചിലായി.

“ചിന്നൂനെ കാണാനില്ല കഥയമ്മേ... ചിന്നൂനെ എവിടെയെങ്കിലും കണ്ടോ? ഈശ്വരാ ഞാനിനി എങ്ങനെ ജീവിക്കും?”

അത്രയും കേട്ടപ്പോൾ ചിന്നു കഥയമ്മയുടെ പിറകിലിരുന്നു പാടി.

“കാക്ക കൊണ്ടേയീ ചിന്നൂനെ കാക്കകൊണ്ടോയീ...”

കഥയമ്മ പൊട്ടിച്ചിരിച്ചു പോയി. ചിന്നുവിന്റെ അമ്മ മിന്നൂനെ വാരിയെടുത്ത് നിറയെ ഉമ്മ കൊടുത്തു.

പിന്നീടൊരിക്കലും കളിപ്പാട്ടമില്ലാതെ ചിന്നു സങ്കടപ്പെട്ടിട്ടില്ലാത്രേ.



# അമ്മ

**മുഹമ്മ ശശിധരപ്പണിക്കർ**

പൊന്നുഷസ്സന്ധ്യ വിടർന്നപോലെ
പൂർണനിലാവു പരന്നപോലെ
കുഞ്ഞിളംകാറ്റിൻ കുളിർമപോലെ
മഞ്ഞുപെയ്തീടും വിശുദ്ധിപോലെ
ആരിലും പൊൻകണിയായി നിത്യം
നേർവഴിക്കമ്മ നയിച്ചിടുന്നു.

തെറ്റുകൾ കാൺകെ കയർത്തീടിലും
വറ്റാത്ത സ്നേഹപ്രവാഹമമ്മ.
സന്മാർഗപാഠങ്ങളേകിയാർക്കും
ജന്മസാഫല്യം വരുത്തുമമ്മ.
നന്മതൻ നിത്യവസന്തമമ്മ
ഉൺമതന്നാത്മ പ്രകാശമമ്മ
അമ്മയാണേവർക്കുമാദി ദൈവം
അമ്മയാണെങ്ങും നിറഞ്ഞ ശബ്ദം.



വിരലും
മണലും

# വാനരന്റെ വാലും കഴുത്തും

എം എൻ കാരശ്ശേരി

രാമായണത്തിൽ മനുഷ്യരെപ്പോലെത്തന്നെ പക്ഷികളും വാനരന്മാരും രാക്ഷസന്മാരും കഥാപാത്രങ്ങളായി വരുന്നുണ്ട്. അവരെല്ലാം മനുഷ്യരെപ്പോലെ പെരുമാറുകയും ചെയ്യുന്നു.

ആ കൂട്ടത്തിലെ വാനരസഹോദരന്മാരാണ് ബാലിയും സുഗ്രീവനും. ബാലിയാണ് മൂത്തത്. ബാലിയുടെ കാലശേഷം കിഷ്കിന്ധാരാജ്യം വാണ സുഗ്രീവൻ രാവണൻ കട്ടുകൊണ്ടുപോയ സീതയെ വീണ്ടെടുക്കാൻ ശ്രീരാമനെ സഹായിക്കുകയുണ്ടായി.

'ബാലി' എന്ന പദത്തിന് വാല് നീളമുള്ളവൻ എന്നാണർത്ഥം – 'വാലി'യുടെ രൂപഭേദമാണത്. 'സുഗ്രീവൻ' എന്നതിന് ഭംഗിയുള്ള കഴുത്തോടുകൂടിയവൻ എന്നർത്ഥം. 'ഗ്രീവം' കഴുത്താണ്.

സഹോദരന്മാർക്ക് ഈ പേരുകൾ വന്നുചേർന്ന കഥ വളരെ രസമാണ്:

സൂര്യന്റെ തേരാളിയായ അരുണന് യാദൃച്ഛികമായി ഒരൊഴിവ് കിട്ടി. ഈ സമയത്താണ് ദേവലോകത്ത് ദേവസ്ത്രീകളുടെ പാട്ടും കൂത്തുമൊക്കെ നടക്കുന്ന കഥയറിഞ്ഞത്. അതിന് പോവാം എന്ന് വിചാരിച്ചപ്പോൾ ഒരു പ്രശ്നം – സ്ത്രീകൾക്ക് മാത്രമേ പ്രവേശനമുള്ളൂ. ഒരു സുന്ദരിയുടെ വേഷം കെട്ടി അരുണൻ സദസ്സിലിരുന്ന് കലാപരിപാടികൾ ആസ്വദിച്ചു.


ആ 'സുന്ദരി'യിൽ ആകൃഷ്ടനായ ദേവേന്ദ്രൻ 'അവളെ' കിടപ്പറയിലേക്ക് കൂട്ടി. രാത്രി തന്നെ അവർക്കൊരു മകൻ പിറന്നു. കുഞ്ഞിനെ ഇന്ദ്രന്റെ നിർദേശപ്രകാരം ഗൗതമമുനിയുടെ ഭാര്യ അഹല്യയെ ഏൽപ്പിച്ചിട്ട് അരുണൻ ജോലിക്ക് മടങ്ങി.

ശകലം താമസിച്ചുചെന്നതിന്റെ കാരണം സൂര്യൻ അന്വേഷിച്ചപ്പോൾ നടന്നതെല്ലാം അരുണൻ തുറന്നുപറഞ്ഞു. അപ്പോൾ സൂര്യന് ആ 'സുന്ദരീരൂപം' കാണണമെന്നായി. കണ്ടുനോക്കുമ്പോഴോ, അടക്കാനാവാത്ത വിധം മോഹം പെരുത്തു. അങ്ങനെ ഒരു കുഞ്ഞുകൂടി പിറന്നു. സൂര്യന്റെ നിർദേശമനുസരിച്ച് അതിനെയും അഹല്യയെ ഏല്പിച്ച് അരുണൻ ജോലിയിൽ മുഴുകി.

അഹല്യ രണ്ടു മക്കളെയും താലോലിച്ച് വളർത്തിയെങ്കിലും ഭർത്താവിന് ഇതൊന്നും അത്ര പിടിച്ചില്ല. മുനി ആ കുഞ്ഞുങ്ങളെ ശപിച്ച് കുരങ്ങന്മാരാക്കി കാട്ടിലുപേക്ഷിച്ചു.

മകനെ കാണാനെത്തിയ ഇന്ദ്രൻ അഹല്യയിൽ നിന്ന് വിവരമറിഞ്ഞ് ദുഃഖിതനായിത്തീർന്നു. കാട്ടിൽ അന്വേഷിച്ചലഞ്ഞ് അവരെ





കണ്ടെത്തിയ അദ്ദേഹം മൂത്തവന് ബാലി എന്നും ഇളയവന് സുഗ്രീവൻ എന്നും പേര് വിളിച്ചു. ശരീരപ്രകൃതി നോക്കിയാണ് പേരിട്ടത്.

അക്കാലത്ത് വാനരരാജ്യമായ കിഷ്ക്കിന്ധ വാണിരുന്ന ഋക്ഷരജസ്സ് എന്നു
പേരായ രാജാവിന് മക്കളില്ലായിരുന്നു. ബാലി-സുഗ്രീവന്മാരുടെ കഥ കേട്ട അദ്ദേഹം ഇന്ദ്രനെക്കണ്ട് ആ കുട്ടികളെ തനിക്ക് തരണം എന്നപേക്ഷിച്ചു. ദേവേന്ദ്രൻ സന്തോഷപൂർവ്വം വാനര ബാലന്മാരെ രാജാവിനു നല്കി. ആ വഴിക്കാണ് ഇരുവരും കിരീടാവകാശികളായിത്തീർന്നതും വാനരദേശം വാഴാനിടയായതും.

'ഒരു പേരിലെന്തിരിക്കുന്നു?' എന്ന് ചിലർ ചോദിക്കാറുണ്ട്. പേര് കേൾക്കുമ്പോൾ അതിന്റെ അർത്ഥത്തെപ്പറ്റിയും അതു വന്ന വഴിയെപ്പറ്റിയും അതിന്റെ ആന്തരാർത്ഥത്തെപ്പറ്റിയും വളരെയേറെ ആലോചിക്കാനില്ലേ?.


## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പുസ്തകങ്ങൾ

അപ്പൂന്റെ ഘടികാരം
കെ പി മുരളീധരൻ
180രൂപ

തൈ നടാനും ചില കാരണങ്ങൾ
വെങ്കി
130രൂപ

ഒളിക്കാൻ ഒരിടം
ടി ആർ രാജേഷ്
110രൂപ

എവിടെ എന്റെ ഡിപ്പി?
രാജീവ് എൻ ടി
100രൂപ

കത്തിരിക്കക്കഥകൾ
ജി എസ് ഉണ്ണികൃഷ്ണൻ നായർ
75രൂപ

നെല്ലിക്ക
രാധാകൃഷ്ണൻ എടച്ചേരി
40രൂപ

ജി ശങ്കരക്കുറുപ്പ്
ആര്യനാട് സനൽകുമാർ
100രൂപ

ലണ്ടൻ യാത്ര
കുസുമം പുന്നപ്ര
35രൂപ

മീരയും കൂട്ടുകാരും
ജോസാന്റണി കുരീപ്പുഴ
85രൂപ

പുസ്തകങ്ങൾ തിരുവനന്തപുരം പാളയം സംസ്കൃതകോളേജ് കാമ്പസിലെ പുസ്തകശാലയിൽ ലഭ്യമാണ്. ഡിഡി/മണിയോർഡർ ആയി പണമയച്ചാൽ കൊറിയറിലും പുസ്തകം ലഭിക്കും. വിശദവിവരത്തിന് എഴുതുക.

സെയിൽസ് വിഭാഗം
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്
തിരുവനന്തപുരം 34 ഫോൺ: 0471 2327276

email: sales@ksicl.org



# സൈരന്ധ്രിയെ തേടി...

**മനോജ് ബാലകൃഷ്ണൻ**

**ഭൂമിയിലെ പരിസ്ഥിതിസന്തുലനം അനേകം ഭീഷണികൾ നേരിടുന്ന കാലമാണിത്. മനുഷ്യന്റെ വിവേചന രഹിതമായ പ്രവൃത്തികൾമൂലം സ്വാഭാവികആവാസവ്യവസ്ഥകൾ പലതും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഭൂമിയിൽ അവിടെ മാത്രം കാണപ്പെടുന്ന ജീവജാതികളും അതോടൊപ്പം നശിക്കും. പാലക്കാട് ജില്ലയിലെ സൈലന്റ് വാലിയും അത്തരമൊരു പ്രദേശമാണ്. ലോകത്തിന്റെ മുഴുവൻ ശ്രദ്ധയാകർഷിച്ച ഒരു പരിസ്ഥിതിലോലപ്രദേശം. സൈരന്ധ്രി എന്ന സൈലന്റ് വാലിക്ക് ഏറെ കാര്യങ്ങൾ പറയാനുണ്ട് നമ്മോട്. വനം വന്യജീവിസമ്പത്തിന്റെ പരിരക്ഷ, പ്രകൃതിസംരക്ഷണത്തിന്റെ ആവശ്യകത, പരിസ്ഥിതിസൗഹാർദ്ദ സുസ്ഥിര വികസനത്തിന്റെ സാധ്യതകൾ എന്നീ കാര്യങ്ങളെക്കുറിച്ചെല്ലാം അനുനിമിഷം സൈലന്റ്‌വാലി നമ്മെ ഓർമിപ്പിക്കും.**

മുക്കാലിയിൽ നിന്നും സൈരന്ധ്രിയിലേക്കുള്ള ജീപ്പ് സഫാരിയിലായിരുന്നു ഞങ്ങൾ. നിറയെ വളവും തിരിവുമുള്ള കാനനപാത. ഓരോ കോണിലും സന്ദർശകർക്കു കാണാൻ എന്തെങ്കിലും ദൃശ്യം പ്രകൃതി കാത്തുവച്ചിരുന്നു. പാതയുടെ തുടക്കത്തിൽ ഇരുവശവും കാപ്പിയും കുരുമുളകും കൃഷി ചെയ്തതു കാണാം. അൽപ്പം മുന്നിലോട്ടു നീങ്ങവെ കരുവാര ഊരു കാണാറായി. ആദിവാസികളാണ് ഊരിൽ താമസം. ജിപ്പ് പിന്നെയും മുന്നോട്ട്. തലേന്നെപ്പോഴോ കടന്നുപോയ ആനക്കൂട്ടം മുളകൾ വലിച്ച് റോഡിലുടനീളം ഇട്ടിരിക്കുന്നു. അങ്ങിങ്ങായി ആനപ്പിണ്ടങ്ങളും.

പരിസ്ഥിതിക്യാമ്പിനു വന്ന കുട്ടികൾക്ക് സൈരന്ധ്രി എന്ന സൈലന്റ്‌വാലിയെ പരിചയപ്പെടുത്തുക. അങ്ങനെയാണു ഞങ്ങൾ യാത്രയാരംഭിച്ചത്. മുക്കാലിയിൽ നിന്നും 20 കിലോമീറ്ററിലധികം സഞ്ചരിക്കണം സൈരന്ധ്രിയിലെത്താൻ. പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിലാണ് സൈലന്റ്‌വാലി. സഹ്യന്റെ മടിത്തട്ടിലെ മരതകതുരുത്തെന്നുപറയാം ഈ വനത്തെ. നിത്യഹരിതവനമാണ് സൈലന്റ്‌വാലി. ഇത്തരം വനങ്ങളെ ജൈവപരിണാമത്തിന്റെ കളിത്തൊട്ടിലായിട്ടാണ് ശാസ്ത്രലോകം കാണുന്നത്. ഭൗമശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ സൈലന്റ്‌വാലി ഭൂപ്രദേശത്തിന് ഏതാണ്ട് 5 കോടി വർഷം പഴക്കമുണ്ട്. പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്ന പല ജീവജാലങ്ങളെയും നമുക്കിവിടെ കാണാം.

രണ്ടു പ്രധാന നീരൊഴുക്കുകളാണ് സൈലന്റ്‌വാലി വനപ്രദേശത്ത് ഉള്ളത്. കുന്തിപ്പുഴയും ഭവാനിപ്പുഴയും. സൈലന്റ്‌വാലി ഉൾക്കാടുകളിലാണ് കുന്തിയുടെ ഉത്ഭവം. ആദ്യഘട്ടത്തിൽ ഏതാണ്ട് 20 കി.മീ. മനുഷ്യസ്പർശമേൽക്കാതെയാണ് ഒഴുകുന്നത്. മണ്ണാർക്കാടിനു സമീപം നാട്ടിൻപുറത്തേക്ക് കടക്കുന്ന കുന്തി പിന്നീട് തൂതപ്പുഴയിലൂടെ ഭാരതപ്പുഴയിൽ വിലയം പ്രാപിക്കുന്നു. ഭവാനിപ്പുഴയാണെങ്കിൽ നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ അപ്പർ ഭവാനിയിൽ ഉത്ഭവിച്ച് കേരളത്തിൽ പ്രവേശിച്ചതിനു ശേഷം വടക്കുനിന്നും തെക്കോട്ടൊഴുകി അട്ടപ്പാടിയിലെ മുക്കാലിയിൽ വച്ച് കിഴക്കോട്ട് (90ഡിഗ്രി) തിരിഞ്ഞൊഴുകുന്നു. കാവേരി നദിയുടെ പോഷകനദി കൂടിയാണ് ഭവാനിപ്പുഴ.

പച്ചക്കാട് ആരംഭിക്കുന്ന പാന്തംതോട് എന്ന സ്ഥലവും കടന്ന് ഞങ്ങളുടെ സഫാരി മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. സൈലന്റ് വാലി വനത്തിനുള്ളിലെ പല സ്ഥലനാമങ്ങളും വിശേഷപ്പെട്ടതാണ്. മഹാഭാരത കഥയുമായി ബന്ധപ്പെട്ട നാമങ്ങൾ ആണ് മിക്കവയും. സൈരന്ധ്രി, കുന്തി, പാത്രക്കടവ്, പാന്തംതോട് (പാണ്ഡ

വൻ തോട്), വാളക്കാട്... അങ്ങനെ രസകരമായ പേരുകൾ.

പാതയോരത്തു സന്ദർശകരെ കാത്തെന്നോണം തല ഉയർത്തി നിലകൊണ്ട വലിയ കാട്ടുപ്ലാവിനരികെയെത്തിയപ്പോൾ വണ്ടി നിർത്തി. സൈലന്റ്‌വാലിയുടെ സ്വന്തം മുത്തശ്ശിപ്ലാവ്. 200 വർഷത്തെ കാടിന്റെ ചരിത്രമെങ്കിലും ഈ മുത്തശ്ശിപ്ലാവിന് പറയാനുണ്ടാകും. കായ് പിടിക്കാനാരംഭിച്ചാൽ ഒട്ടേറെ വന്യജീവികളെ ഇതിന്റെ പരിസരത്ത് കാണാം. ആനകൾ പ്ലാവിന്റെ തടിയിൽ മുൻകാലുകൾ ഉയർത്തിവച്ച് ഇതിന്റെ ഇളം ചക്കകൾ പിഴുതുതിന്ന കഥകൾ പഴമക്കാർ പറയാറുണ്ട്. സൈലന്റ്‌വാലി ജലവൈദ്യുതപദ്ധതിയിലാരംഭിച്ച്, സൈലന്റ്‌വാലി ദേശീയോദ്യാനത്തിലവസാനിച്ച സമരചരിത്ര സംഭവങ്ങളുടെ മുതിർന്ന ദൃക്സാക്ഷി കൂടിയാണ് ഈ മുത്തശ്ശിപ്ലാവ്. പലപ്പോഴും സിംഹവാലൻ കുരങ്ങും മലയണ്ണാനും ഇതിന്റെ ചക്കകൾ കാർന്നു തിന്നുന്നതു കാണാം. സൈരന്ധ്രിയിലേക്കുള്ള റോഡുപണിയുടെ ഒരു ഘട്ടത്തിലും ഈ മരം ഒരു തടസ്സമായിട്ടില്ല.

ഞങ്ങൾ യാത്ര തുടർന്നു. കാനനപാതയുടെ വലതു വശത്ത് ചെറിയ ചെറിയ പാറക്കെട്ടുകളിൽ വെള്ളം കിനിഞ്ഞിറങ്ങുന്നു. നനവുള്ള പാറകളിൽപറ്റിപ്പിടിച്ചു വളരുന്ന പാറത്താമരകളിൽ പിങ്ക് നിറത്തിലുള്ള പൂക്കൾ. നിശ്ശബ്ദമായി വേണം വണ്ടിയിലിരിക്കാൻ. മൃഗങ്ങൾക്കു ശല്യമാവരുത്. അവിടം അവരുടേതാണ്. സമീപത്തെ മരത്തിനുമുകളിൽ ചാഞ്ചാടുന്ന കരിങ്കുരങ്ങുകൾ. ഭാഗ്യമുള്ളവർക്ക് സിംഹവാലൻ കുരങ്ങുകളെയും കാണാം.

യാത്ര തുടരവേ പെട്ടെന്നാണ് ഒരു കരിമ്പുലി റോഡിനു കുറുകെ നടന്ന് ഉൾക്കാട്ടിലേക്കു കയറിപ്പോയത്. അപ്രതീക്ഷിത കാഴ്ച! ചിലരെങ്കിലും അതു കണ്ടില്ല. കണ്ടവരാകട്ടെ ആകെ ഞെട്ടിത്തരിച്ചിരുന്നുപോയി.

സൈലന്റ്‌വാലിയുടെ കോർ ഏരിയായിലേക്കുള്ള പ്രവേശകവാടവും കടന്ന് ഞങ്ങൾ അല്പം കൂടി മുന്നോട്ടുനീങ്ങി. വാഹനത്തിലുള്ള യാത്ര അവിടെ അവസാനിക്കും. തൊട്ടടുത്ത് ഒരു വാച്ച്ടവർ ഉണ്ട്. സൈരന്ധ്രിയിലേക്കു പോകുന്നതിനു മുൻപ് അതിലൊന്നു കയറണം. ടവറിൽനിന്നുമുള്ള കാഴ്ച കാണേണ്ടതു തന്നെയാണ്. പച്ചപ്പ് അതിന്റെ എല്ലാ ഗാംഭീര്യത്തോടും സൗന്ദര്യത്തോടും കാണാം. ഓരോ ദിക്കിലും വ്യത്യസ്ത ദൃശ്യങ്ങൾ. തളംകെട്ടി നിൽക്കുന്ന കോട ഓരോ സ്ഥാനത്തുനിന്നും മാറുമ്പോൾ വേദിയിലെ യവനിക നീങ്ങിയാലെന്നപോലെ പുതുപുത്തൻ പ്രകൃതിദൃശ്യങ്ങൾ തെളിഞ്ഞുവരും. ടവറിൽ നിന്നു നോക്കുമ്പോൾ താഴെ കുന്തിപ്പുഴയും കാണാം. ഞങ്ങൾ ടവറിൽ നിന്നിറങ്ങി. കുന്തിപ്പുഴയിലേക്ക് ഇനി നടന്നേ പോകാനാകൂ. ഒരു കിലോമീറ്ററോളം.

എന്താണ് സൈലന്റ്‌വാലി കാടുകളുടെ ജൈവസമ്പന്നത? 211 ജാതി പക്ഷികളും 41 ജാതി സസ്തനികളും 42 ജാതി ഉരഗങ്ങളും 46 ഇനം ഉഭയജീവികളും 1110 ഇനം സസ്യങ്ങളും 92 ഇനം ചിത്രശലഭങ്ങളും 108 ഇനം ഓർക്കിഡുകളും 23 ഇനം മത്സ്യങ്ങളും സൈലന്റ്‌വാലി കാടുകളെ ആശ്രയിച്ചു ജീവിക്കുന്നു. ഇവയിൽ പലതും ഇവിടെ മാത്രം കാണപ്പെടുന്ന ജീവജാതികൾ കൂടിയാണ്. വംശനാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന ജീവജാതികളെയും കാണാം. ഇനിയും ഒത്തിരി ജീവജാതികളെ കണ്ടെത്താനുമിരിക്കുന്നു. *ഇപ്സിയ മലബാറിക്ക*



സിംഹവാലൻ കുരങ്ങ്

എന്ന ഓർക്കിഡ് സൈലന്റ് വാലിയിലെ പുൽമേടുകളിൽ കാണപ്പെടുന്നു. മഞ്ഞനിറത്തിൽ ഭംഗിയുള്ള പൂക്കൾ പുൽമേടുകളിൽ പ്രത്യക്ഷപ്പെടുമ്പോൾ *ഇപ്സിയ*യുടെ സാന്നിധ്യം നമുക്ക് മനസ്സിലാക്കാം.

സൈലന്റ്‌വാലി എന്നു കേൾക്കുമ്പോൾ എല്ലാവരുടെയും മനസ്സിലെത്തുന്നയൊരാളുണ്ട്. സിംഹവാലൻ കുരങ്ങ്. പശ്ചിമഘട്ടത്തിൽ ഉത്തരകന്നട മുതൽ നമ്മുടെ അഗസ്ത്യാർകൂടം വരെയുള്ള നിത്യഹരിതവനങ്ങളിൽ മാത്രമാണ് ഈ കുരങ്ങുകൾ കാണപ്പെടുന്നത്. സൈലന്റ്‌വാലിയിലെ നിത്യഹരിതവനങ്ങളാകട്ടെ അവയുടെ ഏറ്റവും പ്രബലവും വിസ്തൃതവുമായ ആവാസവ്യവസ്ഥയാണ്. സിംഹവാലനും നിത്യഹരിതവനങ്ങളിലെ വെടിപ്ലാവും തമ്മിലുള്ള ബന്ധം വളരെ പ്രസിദ്ധമാണ്. വെടിപ്ലാവുകളാൽ സമ്പന്നമാണ് സൈലന്റ്‌വാലി വനമേഖല.

കേരളത്തിലെ ഒട്ടുമിക്ക വന്യജീവികളുടെയും പ്രാതിനിധ്യം സൈലന്റ് വാലിയിലും കാണാം. കടുവ. ആന, പുള്ളിപ്പുലി, കാട്ടി, മ്ലാവ്, കേഴമാൻ, കൂരമാൻ, കാട്ടുമുയൽ, രാജവെമ്പാല, കരിങ്കുരങ്ങ്, വരയാട് എന്നിവയെല്ലാം സൈലന്റ് വാലിയിലെ താമസക്കാർ തന്നെ.

സൈലന്റ്‌വാലിയുടെ കോർഏരിയായിലൂടെ അരമണിക്കൂറോളം ഞങ്ങൾ നടന്നു. അൽപ്പം അകലെ കുന്തിപ്പുഴ കാണാം. പുഴയ്ക്കു കുറുകെ ഒരു തൂക്കുപാലവും. സൈരന്ധ്രിയുടെ പ്രകൃതിയിലൂടെയുള്ള ഞങ്ങളുടെ യാത്ര അവിടെ അവസാനിക്കുകയാണ്. കുറച്ചുസമയം അവിടെ ചിലവഴിക്കാം. പിന്നെ തിരികെ പോരണം. സൈരന്ധ്രിയിൽനിന്നും തിരിച്ചുപോകുമ്പോൾ ഒരു പുസ്തകത്തിനും നൽകാനാവാത്ത പാഠങ്ങളാണ് സൈലന്റ്‌വാലി നമ്മെ പഠിപ്പിച്ചിട്ടുണ്ടാവുക. കാടിനുള്ളിലെ ഓരോ ജീവികളുടെയും നിലനിൽപ്പു തന്നെയാണ് നമ്മുടെയും നിലനിൽപ്പ് എന്ന ബോധ്യമാണ് അതിലേറ്റവും പ്രധാനം.




വനംവകുപ്പുമായിച്ചേർന്ന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച സർഗവസന്തം 2016 പ്രകൃതിപഠന ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾ കുന്തിപ്പുഴയിലേക്കുള്ള യാത്രയിൽ.

## അട്ടപ്പാടി

അട്ടപ്പാടി എന്നത് ഒരു സ്ഥലനാമമല്ല. ഒരു പ്രദേശത്തിന്റെ പേരാണത്. 745 ചതുരശ്ര കി. മീ വിസ്തൃതിയുള്ള ഒരു പ്രദേശം. അട്ടപ്പാടി ബ്ലോക്കിന്റെ തെക്ക് പടിഞ്ഞാറ് ചെരുവിനോട് ചേർന്നാണ് സൈലന്റ്‌വാലി ദേശീയോദ്യാനം. അട്ടപ്പാടിയിലെ ജനസംഖ്യയിൽ ആദിവാസികളും കുടിയേറ്റക്കാരുമാണ് പ്രമുഖർ. കുറുമ്പർ, മുഡുഗർ, ഇരുളർ എന്നിവരാണ് ആദിവാസിവിഭാഗങ്ങൾ. ആദിവാസികൾ ഊരുകളായി തിരിഞ്ഞ് താമസിക്കുന്നു. ഇവിടത്തെ ആദിവാസികൾ അനുവർത്തിക്കുന്ന കൃഷിരീതികൾ ശ്രദ്ധേയമാണ്. പലരും കാലിവളർത്തലിലും ഏർപ്പെട്ടിരിക്കുന്നു. കിഴക്കൻ അട്ടപ്പാടിയിലെ 1000 മില്ലീമീറ്ററിൽ താഴെ ശരാശരി വർഷപാതം ലഭിക്കുന്ന പ്രദേശങ്ങൾ മഴനിഴൽ പ്രദേശം കൂടിയാണ്.

ഭരണിക്കാവ് കൃഷ്ണൻ

b, M എന്നീ അക്ഷരങ്ങൾ ഉപയോഗിച്ച് പക്ഷിയെ വരയ്ക്കാം.









സൈലന്റ് വാലിയിൽ നടന്ന പ്രകൃതിപഠന ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾ വനത്തിലൂടെയുള്ള ട്രക്കിങ്ങിനിടയിൽ വിശ്രമിക്കുന്നു.

# രാജശാസനങ്ങളിലെ തിരുവിതാംകൂർ

ഡോ. എം ജി ശശിഭൂഷൺ


തിരുവിതാംകൂറിന്റെയും അതിനുമുമ്പുള്ള വേണാടിന്റെയും അവരുടെ ഉറ്റ ബന്ധുക്കളായിരുന്ന ആയികളുടെയും പൂർവചരിത്രം അറിയാൻ രാജശാസനങ്ങളും ക്ഷേത്രരേഖകളും കുറച്ചൊന്നുമല്ല സഹായിക്കുന്നത്. വേണാടു ഭരിച്ചിരുന്ന അയ്യനടികൾ നൽകിയ തരിസാപ്പള്ളി ചെപ്പേടുകൾ (സി ഇ 849) തീയതിയും വർഷവും കൃത്യമായി പറയാൻ കഴിയുന്ന വേണാടിന്റെ ആദ്യ ശാസനങ്ങളിലൊന്നാണ്. കോട്ടയം ചെപ്പേടുകൾ, സിറിയൻ ക്രിസ്ത്യൻ ചെപ്പേടുകൾ എന്നും ഇതിന് പേരുണ്ട്. *ഏശോ ദതപിരായി*ക്ക് കുരക്കേണിക്കൊല്ലത്തെ തരിസാപ്പള്ളി സംരക്ഷിക്കവാൻ വേണാട്ടു രാജാവ് കൊടുത്ത ഭൂമിദാനമാണിത്. ഭൂമിയോടൊപ്പം നാലു കുടി ഈഴവരെയും ഒരു കുടി വണ്ണാരരെയും രണ്ടുകുടി എരുവിയരെയും (ഉപ്പുണ്ടാക്കുന്നവർ) ഒരു കുടി തച്ചരെയും (ആശാരിമാർ) നാലുകുടി വെള്ളാളരെയും അടിമകളെയും രാജാവ് പള്ളിക്കു വിട്ടുകൊടുക്കുന്നുണ്ട്. അഞ്ച് ഏടുകളായി ഒൻപതു പുറങ്ങളാണ് ഈ ചെപ്പോടിൽ. പഴയ മലയാളമാണ് ഭാഷ. ലിപി വട്ടെഴുത്തും. അവസാനത്തെ ഏടിൽ കുഫിക്, പഹ്‌ലവി, ഹീബ്രു ലിപികളിലുള്ള കയ്യൊപ്പുകളും കാണാം.

തളക്കാണം (തെങ്ങും പനയും കേറാനുള്ള തളപ്പിനുള്ള നികുതി), ഏണിക്കാണം (ഏണിക്കുള്ള നികുതി), തലവില(പുരുഷ ജോലിക്കാർക്കുള്ള നികുതി), മുലവില (സ്ത്രീ ജോലിക്കാർക്കുള്ള നികുതി) എന്നിവയെപ്പറ്റിയും തരിസാപ്പള്ളി പട്ടയത്തിൽ പരാമർശിക്കുന്നുണ്ട്. അഞ്ചുവണ്ണം, മണിഗ്രാമം തുടങ്ങിയ കച്ചവടസംഘങ്ങളുടെ സാന്നിധ്യത്തിലാണ് പട്ടയം എഴുതപ്പെട്ടത്.

## പാർത്ഥിവപുരം ശാസനം

കരുനന്തടക്കൻ എന്ന ആയിരാജാവിന്റെ ഒൻപതാം ഭരണവർഷത്തിൽ (ഏ ഡി 855) പുറപ്പെടുവിച്ച പാർത്ഥിവപുരം ചെപ്പേടുകൾക്കും തിരുവിതാംകൂർ ചരിത്രത്തിൽ അതിയായ പ്രാധാന്യമുണ്ട്. കന്യാകുമാരി ജില്ലയിലെ മുഞ്ചിറയിലെ ഉഴക്കുടിവിളവിലയ്ക്കു വാങ്ങിയാണ് കരുനന്തടക്കൻ അവിടെ വിഷ്ണുക്ഷേത്രം നിർമിച്ചതും





ക്ഷേത്രോത്സവങ്ങൾ, അഞ്ചുതരം വാദ്യങ്ങൾ, വിദ്യാർത്ഥികൾ പാലിക്കേണ്ട നിയമങ്ങൾ എന്നിവയെല്ലാം പാർത്ഥിവപുരം ശാസനത്തിൽ പരാമർശിക്കപ്പെടുന്നു. വിദ്യാലയം കാന്തളൂർ വിദ്യാലയത്തിന്റെ മാതൃകയിലാണ് പ്രവർത്തിക്കുക എന്നു പറയുന്ന ഭാഗം ശ്രദ്ധേയമാണ്. വിദ്യാർത്ഥികൾ ശാലയിൽ തന്നെ താമസിക്കണമെന്നും വെള്ളാട്ടികളെ താമസിക്കുന്ന സ്ഥലത്ത് പ്രവേശിപ്പിക്കരുതെന്നും പാർത്ഥിവപുരം ശാസനത്തിൽ എടുത്തുപറയുന്നു.

ക്ഷേത്രത്തോടനുബന്ധിച്ച് ഒരു ശാല തുടങ്ങിയതും. വിദ്യാലയങ്ങളാണ് അക്കാലത്ത് ശാലകളായി അറിഞ്ഞിരുന്നത്.

ക്ഷേത്രോത്സവങ്ങൾ, അഞ്ചുതരം വാദ്യങ്ങൾ, വിദ്യാർത്ഥികൾ പാലിക്കേണ്ട നിയമങ്ങൾ എന്നിവയെല്ലാം ഈ ശാസനത്തിൽ പരാമർശിക്കപ്പെടുന്നു. ഈ വിദ്യാലയം കാന്തളൂർ വിദ്യാലയത്തിന്റെ മാതൃകയിലാണ് പ്രവർത്തിക്കുക എന്നു പറയുന്ന ഭാഗം ശ്രദ്ധേയമാണ്. വിദ്യാർത്ഥികൾ ശാലയിൽ തന്നെ താമസിക്കണമെന്നും വെള്ളാട്ടികളെ (അടിച്ചുതളിക്കാരെ) താമസിക്കുന്ന സ്ഥലത്ത് പ്രവേശിപ്പിക്കരുതെന്നും പാർത്ഥിവപുരം ശാസനത്തിൽ എടുത്തു പറയുന്നു.

## തിരുവിടൈക്കാട് ശാസനവും പാലിയം ചെപ്പേടും

കരുനന്തടക്കന്റെ 14-ാം ഭരണവർഷമാണ് തിരുവിടൈക്കാട് ശാസനം എഴുതുന്നത്. തിരുവിടൈക്കാട് ശിവക്ഷേത്രത്തിൽ കെടാവിളക്ക് കത്തിക്കാൻ ചെയ്ത വ്യവസ്ഥകളെപ്പറ്റി ഇതിൽ പറയുന്നു. വിക്രമാദിത്യ വരഗുണൻ എന്ന ആയിരാജാവ് സി. ഇ. 898 - ൽ പുറത്തിറക്കിയ പാലിയം ചെപ്പേട് ശ്രീമൂലവാസമെന്ന വിഹാരത്തിനുള്ള ഒരു ഭൂമിദാനമാണ്.

പാലിയം ചെപ്പേടിലെ കാലൻ, സൂര്യൻ എന്നീ പരാമർശങ്ങൾ, പരാന്തക ചോളനെയും അദ്ദേഹത്തിന്റെ പിതാവായ ആദിത്യചോളനെയും പരാമർശിക്കുന്നതായി വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ചോളന്മാർ, പാണ്ഡ്യരെ തോൽപ്പിച്ചശേഷം ആയികളെ കീഴടക്കാൻ സന്നദ്ധരായ കാലത്താകാം പാലിയം ചെപ്പേടിന്റെ പിറവി.

## മറ്റു രാജശാസനങ്ങൾ

ആയികളും വേണാടും തമ്മിലുള്ള ബന്ധത്തെപ്പറ്റി പരാമർശിക്കുന്ന രേഖകളൊന്നും ചരിത്രകാരർക്ക് ഇനിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

പത്താംനൂറ്റാണ്ടിന്റെ അവസാനപാദത്തിൽ വേണാടു രാജാവായിരുന്ന ശ്രീ വല്ലഭൻ കോതയുടെ മൂന്നു ശാസനങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ട്. മാമ്പള്ളിപ്പട്ടയവും തിരുവൻവണ്ടൂർ ക്ഷേത്രത്തിലെ രണ്ടു ലിഖിതങ്ങളുമാണ് അവ. നന്റുഴൈനാട് അക്കാലത്ത് വേണാടിന്റെ കീഴിലായിരുന്നു. നന്റുഴൈനാട്ടിലെ തൃക്കൊടിത്താനം ക്ഷേത്ത്രിലെ ഉത്സവത്തിൽ ഈ രാജാവ് കാണിച്ച താത്പര്യം തൃക്കൊടിത്താനം രേഖകളിലൊന്നിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. കിളിമാനൂരിനടുത്തുള്ള ദേവീദേവേശ്വരം ക്ഷേത്രത്തിനോടുള്ള രാജാവിന്റെ പ്രത്യേക താത്പര്യവും മറ്റൊരു ചെമ്പോലയിൽ നിന്നറിയാൻ കഴിയുന്നു.

വേണാടു രാജാവായിരുന്ന വീരരവിവർമയുടെ (1155-65) ശാസനങ്ങൾ ഐരാണിക്കുളത്തു (ചാലക്കുടി) നിന്നും ഉദയംപേരൂർ (തൃപ്പൂണിത്തുറ) നിന്നും ലഭിച്ചിട്ടുണ്ട്. ഐരാണിക്കുളം, മൂഴിക്കുളം, പറവൂർ, ഇരിഞ്ഞാലക്കുട, പെരുവനം ഗ്രാമക്കാരുടെ പ്രതിനിധികൾ, വേണാടിന്റെ അന്നത്തെ കുലക്ഷേത്രമായിരുന്ന കീഴ്പ്പേരൂർ തൃപ്പാൽക്കടൽ ക്ഷേത്രത്തിന്റെ ഭരണസമിതി അംഗങ്ങളായിരുന്നുവെന്നു കിളിമാനൂർ പട്ടയം സ്ഥിരീകരിക്കുന്നു.

ദേവീദേവേശ്വരം ക്ഷേത്രം (കിളിമാനൂർ) ശ്രീ വല്ലഭൻ കോതയുടെ മാതാവു പണിയിച്ചു എന്നും ആ ക്ഷേത്രത്തിനു ധാരാളം വസ്തുവകകൾ ശ്രീ വല്ലഭൻകോത നൽകിയിരുന്നെന്നും കൊല്ലൂർ മഠം ചെപ്പേടിൽ നിന്നു വ്യക്തമാകുന്നുണ്ട്.

വീരകേരളവർമന്റെ ഭൂദാനമാണ് (1126) ചോളപുരം ലിഖിതത്തിൽ. ശുചീന്ദ്രം ക്ഷേത്രത്തിലും വീരകേരളന്റെ (1150) ലിഖിതമുണ്ട്.

മണികണ്ഠരാമവർമയുടെ (1196-1205) മിത്രാനന്ദപുരം രേഖയും വെള്ളായിണി രേഖയും പുരവശ്ശേരി രേഖയും സാംസ്കാരിക ചരിത്രത്തിനു വിലപ്പെട്ട സംഭാവനകൾ നൽകുന്നു. വെള്ളായിണി ശാസനത്തിൽ, വളഞ്ചിയരെ (കപ്പൽ വ്യാപാരികളെ) പരാമർശിക്കുന്നുണ്ട്. കരമനയാറുവഴി വലിയ വഞ്ചികളിൽ കച്ചവടക്കാർ വിഴിഞ്ഞത്തുനിന്ന് അക്കാലത്ത് തിരുവനന്തപുരത്തേക്ക് എത്തിയിരുന്നിരിക്കാം.



രാമകേരളവർമയുടെ (1205 –1225) ലിഖിതങ്ങൾ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ നിന്നും വെള്ളലൂർ (കിളിമാനൂർ), കഠിനംകുളം എന്നീ ക്ഷേത്ര ങ്ങളിൽനിന്നും ലഭിച്ചിട്ടുണ്ട്. കണ്ടിയൂർ, തിരുവല്ലം, മണലി ക്കര ക്ഷേത്രങ്ങളിൽ രവികേ രളവർമയുടെ ലിഖിതങ്ങൾ കാണാം. ക്ഷേത്രഭരണത്തിൽ രാജാവിനെ സഹായിച്ചിരുന്ന കോതനല്ലൂർസഭയെപ്പറ്റി മണ ലിക്കര ലിഖിതം പറയുന്നു. ക്ഷേത്രച്ചടങ്ങുകളിൽ ബ്രാഹ്മണസന്യാസിക്കുള്ള പ്രാധാന്യമാണ് തിരുവല്ലം ലിഖിതത്തിൽ. കുറുങ്കടി ഉണ്ണിക്കളത്തിരത്തിന്റെ അപേക്ഷപ്രകാരം കണ്ടിയൂർ ക്ഷേത്രം രവികേരളവർമ രാജാവ് പുനർനിർമിച്ചതിനെ പ്പറ്റി കണ്ടിയൂർ ക്ഷേത്ര ലിഖി തങ്ങളിലൊന്നിൽ പരാമർശ മുണ്ട്. വർക്കല 13–ാം നൂറ്റാ ണ്ടിൽ ഉദയമാർത്താണ്ഡപുര മായി അറിഞ്ഞിരുന്നുവെന്ന് 1252–ലെ വർക്കല ക്ഷേത്രരേ ഖയിലും കാണാം.

രവിവർമകുലശേഖരൻ എന്ന വേണാട്ടുരാജാവിന്റെ (1299–1314) രാജശാസനങ്ങൾ ശ്രീരംഗം, കാഞ്ചീപുരം, തിരുവാടി, പൂനമല്ലി, തിരുവ നന്തപുരം തുടങ്ങിയ ക്ഷേത്ര ങ്ങളിൽ നിന്നു കണ്ടെത്തിയി ട്ടുണ്ട്.

മുള്ളിനാടെന്നും തിരുവടി ദേശമെന്നും മറ്റും അറിഞ്ഞി രുന്ന തിരുനെൽവേലിയിലെ വേണാടു പ്രദേശത്തുനിന്നു ലഭിച്ച രാജലിഖിതങ്ങളിൽ ഏറ്റവും പ്രശസ്തം തിരുക്കു റുംകുടിമണി ലിഖിതമാണ്. ആദിത്യവർമ വിശാഖം തിരു നാളിന്റെ 1469–ലെ ലിഖിതമാ ണിത്.

വിശാഖംതിരുനാൾ ആദി ത്യവർമൻ വഞ്ചിരാജ്യം ഭരി ച്ചിരുന്നുവെന്നും അദ്ദേഹം ചിറവാമണ്ഡലത്തിന്റെ അധിപനും ജയസിംഹന്റെ വംശത്തിൽ ജനിച്ച ആളായി രുന്നുവെന്നും ഈ ലിഖിതം പറയുന്നു. മണ്ണാപ്പേടിയും പുലപ്പേടിയും നിർത്തലാ ക്കിയ ഇരണിയൽ രാജകുമാ രന്റെ (കോട്ടയം കേരളവർമ) കൊല്ല വർഷം 871 മകരം 25 –ലെ വിളംബരവും ചരിത്രരച നയെകുറച്ചൊന്നുമല്ല സഹാ യിക്കുന്നത്. എട്ടരയോഗം, ക്ഷേത്രപൂജ നടത്തിയിരുന്ന പാരമ്പര്യശാന്തിക്കാർ, വൈദികവിധി പ്രകാരം നടത്തിയിരുന്ന നമ്പൂതിരി സന്യാസിമാർ, ക്ഷേത്രകാ ര്യങ്ങൾ പോഷിപ്പിക്കാനുള്ള അഞ്ചുമഠങ്ങൾ, രാജാക്ക ന്മാരുടെയും ഇതരവ്യക്തി കളുടെയും കാണിക്കകൾ, ക്ഷേത്രഭൂമിയിൽ കൃഷിചെ യ്തിരുന്ന കർഷകരും കരം പിരിവുകാരും തമ്മിലുള്ള നിരന്തര സംഘർഷങ്ങൾ, ക്ഷേത്രദർശനം നടത്തുന്ന രാജകുടുംബാംഗങ്ങൾ എന്നി വരെപ്പറ്റിയെല്ലാം ഈ രേഖക ളിൽ പരാമർശങ്ങളുണ്ട്.


## മതിലകം രേഖകൾ

തിരുവിതാംകൂർ രാജവംശ ത്തിന്റെ പിൽക്കാല കുല ദൈവമായിരുന്ന പത്മനാഭ സ്വാമിയുടെ ക്ഷേത്രവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ, മതിലകം രേഖകൾ എന്ന പേരിൽ അറിഞ്ഞുവരുന്നു.

ജനങ്ങളുടെ ആവലാതി കൾ അറിയിക്കാൻ പടി ഞ്ഞാറെ നടയിൽ ചുവന്ന ഒരു കൊടി (രുധിരക്കൂറ) നാട്ടുന്ന പതിവ് അന്നുണ്ടാ യിരുന്നതായി മതിലകം രേഖകളിൽ നിന്നു മനസ്സിലാ ക്കാം. ക്ഷേത്രം തിരുപ്പണി യെപ്പറ്റിയുള്ള കൊ. വ. 781 ലെ രേഖയ്ക്ക് അത്യധികം ചരിത്രപ്രാധാന്യമുണ്ട്. തിരു വിതാംകൂറിന്റെ സ്രഷ്ടാവായ മാർത്താണ്ഡവർമ (1729–1758) യുടെ ക്ഷേത്രനിർമിതിയെ പ്പറ്റി രാജ്യകാര്യചുരുണക ളിൽ നിന്നറിയാൻ കഴിയും. അദ്ദേഹം നടത്തിയ യുദ്ധ ങ്ങളും ഇതേ ചുരുണയിൽ കാണാം.

ഇനിയും പ്രസിദ്ധീകരിച്ചി ട്ടില്ലാത്ത 30 ലക്ഷത്തോളം മതിലകം രേഖകൾ, കേരള പുരാരേഖാവകുപ്പിന്റെ തിരു വനന്തപുരത്തെ സെൻട്രൽ റിക്കോഡ്സ് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

ഭൂമിയിൽ നിന്നുള്ള ആദായം ഉപയോഗിച്ച് ക്ഷേത്രാനുഷ്ഠാനങ്ങൾ എങ്ങനെ നടന്നിരുന്നു എന്നു വ്യക്തമാക്കുന്നവയാണ് മാർത്താണ്ഡവർമയുടെ (1172 –1196) കിളിമാനൂർ രേഖകൾ.



# പോറ്റമ്മ


അക്കിത്തം അച്യുതൻ നമ്പൂതിരി

രണ്ടു നായ്ക്കളിതാ, കിതയ്ക്കും നക്ര-
തുണ്ഡിമാരായ് കുരച്ചു വന്നെത്തുന്നു,
'ജീവനും കൊണ്ടു മുന്നിൽശ്ശരംപോലെ
പോവുമിപ്പൂച്ച ചാവു' മെന്നാധി മേ.
പൂച്ച പക്ഷേ വഴിക്കുള്ള മാവിന്മേൽ
പൂർണവേഗമൊഴുകിക്കയറുന്നു,
ചാരെയെത്തുംവരേക്കേകതാളത്തിൽ
ഘോരഘോരം കുരച്ചൊരാ ശ്വാക്കളോ,
മാവിലേക്കൊറ്റ നോട്ടം! തലകുനി-
ച്ചാവിപോയപോൽ മൗനം ഭജിക്കുന്നു!
രണ്ടുനായ്ക്കളും കണ്ണുകൊണ്ടെങ്കിലും
മിണ്ടിയില്ലൊരു വാക്കും പരസ്പരം!
'എന്തിനിക്കൃതം നിന്നിട്ടിവിടെ?' എ-
ന്നുന്തിനീക്കും വിവേകപ്പൊലിമയിൽ
ഒന്നു പോകുന്നു തെക്കോട്ടു; മാറ്റേതോ,
വന്ന മാർഗത്തിലൂടേ വടക്കോട്ടും!
പൂശകനോ? പരതുന്നു മാവിന്റെ
പേശിതോറുമെൻ കണ്ണിലെക്കൗതുകം;
സ്ഥാവരത്തിന്റെ തോളിലാജ്ജംഗമം
കേവലസുപ്തി പൂണ്ടു കിടപ്പല്ലോ
രണ്ടു കണ്ണുമടഞ്ഞുകൊണ്ടെ,ത്രയോ
പണ്ടു തൊട്ടു തുടങ്ങിയ മാതിരി
'ഇമ്മരത്തിന്റെ യമ്മിഞ്ഞയുണ്ണുന്നൊ-
രമ്മിണിക്കുട്ടി ഞാ,'നെന്ന മാതിരി.

വര: ബോബി എം പ്രഭ

# നീർക്കോലിയുടെ കഥ

**(ജാതകകഥ)**
**ചിത്രീകരണം വെങ്കി**





**വാരാണസിയിലെ മുക്കുവർ വലയും കൂടും വച്ചാണ് നദിയിൽ മീൻ പിടിക്കാറ്. ഒരു ദിവസം അവർ വച്ച കൂട്ടിനുള്ളിൽ ഒരുപറ്റം പരൽമീനുകൾ വന്നുപെട്ടു.**




**കൂട്ടിനുള്ളിൽ അകപ്പെട്ട പരൽമീൻക്കൂട്ടം രക്ഷപ്പെടാനാവാതെ നട്ടംതിരിഞ്ഞു. ആ സമയത്താണ് ആ കൂട്ടിൽ ഒരു നീർക്കോലിയും വന്നുപെട്ടത്. പരൽമീനുകളെ കണ്ട നീർക്കോലിക്കു സന്തോഷമായി. അതു വിചാരിച്ചു.**
**"കൊള്ളാം. നല്ല പരുവം തന്നെ. ഇവയെ ഓരോന്നായി പിടിച്ചു തിന്നാം."**

**പക്ഷേ നീർക്കോലിയെക്കണ്ട പരൽമീനുകൾ കൂട്ടത്തോടെ**



അതിനെ ആക്രമിച്ചു. അവയുടെ കടിയേറ്റ് നീർക്കോലിയുടെ ദേഹമാസകലം മുറിഞ്ഞു. വല്ലവിധേനയും അത് ഇഴഞ്ഞ് കൂടിന്റെ വായ്ക്കൽ വന്നുകിടന്നു.



ഒരു തവള കൂട്ടിനടുത്തേക്ക് ചാടിവന്നത് അപ്പോഴാണ്.



നീർക്കോലി വളരെ ദയനീയമായി തവളയോടു പറഞ്ഞു. “ഇതു കണ്ടോ ചങ്ങാതീ, ഈ കൂട്ടിൽപെട്ടു പോയ എന്റെ ദുരിതം. ഈ പരൽമീനുകളെല്ലാം കൂടി എന്നെ കടിക്കുന്നു. എന്തു ന്യായമാണിത്?”

ഇതുകേട്ട തവളയ്ക്കു ചിരിയാണു വന്നത്. “കൊള്ളാം കൊള്ളാം. എന്നു മുതലാ നിനക്ക് ഈ നീതിയെയും ന്യായത്തെക്കുറിച്ചുമൊക്കെ ചിന്തയുണ്ടായത്? ഒറ്റയ്ക്ക് ഏതെങ്കിലും മീനോ തവളയോ നിന്റെ മുന്നിലകപ്പെട്ടാൽ ഉടനെ അതിനെ വിഴുങ്ങില്ലേ നീ. അന്നേരം എവിടെയാണ് നിന്റെ നീതിയും ന്യായവും? എന്തായാലും ഈ മീനുകൾ നിന്നെ കൊന്നില്ലല്ലോ. അതുതന്നെ ഭാഗ്യം.” ഇത്രയും പറഞ്ഞ് തവള അതിന്റെ പാട്ടിനുപോയി.



# രക്തദാനം ജീവദാനം

ഡോ. ബി പത്മകുമാർ

കുഞ്ഞുണ്ണിയുടെ സ്കൂളിൽ ഇത്തവണ റിപ്പബ്ലിക്ദിനാഘോഷം ഗംഭീരമായിരുന്നു. ത്രിവർണപതാക ഉയർത്തിയും മിഠായി വിതരണം ചെയ്തും വർണബലൂണുകൾ ആകാശത്തേക്കു പറത്തിയും എല്ലാവരും ചേർന്നു ദേശീയദിനം സമുചിതമായി ആചരിച്ചു. സ്കൂളിലെ അധ്യാപകരും മറ്റു ജീവനക്കാരുമെല്ലാം ചേർന്ന് വളരെ പ്രധാനപ്പെട്ട ഒരു തീരുമാനമെടുത്തു. രക്തദാനം നടത്താൻ. മെഡിക്കൽകോളജ് ആശുപത്രിയിൽപ്പോയി ഇരുപത്തിയഞ്ചു പേരാണ് മാതൃകാപരമായ ഈ കർമം നടത്തിയത്.



വര: ടി ആർ രാജേഷ്

അടുത്തദിവസം ക്ലാസിൽ വന്ന ബയോളജി അധ്യാപകൻ റഫീക് സാർ രക്തദാനം ചെയ്തതിന്റെ ആവേശത്തിലും സന്തോഷത്തിലുമായിരുന്നു. രക്തദാനത്തെക്കുറിച്ചും ആശുപത്രി അനുഭവങ്ങളെക്കുറിച്ചുമൊക്കെ സാർ വിശദമായിത്തന്നെ സംസാരിച്ചു.

നമ്മുടെ ശരീരത്തിൽ 4 മുതൽ 6 ലിറ്റർവരെ രക്തമാണുള്ളത്. അതിൽ 55 ശതമാനം പ്ലാസ്മയും 45 ശതമാനം രക്താണുക്കളുമാണ്. രക്തമോ രക്തഘടകങ്ങളോ ഒരാളിൽ നിന്നും ശേഖരിച്ച് മറ്റൊരാളിന്റെ ശരീരത്തിലേക്കു കടത്തിവിടുന്ന രീതിയാണു രക്തസന്നിവേശം. ജീവൻദാനത്തിനു തുല്യമായ മഹത്തായ ജീവകാരുണ്യ പ്രക്രിയയാണ് രക്തദാനം. പ്രധാനമായും അപകടങ്ങളെത്തുടർന്നു രക്തം നഷ്ടപ്പെടുമ്പോഴും ശാസ്ത്രക്രിയവേളയിലും അനീമയായുടെ ചികിത്സയ്ക്കുമൊക്കെയാണു രക്തം വേണ്ടിവരുന്നത്.

രക്തദാനത്തിനു തയ്യാറെടുക്കുമ്പോൾ ആദ്യത്തെ നടപടി നമ്മുടെ രക്തഗ്രൂപ്പു നിർണയിക്കലാണ്. പ്രധാനമായും നാലുതരത്തിലുള്ള രക്തഗ്രൂപ്പുകളാണല്ലോ ഉള്ളത്. എ, ബി, എ.ബി, ഒ എന്നീ ഗ്രൂപ്പുകൾ. ഈ നാലു ഗ്രൂപ്പുകളിൽത്തന്നെ ആർ. എച്ച്. എന്നു പറയുന്ന ആന്റിജൻ ഉള്ളവരെ പോസിറ്റീവ് എന്നും ആർ. എച്ച്. ആന്റിജൻ ഇല്ലാത്തവരെ നെഗറ്റീവ് എന്നും പറയുന്നു.

രക്തബാങ്കിലാണു രക്തം ശേഖരിക്കുന്നതും സൂക്ഷിച്ചു വയ്ക്കുന്നതും. എ പോസിറ്റീവ് ഗ്രൂപ്പുകാർക്ക് എ ഗ്രൂപ്പിന്റെയും ബി പോസിറ്റീവു ഗ്രൂപ്പുകാർക്ക് ബി ഗ്രൂപ്പിന്റെയും രക്തമാണു ചേരുന്നത്. എന്നാൽ എ.ബി ഗ്രൂപ്പുകാർക്കു മറ്റെല്ലാ ഗ്രൂപ്പുകാരുടെയും രക്തം സ്വീകരിക്കാം. ഇവരെ സാർവത്രിക രക്തസ്വീകർത്താക്കൾ എന്നു വിളിക്കുന്നു. ഒ ഗ്രൂപ്പുകാർക്കു മറ്റെല്ലാ ഗ്രൂപ്പുകാർക്കും രക്തദാനം ചെയ്യാൻ കഴിയും. ഇവരെ സാർവത്രിക രക്തദാതാക്കൾ എന്നും വിളിക്കുന്നു.

രക്തദാനം നടത്തുന്നതിനുമുമ്പു രക്തബാങ്കിൽ ചില പരിശോധനകൾ നടത്തും. രണ്ടുകാര്യങ്ങൾക്കു വേണ്ടിയാണീ പരിശോധനകൾ.

**പ്രമേഹം, അർബുദം, അപസ്മാരം, ഹൃദ്രോഗം, മാനസികരോഗങ്ങൾ തുടങ്ങിയ പ്രശ്നങ്ങളുള്ളവർ രക്തം ദാനം ചെയ്യാൻ പാടില്ല. രക്തദാനം നടത്തുന്നവരുടെ രക്തസമർദ്ദം നോർമലായിരിക്കണം. വൃക്കരോഗങ്ങൾ, കരൾരോഗങ്ങൾ, അലർജിയുടെ പ്രശ്നങ്ങൾ തുടങ്ങിയവ ഉള്ളവർ രക്തദാനത്തിനൊരുങ്ങരുത്. കൂടാതെ രക്തദാനത്തിലൂടെ പകരുന്ന രോഗങ്ങൾ രക്തദാതാവിൽ ഇല്ലെന്ന് രക്തപരിശോധനയിലൂടെ ഉറപ്പുവരുത്തണം.**



രക്തദാതാവിൽ ശാരീരികമായി മറ്റു അസുഖങ്ങളൊന്നുമില്ല എന്ന് ഉറപ്പുവരുത്തുന്നതിനും രക്തം സ്വീകരിക്കുന്ന ആളിൽ രക്തദാനത്തിലൂടെ രോഗമൊന്നും പകരുകയില്ല എന്നു ഉറപ്പാക്കാനും.

പ്രമേഹം, അർബുദം, അപസ്മാരം, ഹൃദ്രോഗം, മാനസികരോഗങ്ങൾ തുടങ്ങിയ പ്രശ്നങ്ങളുള്ളവർ രക്തം ദാനം ചെയ്യാൻ പാടില്ല. രക്തദാനം നടത്തുന്നവരുടെ രക്തസമർദ്ദം നോർമലായിരിക്കണം. വൃക്കരോഗങ്ങൾ, കരൾരോഗങ്ങൾ, അലർജിയുടെ പ്രശ്നങ്ങൾ തുടങ്ങിയവ ഉള്ളവർ രക്തദാനത്തിനൊരുങ്ങരുത്. കൂടാതെ രക്തദാനത്തിലൂടെ പകരുന്ന ചില രോഗങ്ങളുണ്ട്. മലേറിയ, എയ്ഡ്സ്, ഹെപ്പറ്റൈറ്റിസ്, സിഫിലിസ് തുടങ്ങിയവയാണവ. രക്തദാതാവിൽ ഈ രോഗങ്ങളൊന്നുമില്ലെന്നു രക്തപരിശോധനയിലൂടെ ഉറപ്പുവരുത്തണം.

ഒരു സമയം 350 മി. ലിറ്റർ രക്തമാണു ദാതാവിൽനിന്നും ശേഖരിക്കുന്നത്. രക്തദാനം കൊണ്ടു പ്രത്യേകിച്ചു ക്ഷീണമോ മറ്റു തകരാറുകളോ ഒന്നും ഉണ്ടാവുകയില്ല. എങ്കിലും രക്തദാനം ചെയ്യുന്ന ദിവസം രക്തദാതാവ് കഠിനമായ ജോലികളോ വ്യായാമമോ ഒന്നും ചെയ്യാതെയിരിക്കുന്നതാണു നല്ലത്. കൂടാതെ ധാരാളം വെള്ളവും കുടിക്കണം.

ആരോഗ്യമുള്ള ഒരാൾക്കു മൂന്നുമാസത്തിലൊരിക്കൽ രക്തം ദാനം ചെയ്യാൻ കഴിയും. ഒരു ജീവകാരുണ്യ പ്രക്രിയ എന്നതിനുപരിയായി രക്തദാനം കൊണ്ടു മറ്റു ചില ഗുണങ്ങളുമുണ്ട്. സ്ഥിരമായി രക്തം ദാനം ചെയ്യുന്നവർക്ക് ഹൃദയാഘാതം കുറവാണെന്നു പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. രക്തത്തിലെ കൊളസ്ട്രോളിന്റെ അളവും ഇരുമ്പിന്റെ അളവും നിയന്ത്രിച്ചു നിർത്താനും രക്തദാനം സഹായിക്കുന്നു. കൂടാതെ പുതിയ രക്താണുക്കൾ മജ്ജയിൽ രൂപപ്പെടാനും രക്തദാനം സഹായിക്കുന്നു.

രക്തദാനത്തെക്കുറിച്ച് റഫീക് സാറിന്റെ ക്ലാസ് കുട്ടികൾക്കെല്ലാവർക്കും വളരെയേറെ ഇഷ്ടമായി. ''രക്തം ദാനം ചെയ്തപ്പോൾ സാറിനു വേദനിച്ചോ?'' കൂട്ടത്തിലെ പാർവതിയുടെ ചോദ്യമാണ്. ''ഒരു വേദനയുമില്ല.'' സാർ പറഞ്ഞു. ഒരു സൂചി കുത്തുന്ന ചെറിയ വേദന മാത്രമേ തോന്നിയുള്ളൂ. രക്തമെടുത്ത ഭാഗത്തെ പൊട്ടുപോലുള്ള പാടും സാർ കുട്ടികളെ കാണിച്ചു. ഒട്ടിച്ചു വച്ച ബാന്റ്എയ്ഡ് 6 മണിക്കൂറിനുശേഷം എടുത്തുകളയാമെന്നും സാർ പറഞ്ഞു. ഇതെല്ലാം കേട്ടുകൊണ്ടിരുന്ന ബാലുവിന് ആവേശമായി. ''സാർ എനിക്കും രക്തം ദാനം ചെയ്യാമോ?'' ''ഇല്ല. കുട്ടികൾക്ക് രക്തദാനം അനുവദിച്ചിട്ടില്ല. 18 നും 65 നും മധ്യേ പ്രായമുള്ളവർക്കു മാത്രമേ രക്തദാനം ചെയ്യാൻ സാധിക്കുകയുള്ളൂ. അതുവരെ നിങ്ങളെല്ലാവരും കാത്തിരിക്കുക.'' സാർ പറഞ്ഞുനിർത്തി.

# അപ്പൂപ്പൻ

**കിളിരൂർ രാധാകൃഷ്ണൻ**

വിവേക് സ്കൂൾ ബസിൽ നിന്നും ചാടിയിറങ്ങി ഗേറ്റ് ശബ്ദത്തോടെ തള്ളിത്തുറന്ന് അകത്തേക്ക് ഓടുമ്പോൾ ഉറക്കെ വിളിച്ചു പറഞ്ഞു.

“അപ്പൂപ്പാ ഇതു കണ്ടോ എനിക്കു കിട്ടിയ സമ്മാനം. കഥപറച്ചിലിന് ഫസ്റ്റ്...”

തിളങ്ങുന്ന ഒരു ചെറിയ ട്രോഫി വലതുകൈയിൽ ഉയർത്തിപ്പിടിച്ച് അവൻ സിറ്റൗട്ടും കടന്ന് ഹാളിലേക്ക് ഓടിക്കയറി. സാധാരണ ഈ സമയത്ത് അപ്പൂപ്പൻ സിറ്റൗട്ടിലാണ് ഇരിക്കാറുള്ളത്. മമ്മി വരാറാകുമ്പോൾ എഴുന്നേറ്റ് തന്റെ മുറിയിലേക്കു വലിയും. അതാണു പതിവ്. അല്ലെങ്കിൽ മമ്മി ‘ദുശ്ശകുനം’ എന്നൊക്കെ വിളിച്ച് അപ്പൂപ്പനെ സങ്കടപ്പെടുത്തും! ഇന്നു മമ്മി നേരത്തേ വന്നുവോ? ഇല്ലല്ലോ? മമ്മിയുടെ കാർ പോർച്ചിൽ കണ്ടില്ലല്ലോ. പിന്നെന്താ അപ്പൂപ്പൻ നേരത്തേ മുറിയിലേക്കു പോയത്? പതിവുള്ള തലവേദനയായിരിക്കുമോ?

വിവേക് വായ്ത്താരി ആവർത്തിച്ചുകൊണ്ട് അപ്പൂപ്പന്റെ മുറിയിലേക്കു കടന്നു. അപ്പൂപ്പൻ അവിടെയുമില്ല.

“അപ്പൂപ്പൻ ബാത്റൂമിലാണോ?”

വിവേക് ഉറക്കെ വിളിച്ചു ചോദിച്ചു. മറുപടി വന്നത് അടുക്കളയിൽനിന്നുമാണ്. ലക്ഷ്മിയമ്മയുടെ ശബ്ദത്തിൽ!

“അപ്പൂപ്പനെ മോന്റെ ഡാഡിയും മമ്മിയും കൂടി എവിടെയോ കൊണ്ടുപോയി...”

“എവിടെ? ആശുപത്രീലാ? അപ്പൂപ്പനെന്താ പറ്റീത്? തലവേദന കൂടിയോ?”

“അതൊന്നും ഈ ലക്ഷ്മിയമ്മയ്ക്ക് അറിയില്ല മോനെ... അപ്പൂപ്പന് അസുഖമൊന്നുമില്ല...!”

ലക്ഷ്മിയമ്മയുടെ ശബ്ദത്തിൽ സങ്കടവും പ്രതിഷേധവും ഉള്ളതായി വിവേകിനു തോന്നി. ഒപ്പം അവരെന്തോ ഒളിപ്പിക്കാൻ ശ്രമിക്കുന്നതായും.

“ലക്ഷ്മിയമ്മയ്ക്കറിയാം... പറയൂ... എവിടെയാണ് അപ്പൂപ്പൻ പോയത്?”

“പോയതല്ലല്ലോ... നിർബന്ധിച്ചു കൊണ്ടുപോയതല്ലേ...!” സങ്കടത്തോടെ അവർ പറഞ്ഞു.

“അതെവിട്യാന്നാ ചോദിച്ചത്?”

വിവേകിന് ആകാംക്ഷ അടക്കാനായില്ല. എന്തോ അരുതാത്തതു സംഭവിച്ചിരിക്കുന്നു. പലപ്പോഴും അപ്പൂപ്പനെ വൃദ്ധസദനത്തിൽ ആക്കുന്നതിനെക്കുറിച്ച് ഡാഡിയോട് മമ്മി പറയാറുള്ളത് അവൻ പെട്ടെന്ന് ഓർത്തു. മമ്മിക്ക് അപ്പൂപ്പനോട് വെറുപ്പാണ്.. വെറുതെ ശകാരിക്കുകയും ശപിക്കുകയും ചെയ്യും. വിവേക് അപ്പൂപ്പന്റെ അടുത്തു പോകരുതെന്നാണ് മമ്മിയുടെ കൽപ്പന. അപ്പൂപ്പന്റെ പഴങ്കഥകളും മറ്റും കേട്ടിരുന്നാൽ പഠിപ്പിൽ ശ്രദ്ധ കുറയുമത്രേ. രസമുള്ള എത്ര കഥകളാണ് അപ്പൂപ്പൻ പറഞ്ഞു തന്നിട്ടുള്ളത്. ആ കഥകൾ കേട്ടുകേട്ടാണ് വിവേക് കഥപറയാൻ പഠിച്ചതുതന്നെ. ഇന്നു കഥപറച്ചിൽ മത്സരത്തിൽ ഒന്നാം സമ്മാനം നേടുകയും ചെയ്തു. ആ ട്രോഫി അപ്പൂപ്പനെ കാണിക്കാൻ ആവേശത്തോടെ ഓടിയെത്തിയപ്പോൾ അപ്പൂപ്പനില്ല. എങ്ങനെ സങ്കടം വരാതിരിക്കും.

വിവേക് ഒന്നും കഴിക്കാതെ സോഫയിൽ ചടഞ്ഞുകൂടിയിരുന്നു. ലക്ഷ്മിയമ്മ എത്ര നിർബന്ധിച്ചിട്ടും അവൻ ഒന്നും കഴിക്കാൻ കൂട്ടാക്കിയില്ല. ടി വി യും ഓൺ ചെയ്തില്ല. പാവം അപ്പൂപ്പൻ. അപ്പൂപ്പനെക്കുറിച്ചോർത്തപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞു. സദാ മുറിയിൽ ചടഞ്ഞുകൂടിയിരുന്നുകൊള്ളണം എന്നാണ് അപ്പൂപ്പന് മമ്മി കൊടുത്തിരിക്കുന്ന കൽപ്പന. പുറത്തു സിറ്റൗട്ടിലോ മുറ്റത്തെ മാഞ്ചുവട്ടിലോ വന്നിരിക്കാൻപോലും അപ്പൂപ്പനെ അനുവദിക്കില്ല. ഒരുതരം പകപോക്കൽ പോലെയാണ് മമ്മിയുടെ പെരുമാറ്റം. അപ്പൂപ്പൻ എന്തു തെറ്റു ചെയ്തു?

**വിവേക് ഒന്നും കഴിക്കാതെ സോഫയിൽ ചടഞ്ഞുകൂടിയിരുന്നു. ലക്ഷ്മിയമ്മ എത്ര നിർബന്ധിച്ചിട്ടും അവൻ ഒന്നും കഴിക്കാൻ കൂട്ടാക്കിയില്ല. ടി വി യും ഓൺ ചെയ്തില്ല. പാവം അപ്പൂപ്പൻ. അപ്പൂപ്പനെക്കുറിച്ചോർത്തപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞു.**

ഡാഡിയാണെങ്കിൽ
അറിഞ്ഞ ഭാവം നടിക്കില്ല.
മമ്മിയെ എതിർക്കാനോ
നിയന്ത്രിക്കാനോ ഡാഡി
ക്കെന്തോ പേടിയുള്ളതു
പോലെ. എങ്കിലും അപ്പൂ
പ്പനെ വൃദ്ധസദനത്തിലാ
ക്കണമെന്നുള്ള മമ്മിയുടെ
അഭിപ്രായത്തോട് ഡാഡി
യോജിച്ചിരുന്നില്ല.
പലതവണ ഇരുവരും അതു
പറഞ്ഞു വഴക്കിട്ടിട്ടുമുണ്ട്.
അപ്പോഴൊക്കെ അപ്പൂപ്പൻ
പറയാറുണ്ട്.

''നിങ്ങൾ എന്നെപ്രതി
കലഹിക്കേണ്ട. എന്നെ
ഗാന്ധിഭവനിൽ ആക്കിയേ
ക്കൂ... ഞാൻ സമാധാനമായി
അവിടെ കഴിഞ്ഞോളാം...''

മമ്മി ആ നിമിഷം
അതിനു തയ്യാറാകുമെങ്കിലും
ഡാഡിയാണ് തടസ്സം പറ
ഞ്ഞിരുന്നത്.

''അതൊന്നും വേണ്ട,
ആളുകൾ എന്തുപറയും...''

ഇന്നിപ്പോൾ അതു
സംഭവിച്ചിരിക്കുന്നു.
അപ്പൂപ്പനെ അവി
ടേക്കു തന്നെയാകും
അവർ കൊണ്ടു
പോയിരിക്കുക.
പോർച്ചിൽ കാർ
വന്നുനിൽക്കുന്ന
ശബ്ദം കേട്ട്
വിവേക് പുറ
ത്തേക്കു നടന്നു.
ഡാഡിയും മമ്മിയും
ഒരു പരുങ്ങലോടെ
യാണ് അവനെ നോക്കിയത്.
കർക്കശസ്വരത്തിൽ വിവേക്
ചോദിച്ചു.

''അപ്പൂപ്പൻ എവിടെ? ആ
പാവത്തിനെ നിങ്ങൾ എവി
ടെയാണ് തള്ളിയിട്ട് വന്നിരി
ക്കുന്നത്?''


അക്ഷരാർത്ഥത്തിൽ
ഭയന്നുകൊണ്ട് മമ്മി മയ
ത്തിൽപറഞ്ഞു.

''അതുപിന്നെ മോനേ...
അവിടെയാകുമ്പോൾ
അപ്പൂപ്പന് നല്ല കമ്പനികി
ട്ടും. എപ്പോഴും അറ്റൻഡ്
ചെയ്യാൻ ആളുണ്ട്. നല്ല
ഭക്ഷണവും കെയറും ഒക്കെ
ക്കിട്ടും. വൃദ്ധർക്ക് ഏറ്റവും
പറ്റിയ സ്ഥലമാണത്...''

അവൻ ഡാഡിയെ
നോക്കി. കുറ്റവാളിയെ
പ്പോലെ തലകുനിച്ചു
നിൽക്കുന്നു.

''അപ്പോൾ നിങ്ങൾക്ക്
വയസ്സാകുമ്പോൾ ഞാൻ
അവിടെത്തന്നെ കൊണ്ടാക്കി
യാൽ മതിയല്ലോ അല്ലേ?''

വിവേകിന്റെ ചോദ്യം
കേട്ട് മമ്മിയും ഡാഡിയും
ഇടിവെട്ടേറ്റതുപോലെ
നിന്നു. അതൊന്നും ശ്രദ്ധി
ക്കാതെ അവൻ തന്റെ മുറി
യിൽ കയറി കതകടച്ചു.
അത്താഴം കഴിച്ചില്ല. രാവിലെ
കുളിച്ച്, ഒരുങ്ങി സ്കൂളിൽ
പോയി. പ്രഭാതഭക്ഷണവും
കഴിച്ചില്ല. മമ്മിയുടെയും
ഡാഡിയുടെയും മുഖത്ത്
നോക്കിയതുപോലുമില്ല.
ഇരുവർക്കും അവനെ അഭി
മുഖീകരിക്കാൻ കഴിഞ്ഞില്ല.
അവനെ അവർ ഭയപ്പെടുന്ന
തുപോലെ തോന്നി. വൈകു
ന്നേരം വിവേക് മടങ്ങി വരു
മ്പോൾ അപ്പൂപ്പൻ ചിരിച്ചു
കൊണ്ടു സിറ്റൗട്ടിൽ ഇരി
ക്കുന്നുണ്ടായിരുന്നു. അവൻ
ഓടിച്ചെന്ന് അപ്പൂപ്പനെ
കെട്ടിപ്പിടിച്ചു. അപ്പൂപ്പൻ
അവന്റെ മൂർദ്ധാവിൽ ചുംബി
ച്ചു. ആ വൃദ്ധ നേത്രങ്ങൾ
നിറഞ്ഞൊഴുകുന്നുണ്ടായിരു
ന്നു അപ്പോൾ. വിവേകിന്റെ
കണ്ണുകളും നിറഞ്ഞു.
വാതിലിന്റെ മറവിൽനിന്ന്
ലക്ഷ്മിയമ്മയും കണ്ണു
തുടച്ചു. അപ്പോൾ പോക്കു
വെയിൽ മെല്ലെ മുറ്റത്തു
നിന്നു പടിഞ്ഞാട്ട് വേച്ചു
വേച്ച് ഇറങ്ങിപ്പോകുന്നത്
അപ്പൂപ്പൻ ശ്രദ്ധിച്ചു.



വര: ആശ ആർ



# കുട്ടികൾക്കുവേണ്ടത് ഗെയിംകളിയല്ല, വായനയാണ്

ഡോ. എം വി തോമസ്

എൽകെ ജി യിൽ പഠിക്കുന്ന കുട്ടികൾ മുതൽ ഹൈസ്കൂളിൽ പഠിക്കുന്ന കുട്ടികൾ വരെ എല്ലാവർക്കും ഇപ്പോൾ ഇഷ്ടം കമ്പ്യൂട്ടർ ഉപകരണങ്ങളിൽ ഗെയിം കളിക്കാനാണ്. കുട്ടികൾ വഴക്കുണ്ടാക്കാതെ, ചാടി മറിയാതെ അടങ്ങി ഒതുങ്ങിയിരുന്ന് ഗെയിം കളിക്കുന്നതിൽ മാതാപിതാക്കളും സന്തോഷിക്കുന്നു. അതിനാൽ നല്ല വില യുള്ള ഐ പാഡുകളും ടാബുകളും ലാപ്ടോപ്പുകളും സ്മാർട്ട് ഫോണുകളും കമ്പ്യൂട്ടറുകളും കുട്ടികൾക്ക് മാതാപിതാക്കൾ കളിക്കാൻ വാങ്ങിക്കൊടുക്കുന്നു. കമ്പ്യൂട്ടർഗെയിം കളിയിൽ മടുപ്പുതോന്നിയാൽ കുട്ടികൾ നേരേ പോകുന്നത് ടെലിവി ഷന്റെ അടുത്തേക്കാണ്. പിന്നെ കാർട്ടൂൺ ചിത്രപരമ്പരകളും സിനിമകളും ഒന്നൊന്നായി കാണും.

നമ്മുടെ ടെലിവിഷൻ ചാനലുകളിൽ ദിവസേന 25 മലയാള സിനിമകളെങ്കിലും പ്രദർശിപ്പിക്കാറുണ്ട്. ഇംഗ്ലീഷ്, ഹിന്ദി, തമിഴ് ചാനലുകളിലെ സിനിമകൾ വേറെ. മാതാപിതാക്കൾക്ക് ഒപ്പമോ ഒറ്റയ്ക്കോ ഇരുന്ന് ഇവയൊക്കെ കാണുന്നത് ചില കുട്ടികളുടെ ശീലമാണ്. മാതാപിതാക്കൾക്കൊപ്പമിരുന്ന് അറു വഷളായ സീരിയലുകൾ കാണുന്നത് ശീലമാക്കിയിട്ടുള്ള കുട്ടി കളും ഉണ്ട്.



ദൃശ്യമാധ്യമങ്ങളിലൂടെ ഗെയിം കളിക്കുന്നതും സിനിമ, സീരിയൽ കാണുന്നതും കുട്ടികളെ സംബന്ധിച്ചിടത്തോളം അത്ര നല്ല കാര്യമല്ല. അത് അവരുടെ കണ്ണുകളെ ഗുരുതര മായി ബാധിക്കും. ദൃശ്യങ്ങളുടെ ദ്രുതവേഗത്തിലുള്ള ചല നവുമായി പൊരുത്തപ്പെടാൻ കണ്ണുകൾക്കും തലച്ചോറിനും ബുദ്ധിമുട്ടുണ്ട്. ബുദ്ധിയും യുക്തിയും ചിന്തയുമൊക്കെ ഈ അവസരത്തിൽ മന്ദീഭ വിച്ചു പോകും.

കമ്പ്യൂട്ടറും ടെലിവിഷനും മറ്റു ദൃശ്യ-ശ്രാവ്യമാധ്യമ ങ്ങളും നമ്മെ കുടുംബാം ഗങ്ങളിൽ നിന്നും കൂട്ടുകാ രിൽനിന്നും സമൂഹത്തിൽ നിന്നും അകറ്റുന്നു. മറ്റുള്ള വരുമായി ആശയവിനിമയം നടത്താനോ ഇടപെടാനോ ഉള്ള അവസരങ്ങൾ നമുക്ക് നഷ്ടമാകുന്നു. പ്രകൃതി യെയും മനുഷ്യസമൂഹ ത്തെയും ജീവിതത്തെയും നിരീക്ഷിച്ചു പഠിക്കാൻ കഴിയാതെ വരുന്നു. വെറും നേരംപോക്കിലല്ലാതെ മറ്റൊന്നിലും മനസ്സു പതിപ്പി ക്കുവാൻ സന്നദ്ധരാവാത്ത അവസ്ഥയും ഉണ്ടാവുന്നു. മണിക്കൂറുകളോളം ചടഞ്ഞു കൂടിയിരുന്ന് ദൃശ്യങ്ങൾ കണ്ടു രസിക്കുന്നവരുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ കരുത്തും ഊർജസ്വലതയും നഷ്ടമാ വുന്നു. ഇത്രയും പറഞ്ഞതു കൊണ്ട് കമ്പ്യൂട്ടറും ടെലിവി ഷനും ഒന്നും നമുക്ക് വേണ്ടാ എന്നല്ല അർഥമാക്കുന്നത്. അവയുടെ അനന്തസാധ്യത കൾ ഔചിത്യപൂർവം പ്രയോ ജനപ്പെടുത്തണം. പക്ഷേ അവയ്ക്ക് അടിമപ്പെട്ടുകൂടാ.

മൂന്നുവയസ്സുമുതൽ 14 വയസ്സുവരെയുള്ള കുട്ടി ക്കാലമാണ് ഏതൊരു വ്യക്തിയുടെയും ജീവിത







ത്തിൽ നിർണായകമായിത്തീരുന്നത്. ഓടിച്ചാടി കളിക്കാനും കൂട്ടുകൂടാനും പഠിക്കാനുമുള്ള കാലമാണത്. മാതാപിതാക്കളുടെയും അധ്യാപകരുടെയും മറ്റു മുതിർന്നവരുടെയും മേൽനോട്ടത്തിലും നിയന്ത്രണത്തിലും കുട്ടികൾ സർവതോമുഖമായ വളർച്ച പ്രാപിക്കേണ്ടത് ഇക്കാലത്താണ്. അവർ എല്ലാവിധ നന്മകളും മൂല്യങ്ങളും നല്ല ശീലങ്ങളും സ്വായത്തമാക്കേണ്ടതും ഈ അവസരത്തിൽ തന്നെയാണ്. കുട്ടികൾ നമ്മുടെ സ്വന്തം സംസ്കാരവും ഭാഷയും പാരമ്പര്യങ്ങളും ഉൾക്കൊണ്ടേ മതിയാവൂ.

ദൃശ്യശ്രാവ്യ മാധ്യമങ്ങൾ കുട്ടികൾക്ക് പകർന്നു നൽകുന്ന സംസ്കാരവും ജീവിതശൈലിയും അവർക്ക് അത്രയൊന്നും അനുയോജ്യമല്ല എന്ന് മാതാപിതാക്കൾ മനസ്സിലാക്കണം. ഒന്നാംക്ലാസുമുതൽ പത്താംക്ലാസുവരെ പഠിക്കുന്ന കുട്ടികൾ മാതൃഭാഷ ഉൾപ്പെടെ വിവിധ ഭാഷകൾ പഠിക്കാനും കണക്ക് ശാസ്ത്രം, സാഹിത്യം, സാമൂഹികശാസ്ത്രം തുടങ്ങിയ അടിസ്ഥാനവിഷയങ്ങളിൽ സാമാന്യപരിജ്ഞാനം നേടാനുമാണ് പരിശ്രമിക്കുന്നത്. ഇതിനുതകുന്ന തരത്തിലാണ് അവരുടെ പാഠപുസ്തകങ്ങൾ തയ്യാറാക്കേണ്ടത്. എന്നാൽ എല്ലാ പാഠപുസ്തകങ്ങളും ഈ ലക്ഷ്യങ്ങൾ നേടത്തക്കവിധം ഉയർന്ന നിലവാരം പുലർത്തുന്നവ ആവണമെന്നില്ല. അതെന്തായാലും അവ അതതു വിഷയങ്ങളിലുള്ള പഠനത്തിന് അടിത്തറപാകുക മാത്രമാണു ചെയ്യുന്നത്.

അതിനാൽ പഠനം പൂർത്തീകരിക്കുന്നതിന് അനുബന്ധ വായനകൂടിയേ കഴിയൂ. പരീക്ഷകൾ പാസ്സായാലും വായന തുടർന്നു കൊണ്ടേ ഇരിക്കണം. അത് ആയുഷ്കാലം മുഴുവൻ തുടരേണ്ട പ്രക്രിയയാണ്. വിജ്ഞാനം ആർജിക്കുന്നതിനും വിദ്യാഭ്യാസം തുടരുന്നതിനും അടിസ്ഥാനപരമായി വേണ്ടത് പുസ്തകവായനയാണ്. ഒരു സഹായകഘടകമെന്ന നിലയിൽ ദൃശ്യ-ശ്രാവ്യമാധ്യമങ്ങളും ഉപയോഗിക്കാം. കമ്പ്യൂട്ടറും ടെലിവിഷനും മറ്റു മാധ്യമങ്ങളും വിനോദത്തിനു മാത്രമായി ഉപയോഗിക്കരുത്.

കുട്ടികൾ പ്രധാനമായും വായിക്കേണ്ടത് കുട്ടികൾക്കു വേണ്ടി രചിക്കപ്പെട്ടിട്ടുള്ള ബാലസാഹിത്യകൃതികളാണ്. ഇത്തരം കൃതികൾ ലളിതമനോഹരമായ പ്രതിപാദനം കൊണ്ടും വർണാഭമായ ചിത്രീകരണംകൊണ്ടും ആകർഷകമാവണം. ചിത്രകഥകൾ, ഐതിഹ്യങ്ങൾ, നാടോടിക്കഥകൾ, ബാലകവിതകൾ, ബാലനാടകങ്ങൾ, പ്രശസ്തകൃതികളുടെ സംഗ്രഹങ്ങൾ മുതലായവ സർഗാത്മകസാഹിത്യവിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. വിവിധ ശാസ്ത്ര- വൈജ്ഞാനിക വിഷയങ്ങൾ ചരിത്രം, ജീവചരിത്രം മുതലായവ സംബന്ധിച്ച കൃതികൾ വൈജ്ഞാനികസാഹിത്യ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ഈ രണ്ടുവിഭാഗത്തിൽപ്പെട്ട പുസ്തകങ്ങളും കുട്ടികൾ വായിക്കണം. അതിലൂടെ ഭാവനയെ ഉജ്ജ്വലിപ്പിക്കാനും വികാരവിചാരങ്ങളെ സംസ്കരിക്കാനും വിവിധ വിഷയങ്ങളിൽ അറിവു നേടാനും കഴിയും. നമ്മുടെ സംസ്കാരവും പാരമ്പര്യവും മൂല്യങ്ങളും ഉൾക്കൊള്ളാനും ഇതു സഹായിക്കുന്നു. വായിക്കുന്ന പുസ്തകത്തിന്റെ പേര്, ഗ്രന്ഥകർത്താവ്, പ്രസാധകർ, പുസ്തകം പ്രസിദ്ധപ്പെടുത്തിയ വർഷം, ആകെ പുറങ്ങൾ, പതിപ്പ്, പുസ്തകം ലഭിച്ച ഇടം, വായിച്ച് അവസാനിപ്പിച്ച തീയതി മുതലായ വിവരങ്ങൾ ഒരു നോട്ടുബുക്കിൽ കുറിച്ചുവയ്ക്കണം. പുസ്തകത്തിന്റെ സംഗ്രഹം, ശ്രദ്ധേയമായ ഭാഗങ്ങൾ, ആ ഭാഗങ്ങളെ ചേർത്തിട്ടുള്ള പേജുനമ്പർ എന്നിവകൂടി എഴുതി വയ്ക്കാവുന്നതാണ്. ഇങ്ങനെയുള്ള കുറിപ്പുകൾ ഭാവിയിൽ വളരെ പ്രയോജനപ്പെടും.



പുസ്തകങ്ങൾക്കു പുറമേ കുട്ടികൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന മാസികകളും മറ്റ് ആനുകാലികങ്ങളും വായിക്കണം. അവയിൽ നിന്നുള്ള വിവരങ്ങളും നോട്ടുബുക്കിൽ എഴുതി വയ്ക്കുന്നത് നല്ലതാണ്. ദിനപത്രങ്ങൾ മുടങ്ങാതെ വായിക്കുകയും കുറിപ്പുകൾ എടുക്കുകയും ചെയ്യണം. പുസ്തകങ്ങളും മാസികകളും കേടുപാടുകൾ കൂടാതെ സൂക്ഷിച്ചു വയ്ക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. പുസ്തകങ്ങൾ കഴിയുന്നത്ര കടംവാങ്ങുകയോ കടംകൊടുക്കുകയോ ചെയ്യരുത്. പുസ്തകങ്ങൾ ക്രമമായി യഥാസ്ഥാനത്ത് അടുക്കിവയ്ക്കണം. വായനയിൽ നമുക്കുള്ള താത്പര്യം പ്രകടമാക്കുവാൻ പുസ്തകസംരക്ഷണത്തിലുള്ള നമ്മുടെ ശ്രദ്ധയ്ക്കു കഴിയും.

കുട്ടികൾക്ക് ഒന്നാമതായി വേണ്ടത് ഗെയിം കളിയല്ല. പുസ്തകവായനയാണെന്ന് ഈ പറഞ്ഞകാര്യങ്ങളിൽ നിന്നു മനസ്സിലാക്കാവുന്നതാണ്.



സുഗതകുമാരി

# കീചക വധം

പാഞ്ചാലി ക്രോധതാപങ്ങളോടെ പറഞ്ഞു.

"യുധിഷ്ഠിരൻ ഭർത്താവായുള്ളവൾക്ക് ദു:ഖമില്ലാതിരിക്കുന്നതെങ്ങനെ? പ്രാതികാമി എന്നെ സഭയിലേക്ക് ആനയിച്ചതും സഭയിലെ മഹാവമാനവും അനുഭവിച്ചിട്ട് ഞാനല്ലാതെ ഏതു രാജപുത്രി ജീവിച്ചിരിക്കും! വനവാസത്തിനിടയിൽ ദുഷ്ടബുദ്ധിയായ ജയദ്രഥൻ പിടിച്ചുകൊണ്ടു പോയതിന്റെ അവമാനവും ഞാനറിഞ്ഞില്ലേ? ഇന്നിതാ, വിരാടരാജാവിന്റെ മുന്നിൽ ചൂതാടിക്കൊണ്ട് നമ്മുടെ പ്രഭു ഇരിക്കുമ്പോൾ കീചകൻ എന്നെ പിടിച്ചു വലിച്ചിഴച്ചു തള്ളിയിട്ടു ചവിട്ടിയത് അങ്ങ് അറിഞ്ഞില്ലെന്നുണ്ടോ? മത്സ്യരാജന്റെ സ്യാലനാണാ നീചൻ. കുറെനാളായി ഭാര്യയാകാനായി അവനെന്നെ ക്ഷണിക്കാറുണ്ട്. അതിന്റെ ഫലമാണീ സംഭവം.

പൊട്ടച്ചൂതുകളിക്കാരനായ നിങ്ങളുടെ ആ ജ്യേഷ്ഠപാണ്ഡവനെ ഞാൻ നിന്ദിക്കുന്നു. അദ്ദേഹം ചെയ്ത കർമത്താലാണ് ഞാനീ മഹാദു:ഖങ്ങളെല്ലാം സഹിക്കുന്നത്. ഒരിക്കലും തീരാത്ത മഹാധനം മുഴുവൻ ചൂതാടി നഷ്ടമാക്കിയതോർക്കുമ്പോൾ എന്റെ മനസ്സുപൊള്ളുന്നു. പൊന്നണിഞ്ഞ പതിനായിരം കുതിരകളും ആനകളും അകമ്പടി സേവിച്ചിരുന്ന ആ രാജാധിരാജൻ. നൂറായിരംപേർക്കു ദിവസവും അന്നദാനം ചെയ്തിരുന്ന ഉദാരൻ, കപ്പം കൊടുക്കുവാൻ സാമന്തരാജാക്കന്മാർ വന്നു സമയംകാത്തു നിന്നിരുന്ന മഹാപ്രതാപശാലി- ഇന്നിതാ രാജാവിനോടൊത്ത് സേവകഭാവത്തിൽ ചൂതുംനിരത്തി മിണ്ടാതിരിക്കുന്നു. ഞാൻ അനാഥയോ ഭീമസേനാ? അങ്ങോ? ഭീമവിക്രമനായ അങ്ങിതാ പാചകശാലയിൽ ദാസപ്പണി ചെയ്യുന്നു! അതിനിടക്ക് മല്ലന്മാർ വന്നാൽ രാജാവ് അങ്ങോട്ടു വിളിപ്പിക്കുന്നു.

ആനയും സിംഹവും മറ്റുമായി അങ്ങു പൊരുതുന്നതു കാണുമ്പോൾ ഞാൻ പരിഭ്രാന്തയാകുന്നതുനോക്കി റാണിയും തോഴിമാരും എന്നെ പരിഹസിക്കാറുണ്ട്. 'വല്ലവൻ അതിസുന്ദരനും പരമയോഗ്യനുമാണ്. പാണ്ഡവരാജധാനിയിൽ വച്ചേ ഇവർ തമ്മിൽ അടുപ്പമുണ്ടായിരുന്നു കാണും.' ഈ പരിഹാസം കേൾക്കുമ്പോൾ ഞാൻ വ്യസനിക്കുന്നു. യുധിഷ്ഠിരൻ നിമിത്തം ഈവിധം നാം ആർത്തരായിത്തീർന്നു. ഭീമവിക്രമനായ ഭീമസേനനെ അടുക്കളക്കാരന്റെ കരിപുരണ്ട വേഷത്തിൽ കൈയിൽ ചട്ടുകവുമായി കാണുന്നത് എനിക്കു ദുസ്സഹമത്രേ. കഷ്ടം, ലോകൈകധനുർധരനായ പാർഥനോ! പലനിറമുള്ള ചേലചുറ്റി ഞാൺതഴമ്പുള്ള കൈകൾ നിറയെ വളകളിട്ടു കിലുക്കി, ചിലങ്കകെട്ടി നാണംകെട്ടവേഷത്തിൽ പെൺകിടാങ്ങൾക്കു നടുവിൽ ആടിപ്പാടി നിൽക്കുന്നതുകണ്ട് എന്റെ ഹൃദയം പൊട്ടുകയാണ്. ആരുടെ ഞാണൊലി ഇടിനാദം പോലെമുഴങ്ങുമ്പോൾ ശത്രുക്കൾ മോഹിച്ചു വീഴുമായിരുന്നുവോ, ആ വീരാധിവീരൻ തലമുടി പിന്നിയിട്ട് കാതിലാടുന്ന കുണുക്കുകളുമായി കുണുങ്ങി നടക്കുന്നതു കണ്ട് നാം ജീവിച്ചിരിക്കുന്നുവല്ലോ. ഭീമസേനാ ഇതെല്ലാം കണ്ടിട്ടും രാജാവുമൊത്ത് ചൂതുകളിക്കുകയാണ് ജ്യേഷ്ഠപാണ്ഡവൻ!

നിങ്ങളുടെ കൊച്ചനുജൻ സഹദേവൻ പശുക്കൾക്കിടയിൽ കാളക്കൂറ്റനെപ്പോലെ നടക്കുന്നതുകാണുമ്പോൾ എനിക്കു പൊള്ളുന്നു. കാട്ടിലേക്കു പോരുമ്പോൾ സഹദേവനെ തഴുകിക്കൊണ്ട് കണ്ണീരോടെ അമ്മ കുന്തീദേവി എന്നോടു പറഞ്ഞു. 'മകളേ, സുകുമാരനും കുലീനനും ലജ്ജാശീലനുമാണ് എന്റെയീ ഇളയമകൻ! അവനെ നീ രാവും പകലും നോക്കിക്കൊള്ളണം. മാത്രമല്ല, അവനെ നീ തന്നെ ഊട്ടണം കൃഷ്ണേ' എന്ന്. കഷ്ടം! കഷ്ടം ഇടയന്മാർക്കിടയിൽ


ചാണകംപുരണ്ടു കറുത്തമുണ്ടുമായി രാജാവിന്റെ മുന്നിൽ കൈകൂപ്പിനിന്ന് കണക്കുകൾ ബോധിപ്പിക്കുന്ന ആ ദേവകുമാരരൂപനെ ക്കണ്ട് ജ്വരബാധിതയെപ്പോലെ ഞാൻ അവശയാകുന്നു. ശ്രീമാനും പരമസുന്ദരനും മഹാവീരനുമായ നകുലനോ! രാജാവിന്റെ മുന്നിൽ ദാസഭാവത്തിൽ ദാസവേഷത്തിൽനിന്ന് കുതിരകൾക്കു ശിക്ഷണം നൽകുന്ന ആ കാഴ്ച അങ്ങും കാണാറില്ലേ! ഉള്ളു ചുട്ടുപോകാറില്ലേ?" പാഞ്ചാലി തുടർന്നു. "ഭീമസേനാ, എന്റെയവസ്ഥ നോക്കൂ, ആ ചൂതുകളിക്കാരൻ നിമിത്തം രാജപുത്രിയായ ഞാനിതാ സുദേഷ്ണയെയും രാജകന്യകമാരെയും തേച്ചുകുളിപ്പിക്കുന്നവളായി മാറിയിരിക്കുന്നു. ഭീമാ, ഞാൻ ചത്തിട്ടില്ല, കാലഗതി പാർത്തിരിക്കുന്നു. എന്റെയീ കൈകൾ നോക്കൂ പാണ്ഡവാ, ചന്ദനം അരച്ചരച്ച് തഴമ്പുകെട്ടിയ എന്റെ കൈകൾ! രാജാവിനും റാണിക്കും കുമാരിമാർക്കുമെല്ലാം വേണ്ട ചന്ദനം ഞാൻ ഒറ്റയ്ക്ക് അരയ്ക്കണം. കൈകൾ വേദനിച്ച് നുറുങ്ങിയാലും ഞാൻ തന്നെ ആ പണി ചെയ്യണം. എന്നിട്ട് പേടിച്ചുനിൽക്കണം, അവർക്ക് കുറിക്കൂട്ട് ഇഷ്ടമായോ ഇല്ലയോ എന്ന്! ആര്യാ, അമ്മ കുന്തിക്കുള്ള ചന്ദനം മാത്രമേ ഞാൻ ഈ കൈകൊണ്ട് അരച്ചിട്ടുള്ളൂ എന്നറിയുമോ!"

ഭീമൻ പാഞ്ചാലിയുടെ ചുവന്ന വടുക്കെട്ടിയ കൊച്ചുകൈകൾ പിടിച്ചു കണ്ണിൽച്ചേർത്തു കണ്ണീരുകൊണ്ടു കഴുകി.

"കൃഷ്ണേ, കുറച്ചുമാസം കൂടി ക്ഷമിക്കൂ, നമ്മുടെ കഷ്ടപ്പാടെല്ലാം അവസാനിക്കും." എന്ന് തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു. പാഞ്ചാലി തുടർന്നു. "ഭീമാ, സഹിക്കവയ്യാഞ്ഞ് യുധിഷ്ഠിരമഹാരാജനെ നിന്ദിച്ചു ഞാൻ എന്തൊക്കെയോ പറഞ്ഞുപോയി. എന്റെ ദു:ഖം മനസ്സിലാക്കി അങ്ങു

**എന്റെയീ കൈകൾ നോക്കൂ പാണ്ഡവാ, ചന്ദനം അരച്ചരച്ച് തഴമ്പുകെട്ടിയ എന്റെ കൈകൾ! രാജാവിനും റാണിക്കും കുമാരിമാർക്കുമെല്ലാം വേണ്ട ചന്ദനം ഞാൻ ഒറ്റയ്ക്ക് അരയ്ക്കണം. കൈകൾ വേദനിച്ച് നുറുങ്ങി.**

പൊറുത്താലും. ഇപ്പോഴത്തെ ഈ അവമാനമോ ഭീമാ! പലവട്ടം ഞാനാ നീചനായ കീചകനോട് കോപമടക്കി പറഞ്ഞതാണ് 'ഞാൻ പഞ്ചഗന്ധർവരുടെ പത്നിയാണ്. പതിവ്രതയാണ്, ഈ വിധത്തിൽ എന്നോടു സംസാരിക്കരുത്' എന്ന്. എന്നിട്ടോ! സുദേഷ്ണ നിർബന്ധിച്ച് എന്നെ അവന്റെ മന്ദിരത്തിലേക്കയച്ചു. അവന്റെ ആക്രമണത്തിൽനിന്ന് ഓടിരക്ഷപ്പെട്ട് ഞാൻ രാജ



വര: ജയേന്ദ്രൻ

സന്നിധിയിൽ ശരണംപ്രാപിച്ചപ്പോൾ അവൻ അവിടെയെത്തി എന്നെ തള്ളിവീഴ്ത്തി, കാലുയർത്തി ചവിട്ടി ഭീമാ! അങ്ങു കേട്ടാലും, രാജാവും കുങ്കബ്രാഹ്മണനും സഭാവാസികളുമെല്ലാം ആ കാഴ്ച കണ്ടുനിന്നു. അരുതെന്ന് ആരും തടഞ്ഞില്ല! രാജാവ് അവനെ ശാസിച്ചില്ല. എന്നെ ആശ്വസിപ്പിച്ചില്ല. യുധിഷ്ഠിരൻ കണ്ടുകൊണ്ട് മിണ്ടാതിരുന്നു. എന്നും എനിക്കു രക്ഷകൻ അങ്ങായിരുന്നുവല്ലോ ഭീമാ, ഈ സംഭവത്തിനു ശേഷം കീചകന് എന്നോടു ക്രോധംവർധിക്കും. അവനെന്നെ ദ്രോഹിക്കും, നാണംകെട്ട അവൻ എന്നെ ബലാൽ ഇനിയും ആക്രമിച്ചാൽ ഞാൻ മരിച്ചുകളയും. ഭാര്യയെ സംരക്ഷിക്കാനറിയാത്തവർക്ക് എന്തിനാണു ഭാര്യ! ഭീമാ, ആ ദുഷ്ടനായ കീചകനെ കൊല്ലുക. അവനെ അനുസരിക്കേണ്ടിവരുന്നതിൽ ഭേദം എനിക്കു മരണമാണ്. കൊല്ലൂ ഭീമാ, ആ നീചൻ ഇനി ജീവിച്ചിരുന്നു കൂടാ."

"കൊല്ലാം" എന്ന് പറഞ്ഞ് ഭീമൻ പാഞ്ചാലിയുടെ കണ്ണുനീർ തുടച്ചു. തന്റെ വിരിമാറത്തു വീണു തേങ്ങിത്തേങ്ങിക്കരയുന്ന പത്നിയെ വാത്സല്യത്തോടെ ആശ്വസിപ്പിച്ചുകൊണ്ട് ഭീമൻ പറഞ്ഞു.

"കല്യാണീ, അവനോടു കോപംകാണിക്കാതെ നാളെ രാത്രിയിൽ നാട്യഗൃഹത്തിൽ വരാൻപറയുക. അവിടെവെച്ചാവും അവന്റെ അന്ത്യം. ആരുമറിയാതെ ഇക്കാര്യം നടത്തേണ്ടിയിരിക്കുന്നതിനാൽ നീ ആ ദുഷ്ടനുമായി സങ്കേതംകുറിച്ച് അവിടെ വരുത്തുക."

കണ്ണുനീർ തുടച്ചുകൊണ്ട് പാഞ്ചാലി എഴുന്നേറ്റു. ആശ്വസ്ഥയായ അവൾക്ക് ഭീമൻ വീണ്ടും ധൈര്യംപകർന്ന് അന്തപ്പുരത്തിലേക്കയച്ചു.

ആ രാത്രി അങ്ങനെ കഴിഞ്ഞു. പുലർച്ചയായപ്പോൾ കുളിച്ചൊരുങ്ങി വിശേഷവസ്ത്രങ്ങൾ അണിഞ്ഞ് കീചകൻ വീണ്ടും സൈരന്ധ്രിയെ തേടിയെത്തി.

"മാലിനീ, സഭയിൽവെച്ചു നിന്നെ ഞാൻ രാജാവിന്റെ മുന്നിലല്ലേ അടിച്ചിട്ടു ചവിട്ടിയത്! എന്നിട്ടെന്തു സംഭവിച്ചു! ദുർബലനായ രാജാവ് എന്നെ ഒന്നും ചെയ്യുകയില്ല. ഞാനാണിവിടുത്തെ മഹാസേനാധിപൻ, യഥാർഥ രാജാവ്. എന്നെപ്പോലൊരു ബലവാന്റെ പിടിയിൽപ്പെട്ട നീ രക്ഷപ്പെടുമെന്നു വിചാരിക്കേണ്ട. എന്നെ സ്വീകരിക്ക്, ഞാനിതാ നൂറുസ്വർണനാണയങ്ങൾ തരാം നിനക്ക്. ദാസിമാരെയും പെൺകുതിരയെ പൂട്ടിയ ഒരു തേരുംതരാം; എന്നോടൊപ്പം വരൂ."

**താൻ കബളിപ്പിക്കപ്പെട്ടുവെന്നു തിരിച്ചറിഞ്ഞ കീചകൻ ധൈര്യത്തോടെ ശത്രുവിനെ നേരിട്ടു. പൂമാല ചൂടിയ തന്റെ കുടുമയിൽ പിടിച്ചുലയ്ക്കുന്ന ഭീമന്റെ ഇരുകൈകളും കൂട്ടിപ്പിടിച്ച് കീചകൻ ഉഗ്രമായ മല്ലയുദ്ധം ആരംഭിച്ചു. മദയാനകളെപ്പോലെ അവർ തമ്മിൽ പൊരുതി.**

മാലിനി മുഖംകുനിച്ചുനിന്നു പറഞ്ഞു.

"രാജകുമാരാ, എനിക്ക് എന്റെ ഭർത്താക്കന്മാരായ ഗന്ധർവന്മാരെ പേടിയുണ്ട്. അങ്ങ് ഇന്ന് അർധരാത്രിയിൽ നാട്യഗൃഹത്തിലേക്കു വരിക."

സുന്ദരിയായ മാലിനി മുഖത്തുനോക്കാതെ നിന്നു പതുക്കെ പറഞ്ഞ ഈ വാക്കുകൾ കേട്ട കീചകൻ സന്തോഷാധിക്യംകൊണ്ടു തുള്ളിച്ചാടി. ഇതുപറഞ്ഞപ്പോൾ അവളുടെ കണ്ണുകൾ ക്രോധംകൊണ്ടു കലങ്ങിയിരുന്നുവെന്നും അവളുടെ പൂമേനി അവമാനഭാരത്താൽ വിറച്ചിരുന്നുവെന്നും ആ മദാന്ധൻ ശ്രദ്ധിച്ചില്ല.

രാത്രിയായി. മോഹാവേശനായ കീചകൻ നിറയെ ആഭരണങ്ങളും പട്ടുവസ്ത്രങ്ങളും ചാർത്തി സുഗന്ധദ്രവ്യങ്ങൾ പൂശി നാട്യഗൃഹത്തിലേക്കു നടകൊണ്ടു. അവിടമെങ്ങും ഇരുട്ടാണ്– അകലെയെങ്ങോ വിറച്ചുനിൽക്കുന്ന ഒരു വിളക്കിന്റെ തീരെ മങ്ങിയ വെളിച്ചത്തിൽ കീചകൻ നാട്യഗൃഹത്തിൽ ഒരു കട്ടിലും അതിൽ പുതച്ചു മൂടിക്കിടക്കുന്ന ഒരു രൂപവും കണ്ട് ഉത്സാഹഭരിതനായി. 'മാലിനീ, സുന്ദരീ, നീ നേരത്തേ ഇവിടെവന്നു കിടപ്പായോ? ലജ്ജകൊണ്ടോ നീ ഒന്നും മിണ്ടാത്തത്? നോക്കൂ, വിശ്വമോഹിനിയായ നിനക്കു ഞാൻ വിശേഷപ്പെട്ട എന്തെല്ലാം സമ്മാനങ്ങൾ തരുമെന്നോ?' ഇങ്ങനെയൊക്കെ മോഹാവേശാൽ പുലമ്പിക്കൊണ്ട് കീചകൻ ആ കട്ടിലിൽ ചെന്നിരുന്ന് കിടക്കുന്ന രൂപത്തെ മെല്ലെ തലോടി. കരിമ്പാറപോലെയുള്ള ഉറച്ച ശരീരത്തിൽ പ്രേമത്തോടെ തൊട്ടുതലോടിയ കീചകൻ എന്തിങ്ങനെ എന്ന് അതിശയിക്കുന്നതിനിടയിൽ ആ രൂപം എഴുന്നേറ്റ് അവനെ മുറുകെ കെട്ടിപ്പുണർന്നു. താൻ കബളിപ്പിക്കപ്പെട്ടുവെന്നു തിരിച്ചറിഞ്ഞ കീചകൻ ധൈര്യത്തോടെ ശത്രുവിനെ നേരിട്ടു. പൂമാല ചൂടിയ തന്റെ കുടുമയിൽ പിടിച്ചുലയ്ക്കുന്ന ഭീമന്റെ ഇരുകൈകളും കൂട്ടിപ്പിടിച്ച് കീചകൻ ഉഗ്രമായ മല്ലയുദ്ധം ആരംഭിച്ചു. മദയാനകളെപ്പോലെ അവർ തമ്മിൽ പൊരുതി. തമ്മിൽ അടിച്ചും ഇടിച്ചും ചവിട്ടിമറിച്ചും പിടിച്ചു

ലച്ചും ഇരുകൈകൾകൊണ്ടും മാറിടത്തിൽ ഉഗ്രമായി അടിച്ചും തറയിൽ വീഴ്ത്തി ഇട്ടിഴച്ചും ചാടിയെഴുന്നേറ്റ് വീണ്ടും മുഷ്ടിയുദ്ധം തുടർന്നും ആ ഘോര മായ പോര് കുറെസമയം നീണ്ടുനിന്നു. ആ മഹാമ ന്ദിരം കുലുങ്ങി. ഒടുവിൽ മത്സ്യസേനയുടെ സേനാപ തിയും മഹാബലവാനുമായ കീചകൻ തളർന്നുകഴിഞ്ഞു വെന്ന കണ്ട ഭീമസേനൻ അവനെ കൈകൊണ്ടു വരിഞ്ഞുകെട്ടി എടുത്തു ചുഴറ്റി. ഉറക്കെ അല റുന്ന കീചകൻ പിടഞ്ഞുമാറാൻ ശ്രമിച്ചെങ്കിലും ക്രോധാക്രാന്തനായ ഭീമൻ അവനെ തള്ളി തറയിലിട്ട് കഴുത്തുഞ്ഞെരിച്ചു കൊന്നു. എന്നിട്ടും ക്രോധംസഹി ക്കാതെ അവനെ ചവിട്ടിയരച്ചു മാംസപിണ്ഡം പോലെയാക്കി ദൂരെ യെടുത്തെറിഞ്ഞ് പാഞ്ചാലിയെ വിളിച്ച് ആ കാഴ്ച കാട്ടിക്കൊടുത്തു.



ദു:ഖംവെടിഞ്ഞ് ഹർഷത്തോടെ നിൽക്കുന്ന പത്നിയോട് യാത്രചൊല്ലി ഭീമകർമാവായ ഭീമൻ പാചകശാലയിൽ മറഞ്ഞു.

നേരം പുലർന്നപ്പോൾ സൈരന്ധ്രി കാവൽക്കാരെ വിളിച്ച് കാട്ടിക്കൊടുത്തു.

'നോക്കൂ, എന്റെ ഭർത്താക്കന്മാരായ ഗന്ധർ വന്മാർ കൊന്നിട്ടിരിക്കുന്ന കീചകനെ കാണു വിൻ. പരസ്ത്രീയെ കാമിച്ചതിന് ഗന്ധർവന്മാർ കഠിനശിക്ഷ നൽകിയിരിക്കുന്നു.'

കാവൽക്കാരും രാജബന്ധുക്കളുമെല്ലാം ഓടിയെത്തി മാംസപിണ്ഡംപോലെ ചതച്ചര യ്ക്കപ്പെട്ട കീചകന്റെ ജഡം കണ്ട് സംഭ്രമിച്ചു. കൊട്ടാരത്തിൽ സ്ത്രീകളുടെ മുറവിളി മുഴങ്ങി.

പിന്നീട് കീചകന്റെ സഹോദരന്മാരായ ഉപകീചകന്മാരും രാജാവും ബന്ധുക്കളുമെല്ലാ മെത്തി അന്ത്യകർമങ്ങൾ നടത്തി. എല്ലാം കഴിഞ്ഞ് കീചകന്റെ ശരീരം ശ്മശാനത്തി ലേക്കു കൊണ്ടുപോകാൻ തുടങ്ങവേ ദൂരെ ഒരു തൂണുംചാരി ഇതെല്ലാം നോക്കി നിൽക്കുന്ന സൈരന്ധ്രിയെ ഉപകീചകന്മാർ കണ്ടു. 'ഇവളാണ് ഇതിനെല്ലാം കാരണം! ജ്യേഷ്ഠനോടൊപ്പം ഇവളെയും ചുടാം നമുക്ക്' എന്നു ഗർജിച്ചുകൊണ്ട് അവർ പാഞ്ചാലിയെ പിടികൂടി ശവശരീരത്തോ ടൊപ്പം ചുടുകാട്ടിലേക്കു കൊണ്ടുപോയി. പോകുംവഴി പാഞ്ചാലി ഉറക്കെവിളിച്ചു കരഞ്ഞു. 'എന്റെ നാഥന്മാരായ ഗന്ധർവ ന്മാരേ, എന്നെയിതാ കീചകന്റെ സോദ രന്മാർ ചുടാനായി കൊണ്ടുപോകുന്നു! ഇടിവെട്ടുംപോലെ ഞാണൊലിയിടുന്നവരേ, രഥഘോഷം മുഴക്കുന്നവരേ, മഹാശക്തന്മാ രേ, നിങ്ങളുടെ പത്നിയെ ഇതാ ചുടുക്കാട്ടി ലേക്കിവർ കൊണ്ടുപോകുന്നു. വന്നു രക്ഷി

ച്ചാലും. രക്ഷിച്ചാലും.'

ഭീമൻ ഈ നിലവിളികേട്ട് പെട്ടെന്നു വേഷംമാറി, മതിൽ കയറിച്ചാടി മറ്റൊരു വഴിയിലൂടെ ചുടുകാട്ടിൽ എത്തിച്ചേർന്നു. അവിടെക്കണ്ട ഒരു വൻമരം പിഴുത് ആനപോലെ ചുറ്റിപ്പിടിച്ച് എടുത്തുകൊണ്ട് ഭീമൻ ഉപകീചകന്മാരുടെ ഇടയിലേക്ക് കൊടുങ്കാറ്റുപോലെ ഓടിക്കയറി. സൈരന്ധ്രിയെ വിട്ടിട്ട് ഓടിയൊളിക്കാൻ ശ്രമിച്ച അവർ നൂറ്റിയഞ്ചു പേരെയും ഭീമൻ മരംകൊണ്ട് അടിച്ചുകൊന്നു. കെട്ടിയിട്ടിരിക്കുന്ന കൃഷ്ണയെ അഴിച്ചുവിട്ട് ആശ്വസിപ്പിച്ചുകൊണ്ട് ഭീമൻ പറഞ്ഞു. 'ദേവീ, കുറ്റംചെയ്യാത്ത നിന്നെ പീഡിപ്പിച്ച ഓരോരുത്തനും ഈ വിധിതന്നെ വരും, നിശ്ചയം.' ഭീമൻ അവിടെ നിന്ന് എങ്ങോട്ടോ അപ്രത്യക്ഷനായി. പാഞ്ചാലിയാകട്ടെ പതുക്കെ നഗരത്തിലേക്കു പോയി കുളിച്ച് വസ്ത്രവും മെയ്യും ശുദ്ധമാക്കി, പുലിയിൽനിന്നു രക്ഷപ്പെട്ട മാൻപേടയെപ്പോലെ അന്തപ്പുരത്തേക്കു നടകൊണ്ടു. അവളെക്കണ്ട പുരുഷന്മാരെല്ലാം പാഞ്ഞൊളിച്ചു. 'നോക്കരുതവളെ! ഗന്ധർവന്മാർ കൊന്നുകളയും.'

അന്തപ്പുരത്തിലേക്കു പോകുംവഴി അടുക്കളവാതിൽക്കൽ മദയാനയെപ്പോലെ നിൽക്കുന്ന ഭീമനെക്കണ്ട് ദ്രൗപദി തിരിഞ്ഞുനിന്നു വന്ദിച്ചു. എന്നിട്ട് ആരോടുമെന്നില്ലാതെ ആകാശത്തേക്കു നോക്കി പറഞ്ഞു. 'എന്നെ മോചിപ്പിച്ച ഗന്ധർവേന്ദ്രനു ഞാൻ വന്ദനം പറയുന്നു.'

നൃത്തശാലയിൽ നിന്നു ബൃഹന്നളയും കന്യകമാരും ഇറങ്ങിവന്നു സൈരന്ധ്രിയുടെ ചുറ്റും കൂടി. കന്യകമാർ പറഞ്ഞു. 'ഭാഗ്യം സൈരന്ധ്രീ, നീ രക്ഷപ്പെട്ടുവല്ലോ. നിന്നെ കഷ്ടപ്പെടുത്തിയവരെല്ലാം ചത്തുവല്ലോ. നന്നായി.'

ബൃഹന്നള ചോദിച്ചു. 'സൈരന്ധ്രീ, നീയെങ്ങനെ അവരുടെ കൈയിൽനിന്നു രക്ഷനേടി! അവരെല്ലാം എങ്ങനെ കൊല്ലപ്പെട്ടു!'

കണ്ണുനീരോടെ സൈരന്ധ്രി പറഞ്ഞു. 'ബൃഹന്നളേ, നിനക്കു സൈരന്ധ്രിയെക്കൊണ്ട് ഇനിയെന്തുകാര്യം? കന്യകമാരൊത്ത് നീ സുഖമായി ആടിപ്പാടി കഴിയുന്നവളല്ലേ! അതാണ് ദു:ഖിതയായ എന്നോട് ഇങ്ങനെ ചിരിച്ചുകൊണ്ടു സംസാരിക്കുവാൻ നിനക്കു കഴിയുന്നത്.'

ബൃഹന്നള മറുപടി പറഞ്ഞതിങ്ങനെയാണ്. 'കല്യാണീ, ബൃഹന്നളയ്ക്കും കഠിനദു:ഖമുണ്ടെന്നോർക്കുക. മറ്റൊരാളുടെ മനസ്സറിയാൻ ആർക്കുമാവില്ലതന്നെ.'

പിന്നീട് കന്യകമാർചൂഴ്ന്ന സൈരന്ധ്രി സുദേഷ്ണയുടെ മുന്നിൽച്ചെന്നു നിന്നപ്പോൾ ഭയന്നും ദു:ഖിച്ചുമിരിക്കുന്ന രാജ്ഞി ഇങ്ങനെ അപേക്ഷിച്ചു. ''സൈരന്ധ്രീ, വിരാടമഹാരാജാവിന്റെ വാക്കുകളാണ് ഞാനിപ്പറയുന്നത്. നീ വേഗംതന്നെ ഇവിടം വിട്ടു പോകണം. ഗന്ധർവബാധയാൽ രാജാവും ഞങ്ങളുമെല്ലാം ഏറെ ഭയപ്പെട്ടിരിക്കുന്നു. നീ പരമസുന്ദരിയാണ്. ഇനിയുമിവിടെ നീ മൂലം പുരുഷന്മാർ കൊല്ലപ്പെടാൻ ഇടവന്നുകൂടാ. അതികോപികളാണു ഗന്ധർവന്മാർ– അതിനാൽ നീ ഇഷ്ടമുള്ളിടത്തു പൊയ്ക്കൊള്ളുക.''

സൈരന്ധ്രി പറഞ്ഞു. ''മഹാറാണീ, പതിമൂന്നുദിവസംകൂടി എനിക്കു തന്നാലും. അതു കഴിഞ്ഞ് എന്റെ നാഥന്മാരായ ഗന്ധർവന്മാർ എന്നെ കൊണ്ടുപൊയ്ക്കൊള്ളും. അവർ മഹാരാജാവിന് ശ്രേയസ്സരുളുകയും ചെയ്യും.''

കീചകനും സഹോദരന്മാരുമെല്ലാം കൊല്ലപ്പെട്ടതറിഞ്ഞ് നാട്ടുകാർ അദ്ഭുതപ്പെടുകയും സന്തോഷിക്കുകയും ചെയ്തു. 'ആ പാപികൾ കൂട്ടത്തോടെ വധിക്കപ്പെട്ടുവല്ലോ. അവരുടെ സ്ത്രീയെ ദ്രോഹിച്ചതിനാൽ ഗന്ധവന്മാർ ശിക്ഷിച്ചതാണ്.' ഈ വാർത്ത നാടെങ്ങും പരന്നു. ദുര്യോധനൻ നാടുകൾതോറും അയച്ചിരിക്കുന്ന ചാരന്മാർ ഈ വാർത്ത കുരുരാജധാനിയിൽ ചെന്നറിയിച്ചു. അജ്ഞാതവാസകാലം തീരുകയായി. പാണ്ഡവന്മാർ വർധിതവീര്യന്മാരായി മടങ്ങിവന്നാൽ ആപത്താണ് എന്ന പരിഭ്രാന്തിയോടെ എല്ലാ രാജ്യങ്ങളിലും തിരയാനയച്ച ചാരന്മാർ ഓരോരുത്തരായി മടങ്ങിവന്ന് പാണ്ഡവന്മാർ നശിച്ചുകാണും, യാതൊരു വിവരവുമില്ലെന്ന് അറിയിച്ചുകൊണ്ടിരുന്നു. അതിനിടയിലാണ് മിത്രരാജ്യമല്ലാത്ത മത്സ്യദേശത്ത് ചില വിചിത്രസംഭവങ്ങൾ നടന്നകാര്യം കുരുക്കൾ കേട്ടത്. 'കീചകൻ മഹാശക്തനാണ്. അവനെയും കരുത്തരായ സഹോദരന്മാരെയുമെല്ലാം ഗന്ധർവന്മാർ കൊന്നുവെന്നു കേട്ടിട്ട് ശങ്കതോന്നുന്നു.' 'ചത്തതു കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെയാണ്.' എന്നായി കർണൻ. അപ്പോൾ ത്രിഗർത്തരാജാവായ സുശർമൻ പറഞ്ഞു.

''എങ്കിൽ നമുക്ക് അങ്ങോട്ടു പോകാം. ആ രാജാവിന്റെ പശുക്കളെ നഗരത്തിനു വെളിയിലാണ് പാർപ്പിക്കുന്നത്. അവയെ ആട്ടിത്തെളിച്ചുകൊണ്ടുപോരാം. പാണ്ഡവന്മാർ അവിടെയുണ്ടെങ്കിൽ അവർ തടയാൻ ചാടിപ്പുറപ്പെടും. അതോടെ അജ്ഞാതവാസം മുടങ്ങുകയും ചെയ്യും.'' ആഹ്ലാദത്തോടെ അവർ പടകൂട്ടി വിരാടരാജ്യത്തേക്കു തിരിച്ചു. *(തുടരും)*

# തുലാസും തുലാധരനും

**പായിപ്ര രാധാകൃഷ്ണൻ**



ജാജലി എന്ന മഹർഷിക്ക് ജ്ഞാനോപദേശം നൽകിയ തുലാധരൻ എന്ന വ്യാപാരിയെക്കുറിച്ച് മഹാഭാരതത്തിൽ ഒരു കഥയുണ്ട്. തപഃശക്തിയാൽ തലയിൽ പക്ഷികളെ വളർത്തിയ മുനിയാണ് ജാജലി. എങ്കിലും സ്വന്തം തപഃശക്തിയിൽ അഹങ്കാരിയായിരുന്നു അദ്ദേഹം. ജാജലിയേക്കാൾ ധർമ്മിഷ്ഠനാണ് കാശിയിലെ തുലാധരനെന്ന് അശരീരിയുണ്ടായതിനെ തുടർന്ന് അദ്ദേഹം തുലാധരനെ ചെന്നുകണ്ടു. ജാജലിയെ സൽക്കരിച്ചിരുത്തി തുലാധരൻ സംഭാഷണത്തിലേർപ്പെട്ടു. കച്ചവടത്തിലെ നീതിനിഷ്ഠയാണ് തന്റെ ധാർമ്മികതയുടെ പൊരുൾ എന്ന് അദ്ദേഹം വ്യക്തമാക്കി. തന്റെ തുലാസ്സിന്റെ തണ്ട് അന്ധന്റെയോ ബാലന്റെയോ മുതിർന്നവരുടെയോ മുമ്പിൽ ഒരേപോലെ നേരെ നിർത്താൻ തുലാധരന് കഴിഞ്ഞിരുന്നു. അതോടെ തന്നെക്കാൾ ഉന്നതനാണ് തുലാധരനെന്ന് ജാജലിക്ക് ബോധ്യമായി. തുടർന്ന് അഹങ്കാരമുപേക്ഷിച്ച് ധർമ്മോപദേശം സ്വീകരിച്ച് അദ്ദേഹം മോക്ഷം നേടി.

വസ്തുവിന്റെ തൂക്കമളക്കാനുള്ള ഉപാധി മാത്രമല്ല യഥാർത്ഥത്തിൽ തുലാസ്. നീതിയുടേയും വ്യാപാര ധാർമ്മികതയുടേയും ചിഹ്നം കൂടിയാണ്. ക്ഷേത്രങ്ങളിലും തുലാസ്സു കാണാം. തുലാഭാരമെന്ന വഴിപാടിൽ ഭക്തനും മറുതട്ടിൽ അയാളുടെ വിശ്വാസവുമാണ് തുലനം ചെയ്യപ്പെടുന്നത്. തിരുവിതാംകൂർ രാജാക്കന്മാർ അധികാരമേറ്റാലുടനെ 'തുലാഭാരദാനം' പതിവുണ്ട്. തുലാഭാരക്കാശ് എന്നൊരു സ്വർണ്ണനാണയം തന്നെ തിരുവിതാംകൂർ ഗവൺമെന്റ് ഇതിനായി ഉണ്ടാക്കിയിരുന്നു. തുലാഭാരദാനത്തിലെ സ്വർണ്ണനാണയങ്ങൾ ദാനം നൽകുകയാണ് പതിവ്. രാജധാനികളുടെ മഹിതമുദ്ര കൂടിയാണ് നീതിന്യായത്തിന്റെ ഈ സാർവദേശീയചിഹ്നം.

കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ പൌതവാദ്ധ്യക്ഷന്റെ (അളവുതുക്കവകുപ്പദ്ധ്യക്ഷൻ) ഉപകരണങ്ങളെക്കുറിച്ച് പറയുന്നുണ്ട്. സന്നാമിനി (തട്ടു താഴ്ന്നത്), ഉൽക്കർണ്ണിക (തട്ടുയർന്നത്), ഭിന്നമസ്തിക (പൊളിഞ്ഞത്), ഉപകുണ്ഠി (തുളയുള്ളത്), പരിവേല്ലി (ഇളക്കമുള്ളത്), അയസ്കാന്തം(കാന്തംവച്ചത്) എന്നിങ്ങനെയുള്ള തുലാസ്സുകൾ വർജിക്കേണ്ടതാണെന്നാണ് അർത്ഥശാസ്ത്രം പറയുന്നത്.



### തുലാസ് ഖുർ ആനിലും ബൈബിളിലും

പ്രവാചകന്മാരോടും വേദഗ്രന്ഥത്തോടുമൊപ്പം ദൈവം പ്രദാനം ചെയ്തതാണ് തുലാസ്സെന്ന് ഖുർ ആൻ പറയുന്നു. 'മനുഷ്യൻ നീതിമുറയനുസരിച്ച് നിലകൊള്ളുവാൻ അവരോടൊപ്പം (ദൂതന്മാരോടൊപ്പം) നാം വേദഗ്രന്ഥവും തുലാസ്സും ഇറക്കുകയും ചെയ്തിരിക്കുന്നു.' 'അപ്പോൾ ആരുടെ തുലാസ്സുകൾ മുൻതൂക്കം നിൽക്കുന്നുവോ, അവർ സംതൃപ്തമായ ജീവിതത്തിലായിരിക്കും.' 'ആരുടെ തുലാസ്സുകൾ പിൻതൂക്കം നിൽക്കുന്നുവോ അവന്റെ സങ്കേതം അഗാധഗർത്തമായിരിക്കും.' 'ലോകജീവിതത്തിൽ ധാർമ്മികത നിലനിർത്തുന്നവനേ അന്ത്യദിനത്തിൽ പാരത്രിക ലോകത്തിലെ തുലാസ്സിൽ മുൻതൂക്കം ലഭിക്കുകയുള്ളൂ.'

ബൈബിൾ പറയുന്നു. 'ഒത്തവെള്ളിക്കോലും തുലാസ്സും യഹോവയ്ക്കുള്ളവ.' 'രണ്ടു തരം തൂക്കവും രണ്ടു തരം അളവും രണ്ടും ഒരുപോലെ യഹോവയ്ക്ക് വെറുപ്പ്.'

വര: ബോബി എം. പ്രഭ

ഇളംതളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.


വര: ഗോപു പട്ടിത്തറ

# യാത്രയുടെ മധുരം

“ഒരു യാത്രയ്ക്കിത്രമധുരമോ
ഒരു കൂട്ടിനിത്ര
കുളിർമയോ”

സ്കൂളിൽ നിന്ന് ആതിരപ്പിള്ളിയിലേക്കുള്ള പഠനയാത്രയ്ക്കിടയിലാണ് എന്റെ മനസ്സിലേക്ക് ഈ വരികൾ പറന്നെത്തിയത്. ഇത് ആരുടെയും വരികളല്ല. എന്റെ തന്നെയാണ്. ബസ്സിന്റെ സൈഡ് സീറ്റിലിരുന്ന് പ്രിയകൂട്ടുകാരി ജോതിമശ്രീയുടെ കൈയിൽ പിടിച്ച് ബസിലെ ജനൽവഴി ദൂരെ ആകാശത്തേക്കു നോക്കിയാണു യാത്ര. പനങ്കൂട്ടങ്ങൾ പിന്നിലേക്ക് ഓടിമറയുന്നു.

മനസ്സിൽവന്ന കവിതയിൽ അതിനപ്പുറം ഒരു വരിപോലും കിട്ടുന്നില്ല. അപ്പോഴാണ് അല്പം ദൂരേക്കൂടി ചാടിത്തുള്ളിയൊഴുകുന്ന വാഴച്ചാലിന്റെ ചിരി കേട്ടത്. ഇത്രസന്തോഷിക്കാനിവൾക്കെന്താണ് വഴിയിലെന്തെങ്കിലും വീണുകിട്ടിയോ? എന്റെ ഹൃദയത്തിലേക്ക് പറന്നുവന്നുകൊണ്ടിരുന്ന വാക്കുകളെ ഞാനും? ബസിൽ നിന്നിറങ്ങി അവളുടെയരികെച്ചെന്നു. ‘അല്പം അകന്നുനിന്നാൽ മതി’ സൈൻബോർഡ് അവളുടെ നാക്കായി.

“എന്തു സുന്ദരിയാണു നീ? നിന്നെയീ നാട്ടുകാർ സ്നേഹിക്കുന്നുണ്ടല്ലോ. അതല്ലേ നിന്റെ ശരീരത്തിൽ പ്ലാസ്റ്റിക്കുകളും മാലിന്യങ്ങളും വളരെ കുറഞ്ഞിരിക്കുന്നത്. എന്നെന്നും നീയിതുപോലെ നിലനിൽക്കട്ടെ. ഒഴുകിയൊഴുകി പോകും വഴികളിൽ എല്ലാവരോടും നീയിക്കാര്യം അറിയിക്കണം കേട്ടോ. വയലാറിന്റെ കട്ടെടുത്തു പാടട്ടെ.”
“ഈ മനോഹരതീരത്തു തരുമോ
ഇനിയൊരു ജന്മം കൂടി.”

**നന്ദന ടി ഒ,**
**ക്ലാസ്:9, ഇരിട്ടി, ഹയർ സെക്കൻഡറി സ്കൂൾ,**
**ഇരിട്ടി, കണ്ണൂർ 670703**

# എന്റെ ആദ്യത്തെ വനയാത്ര

**പി പി നവനീത്,**
**ജി ജി എച്ച് എസ് എസ്, കല്ലടത്തൂർ**

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പരിസ്ഥിതി ക്യാമ്പിൽ പങ്കെടുക്കുന്നതിനാണ് ഞാൻ ഇടുക്കിയിലുള്ള വള്ളക്കടവിലെത്തിയത്. ആദ്യമായിട്ടാണ് ഒരു ക്യാമ്പിൽ പങ്കെടുക്കുന്നത്. രാവിലെ 6 മണിക്ക് എടപ്പാളിൽ നിന്നു തുടങ്ങിയ യാത്ര. വാഗമൺ വഴിയാണ് പോയത്. വഴിക്ക് ധാരാളം തേയിലത്തോട്ടങ്ങൾ കാണാം. മലകയറി മുകളിലെത്തിയപ്പോൾ ചെറിയ തണുപ്പ്. കഠിനമായ ചൂടിൽ നിന്ന് ഒരു എയർ കണ്ടീഷൻ മുറിയിൽ കയറിയ അനുഭവം. വൈകിട്ടോടെ ക്യാമ്പിലെത്തി. എല്ലാവരെയും പരിചയപ്പെട്ടു.

തേക്കടി വനഭൂമിയെക്കുറിച്ച് വിനോദ് സാറിന്റെ ക്ലാസോടെയായിരുന്നു ക്യാമ്പിന്റെ തുടക്കം. തേക്കടിയുടെ ചരിത്രം അദ്ദേഹം പരിചയപ്പെടുത്തി. തുടർന്ന് ഒരു ഡോക്യുമെന്ററി. കടുവകളുടെ പ്രാധാന്യത്തെക്കുറിച്ചുള്ളത്. ഭക്ഷ്യശൃംഖല ഏറ്റവും നല്ല രീതിയിൽ നിലനിർത്തുന്നത് കടുവകൾ ഉള്ള വനങ്ങളാണ്. പച്ചപ്പുള്ള കാട്ടിൽ സസ്യഭോജികളുടെ എണ്ണംകൂടുന്നത് നല്ലതല്ല. അത് അവിടത്തെ പച്ചപ്പിന് ഭീഷണിയാകും. സസ്യങ്ങൾ നശിച്ചുകഴിഞ്ഞാൽ സസ്യഭോജികൾക്ക് ഭക്ഷണം കിട്ടാതെ അവയും നശിച്ചു പോകും. അതുകൊണ്ട് സസ്യഭോജികളുടെ എണ്ണം കൂടാതെ നിലനിർത്തുന്നതിന് മാംസഭോജികളും വേണം. കാട്ടുപോത്തുകളെപ്പോലും ആക്രമിക്കുന്നവരാണ് കടുവകൾ. അതിനാൽ വനങ്ങളുടെ നിലനിൽപ്പിന് കടുവകൾ വേണം. ഈ കാരണംകൊണ്ടുതന്നെയാണത്രെ കടുവയെ ദേശീയമൃഗമായി പ്രഖ്യാപിച്ചിട്ടുള്ളത്.

അടുത്ത ദിവസം രാവിലെയായിരുന്നു ട്രക്കിങ്. അത് എല്ലാവർക്കും മികച്ച അനുഭവമായിരുമായിരുന്നു. അടുത്ത യാത്ര ഗവിയിലേക്കായിരുന്നു.

2 മണിക്ക് ഞങ്ങൾ ഗവിയിലേക്കു പുറപ്പെട്ടു. 'ഓർഡിനറി' എന്ന സിനിമയിലൂടെ എല്ലാവർക്കും സുപരിചിതമായ സ്ഥലം. വള്ളിച്ചെടികൾ പന്തലിട്ട വഴിയിലൂടെയായിരുന്നു യാത്ര. ഗവിയിൽ ചെറിയൊരു അണക്കെട്ടുണ്ട്. കുറച്ചു ബോട്ടുകളും. ഡാമിൽ വെള്ളമില്ലാത്തതി





നാൽ അവയെല്ലാം കരയിൽ കയറ്റിയിട്ടിരിക്കുകയാണ്. അവിടെ ഞങ്ങൾ ഒരു കാട്ടുപന്നിയെ കണ്ടു. ശബരിമല വ്യൂ പോയിന്റ് എന്ന് പറയാറുള്ള മലമുകളിൽ ഞങ്ങൾ കയറി. അവിടെ നിന്നാൽ അകലെയുള്ള ശബരിമല കാണാം. മടക്കയാത്രയിൽ കരിങ്കുരങ്ങുകളെയും കണ്ടു.

വൈകിട്ട് രമേശ് സാറിന്റെ ക്ലാസ്. മൃഗങ്ങളെക്കുറിച്ച് പഠിക്കുന്നതിനു വേണ്ടി കാട്ടിൽ ക്യാമറ വയ്ക്കാറുണ്ടെന്ന കാര്യം അറിഞ്ഞത് അങ്ങനെയാണ്. 15 ദിവസം കഴിയുമ്പോൾ അത് എടുത്തു മാറ്റും. അതിൽ പതിഞ്ഞ ഫോട്ടോ നോക്കിയിട്ടാണ് കാട്ടിലെ കടുവകളുടെ എണ്ണം കണക്കാക്കുന്നത്. നമ്മുടെ വിരലടയാളം പോലെ കടുവകളുടെ ശരീരത്തിലെ വരകളും വ്യത്യസ്തമാണ്. ഇതു നോക്കിയാൽ കടുവകളുടെ കണക്കെടുപ്പ് കൃത്യമാക്കാം.

അടുത്തദിവസം രാവിലെ ഞങ്ങൾ പക്ഷിനിരീക്ഷണത്തിനായി പുറപ്പെട്ടു. കാട്ടിനുള്ളിലൂടെ കുറെദൂരം നടന്നു. ഓരോന്നും വിശദീകരിച്ചു തരാൻ വനംവകുപ്പിലെ ഒരു മാമനും കൂടെ ഉണ്ടായിരുന്നു. കോഴിവേഴാമ്പൽ, തീക്കാക്ക, കാട്ടുതത്ത തുടങ്ങി കുറച്ചു പക്ഷികളെ കണ്ടു. ചോരക്കാലി എന്ന മരത്തിൽ പുലിമാന്തിയ പാടു കാണിച്ചു തന്നു. ഇങ്ങനെ മരങ്ങളിൽ അടയാളമുണ്ടാക്കിയാണത്രെ പുലിയും കടുവയുമെല്ലാം തങ്ങളുടെ പ്രദേശങ്ങൾ അടയാളപ്പെടുത്തുന്നത്. അഞ്ചു മാസം മുമ്പ് മാന്തിയ പാടാണിതത്രേ. മുമ്പു കാടു സന്ദർശിക്കാൻ വന്നവർ ഉപേക്ഷിച്ചു പോയ പ്ലാസ്റ്റിക്കു കുപ്പികളും കവറുകളും ആ മാമൻ പെറുക്കിയെടുക്കുന്നതു കണ്ടപ്പോൾ ഞങ്ങളും അദ്ദേഹത്തെ സഹായിച്ചു. അതെല്ലാം അദ്ദേഹം ഒരിടത്തു കൂട്ടിയിട്ടു. അതു പിന്നീടു വണ്ടിയിൽ കയറ്റികൊണ്ടു പോകുമെന്നു പറഞ്ഞു.

പിന്നീട് കുമളിയിലെ പെരിയാർ നേച്ചർ ഇന്റർപ്രെട്ടേഷൻ സെന്ററിലേക്കായിരുന്നു യാത്ര. കാടിനെ നേരിട്ടറിയാനുള്ള ഒരു മ്യൂസിയമാണത്. ഉച്ചയോടെ ക്യാമ്പ് അവസാനിച്ചു. പ്രകൃതിയെ നേരിട്ടറിയാൻ മാത്രമല്ല മനസ്സിനെ ഉണർത്താനും ഈ ക്യാമ്പ് പ്രചോദനമായി.



## 'ഇളങ്കോ അടികൾ' പ്രകാശനം ചെയ്തു.



ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പുസ്തകം ഡോ. പൂയപ്പള്ളി തങ്കപ്പൻ രചിച്ച 'ഇളങ്കോ അടികൾ' കോട്ടയത്ത് മഹാത്മാഗാന്ധി യുണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ ബാബു സെബാസ്റ്റ്യൻ പ്രകാശനം ചെയ്തു. മുൻ എം എൽ എ വി എൻ വാസവൻ ആദ്യപ്രതി ഏറ്റുവാങ്ങുന്നു. ഡയറക്ടർ ഡോ. പോൾ മണലിൽ, തേക്കിൻകാട് ജോസഫ് എന്നിവർ സമീപം.

Printed and Published by **Dr. Paul Manalil** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typeset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# സർഗവസന്തം 2016

## അവധിക്കാല സഹവാസക്യാമ്പുകൾ

കുട്ടികളുടെ സർഗവാസനകൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഏപ്രിൽ - മേയ് മാസങ്ങളിലായി അഞ്ചു ജില്ലകളിൽ സംഘടിപ്പിച്ച സർഗവസന്തം 2016 അവധിക്കാലക്യാമ്പുകൾ സമാപിച്ചു. ബാലസാഹിത്യ രചന, പ്രസംഗപരിശീലനം, നാടകം, പരിസ്ഥിതി എന്നീ വിഷയങ്ങളിലായിരുന്നു ക്യാമ്പുകൾ. മൂന്നു ദിവസം വീതമായിരുന്നു ഓരോ ക്യാമ്പും. കഥ, കവിത, വൈജ്ഞാനികരചന എന്നിവയിൽ പരിശീലനം നൽകിയ ബാലസാഹിത്യ രചനാ ക്യാമ്പ് ഏപ്രിൽ 15 മുതൽ 17 കോട്ടയത്താണു നടന്നത്. ഏപ്രിൽ 19 മുതൽ 21വരെ തിരുവനന്തപുരത്തായിരുന്നു പ്രസംഗപരിശീലന ക്യാമ്പ്. വനംവകുപ്പിന്റെ സഹകരണത്തോടെ ഏപ്രിൽ 23 മുതൽ 25 വരെ ഇടുക്കി ജില്ലയിലെ വള്ളക്കടവിലും മേയ് 7 മുതൽ 9വരെ പാലക്കാട് ജില്ലയിലെ സൈലന്റ്‌വാലിയിലും നടത്തിയ പരിസ്ഥിതിപഠന ക്യാമ്പ് ഏറെ ആവേശത്തോടെയാണ് കുട്ടികൾ സ്വീകരിച്ചത്. മേയ് 2 മുതൽ 4 വരെ ആലുവയിലായിരുന്നു നാടകക്യാമ്പ്. കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നും ഉള്ള കുട്ടികൾ ക്യാമ്പുകളിൽ പങ്കാളികളായി. 30 കുട്ടികൾക്കായിരുന്നു ഓരോ ക്യാമ്പിലും പ്രവേശനം.



കോട്ടയത്തു സാഹിത്യക്യാമ്പിൽ ജസ്റ്റീസ് കെ ടി തോമസ്, മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ്, എം ജി യൂണിവേഴ്സിറ്റി ജേർണലിസം വകുപ്പു മേധാവി പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. പോൾ മണലിൽ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എൻ ഹരി എന്നിവർ കുട്ടികളോടൊപ്പം.



പ്രസംഗപരിശീലന ക്യാമ്പ് ടി പി ശ്രീനിവാസൻ ഉദ്ഘാടനം ചെയ്യുന്നു.



വള്ളക്കടവിലെ പരിസ്ഥിതിക്യാമ്പ് കിഷൻ കുമാർ ഐ എഫ് എസ് ഉദ്ഘാടനം ചെയ്യുന്നു.



സൈലന്റ് വാലി ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾക്ക് വൈൽഡ് ലൈഫ് വാർഡൻ ശിൽപ വി കുമാർ ഐ എഫ് എസ് സർട്ടിഫിക്കറ്റുകൾ നൽകുന്നു.




നാടകക്യാമ്പിലെ കുട്ടികൾ മനുജോസിന്റെ നേതൃത്വത്തിൽ പരിശീലനത്തിൽ.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70
Regd KL/TV (N)/399/2015-2017

June2016
Published on 29-05-2016 Vol:22, Issue:6, ₹15

# ഇന്ററാക്ടീവ് പുസ്തകങ്ങൾ

## ഇനി കളിക്കാനും ചിന്തിക്കാനും കൂട്ടുകൂടാനും പുസ്തകങ്ങൾ

- കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്നു –
- മലയാളത്തിൽ ആദ്യമായി ഇന്ററാക്ടീവ് പുസ്തകങ്ങൾ
- പ്രൈമറി കുട്ടികൾക്കുള്ള ഉപഹാരം













